# ശിഷ്യത്വം പ്രായോഗികതലത്തിൽ

JEEVAMOHI PUBLICATION
Kumaranallor P. O.
Kottayam - 686 016
Tel. 9481 - 2392753

സാക് പുന്നൻ

പ്രസിദ്ധീകരണം:

**ജീവമൊഴി പബ്ലിക്കേഷൻസ്**
**യു. സി. കോളേജ് പി. ഓ.**
**ആലുവാ – 683102, കേരളം**

Sishyathwam Prayogikathalathil
Practical Discipleship (Malayalam)
Zac Poonen © 1977

ഗ്രന്ഥകർത്താവിന്റെ രേഖാമൂലമായ അനുവാദം കൂടാതെ ഈ പുസ്തകം പുനർമുദ്രണം ചെയ്യുവാനോ വിവർത്തനം ചെയ്യുവാനോ പാടുള്ളതല്ല.

വിവർത്തനം: വർഗീസ് ഇട്ടിയവിരാ
കൂടുതൽ വിവരങ്ങൾക്കു എഴുതുക:

Zac Poonen, 16 Da Costa Square
, Bangalore 560084, India

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| | ഈ പുസ്തകവും നിങ്ങളും | 4 |
| | അധ്യായം | |
| 1 | ശിഷ്യത്വമോ അതോ മാനസാന്തരമോ? | 5 |
| 2 | ശിഷ്യത്വവും ഭവനവും | 19 |
| 3 | ശിഷ്യത്വവും സാമ്പത്തികകാര്യങ്ങളും | 37 |
| 4 | ശിഷ്യത്വവും സഭാബന്ധവും | 59 |

## ഈ പുസ്തകവും നിങ്ങളും

ക്രിസ്തീയ സുവിശേഷം പ്രസംഗിക്കുന്നവർ ശിഷ്യത്വത്തിന്റെ സന്ദേശം അറിയുക്കുവാൻ മടി കാണിക്കുന്നത് എന്തുകൊണ്ടാണ്? തങ്ങളുടെ സഭകളിലെ അംഗസംഖ്യ ചോർന്നുപോകുമെന്ന ഭയമാണ് അതിന്റെ പിന്നിലുള്ളത്. എന്നാൽ തങ്ങൾ ഈ സന്ദേശം പ്രഖ്യാപിക്കുന്നപക്ഷം തങ്ങളുടെ സഭകൾക്കു ഗുണവിഷയകമായി ലഭിക്കാവുന്ന ഔന്നത്യം അവർ പരിഗണിക്കുന്നില്ല.

യേശുക്രിസ്തു ജനസമൂഹത്തോട് ശിഷ്യത്വം പ്രസംഗിച്ച സമയത്ത് ആ സമൂഹത്തിന്റെ സംഖ്യ വെറും പതിനൊന്നു ശിഷ്യന്മാർ മാത്രമായിത്തീരുകയാണുണ്ടായത്. മറ്റുള്ളവർ ഇതൊരു കഠിനമാർഗ്ഗമെന്നു കരുതി അവിടുത്തെ വിട്ടുപോയി. എന്നാൽ തന്നോടു പറ്റിനിന്ന ഈ പതിനൊന്നു ശിഷ്യന്മാരിലൂടെയാണ് ലോകത്തിന്റെ തന്റെ ലക്ഷ്യങ്ങൾ കർത്താവു നേടിയെടുത്തത്.

അപ്പോസ്തലന്മാർ അന്ന് ആരംഭിച്ച അതേ ശുശ്രൂഷ നിറവേറ്റുവനാണ് ഇന്നു ലോകത്തിൽ ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നത്. ഇതെങ്ങനെ ചെയ്‌വാൻ കഴിയുമെന്നു മനസ്സിലാക്കുവാൻ വേണ്ടി ഈ പുസ്തകം വായിക്കുക.

# അധ്യായം ഒന്ന്
# ശിഷ്യത്വമോ അതോ മാനസാന്തരമോ?

ഒരു വിഷയത്തെ സംബന്ധിച്ച ഒരു വേദഭാഗത്തിൽ മാത്രം ശ്രദ്ധിക്കുകയും അതേ വിഷയത്തെ സംബന്ധിക്കുന്ന മറ്റു വേദഭാഗങ്ങൾ പരിഗണിക്കാതിരിക്കുകയും ചെയ്യുന്നത് വിശ്വാസികളുടെ ഇടയിൽ സാധാരണ കാണുന്ന ഒരു തെറ്റാണ്.

“ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു” എന്ന് ഒരു വേദവാക്യമുദ്ധരിച്ചുകൊണ്ട് സാത്താൻ നമ്മുടെ കർത്താവിനെ പരീക്ഷിക്കുകയുണ്ടായി. (മത്തായി: 4:6) എന്നാൽ “ഇങ്ങനെയും കൂടെ എഴുതപ്പെട്ടിരിക്കുന്നു”വെന്ന മറുപടിയിലൂടെ കർത്താവ് ആ പരീക്ഷയെ തിരസ്ക്കരിക്കുകയാണ് ചെയ്തത്. (മത്തായി: 4:7) ഒരു വേദഭാഗത്തെ മറ്റൊന്നിനോടു താരതമ്യപ്പെടുത്തി മനസ്സിലാക്കുമ്പോൾ - അതായത് “ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു”വെന്നതിനെ “ഇപ്രകാരം കൂടെ എഴുതപ്പെട്ടിരിക്കുന്നു”വെന്നതിനോടു ചേർത്തു വായിക്കുമ്പോൾ മാത്രമേ - ദൈവത്തിന്റെ മുഴുവൻ ആലോചനയും ഗ്രഹിക്കുവാൻ നമുക്കു സാധ്യമാകയുള്ളൂ.

തന്റെ ശിഷ്യന്മാർ ഏറ്റെടുക്കേണ്ട മഹാദൗത്യത്തെപ്പറ്റി കർത്താവ് അവർക്കു നൽകിയ അന്തിമസന്ദേശത്തെക്കുറിച്ചുതന്നെ ആലോചിക്കുക.

യേശു തന്റെ ശിഷ്യന്മാരോട്: “നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ” എന്നു കല്പിച്ചു (മർക്കൊ: 16:15). “ആകയാൽ നിങ്ങൾ പുറപ്പെട്ട്... സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്നുംകൂടി യേശു കല്പിച്ചിട്ടുണ്ട്. (മത്താ: 28:19,20) ഒരു മഹാനിയോഗത്തിന്റെ രണ്ടു ഭാഗങ്ങളാണ് ഈ രണ്ടു കല്പനകളും. ഈ രണ്ടു ഭാഗങ്ങളെയും പറ്റി സശ്രദ്ധം ചിന്തിക്കുകയും അവയെ അനുസരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ദൈവത്തിന്റെ സമ്പൂർണ്ണഹിതം നിറവേറ്റുവാൻ നമുക്കു സാധിക്കുകയുള്ളു.

**സുവിശേഷപ്രവർത്തനം**

ഇതിന്റെ ഒന്നാമത്തെ പടി നാം പുറപ്പെട്ടു സകലരോടും സുവിശേഷം പ്രസംഗിക്കുക എന്നതാണ്. (മർക്കൊസ്: 16:15) ഈ കല്പന വിശ്വാസിയായ ഒറ്റ വ്യക്തിക്കല്ല, പിന്നെയോ ക്രിസ്തുവിന്റെ മുഴുശരീരത്തിനുമാണ് നൽകപ്പെട്ടിട്ടുള്ളത്. ഏതെങ്കിലും ഒരു സൃഷ്ടിക്ക് അല്ലെങ്കിൽ ഒരു പ്രാദേശികസഭയ്ക്ക് ലോകമെങ്ങുമുള്ള സകലമനുഷ്യരോടും സുവിശേഷം പ്രസംഗിക്കുവാൻ മാനുഷികമായി അസാധ്യമാണ്. ഈ യത്നത്തിൽ നാമോരോർത്തർക്കും ഒരു ചെറിയ പങ്കുവഹിക്കാൻ മാത്രമേ പരമാവധി സാധ്യമാവുകയുള്ളു.

എങ്കിലും ആ പങ്ക്, അതെത്ര ചെറുതായിരുന്നാലും, നാം നിർവഹിക്കുക തന്നെ വേണം. ഇവിടെയാണ് അപ്പോസ്തലപ്രവൃത്തികൾ 1:8-ാം വാക്യം നമ്മുടെ ചിന്തയ്ക്കു വിഷയമാവുന്നത്. ഒരു വിശ്വാസി ക്രിസ്തുവിന്റെ ഒരു സഫലസാക്ഷിയായിത്തീരണമെങ്കിൽ പരിശുദ്ധാത്മാവ് അയാളുടെ മേൽ വരികയും അയാളെ ശക്തീകരിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. എല്ലാവരും സുവിശേഷകന്മാരായി വിളിക്കപ്പെട്ടവരല്ലല്ലെന്ന കാര്യം നാം സൂക്ഷിച്ചു മനസ്സിലാക്കുക. എന്തെന്നാൽ എഫെസ്യർ: 4:11 വ്യക്തമാക്കുന്നതനുസരിച്ച് സഭയ്ക്ക് ചിലരെ മാത്രമേ സുവിശേഷകന്മാരായി ക്രിസ്തു നൽകിയിട്ടുള്ളു. എങ്കിലും എല്ലാവരും സാക്ഷികളാകുവാൻ വിളിക്കപ്പെട്ടവരാണ്.

ഒരു സുവിശേഷകന് ഒരു സാക്ഷിക്കുള്ളതിനെക്കാൾ വ്യാപകമായ ഒരു പ്രവർത്തനമണ്ഡലമുണ്ട്. ഒരു

സാക്ഷിക്ക് അയാൾ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വൃത്തത്തിൽ മാത്രമേ ക്രിസ്തുവിനെ അറിയിക്കേണ്ട കടമയുള്ളൂ. തന്റെ കുടുംബാംഗങ്ങളോടും അയൽക്കാരോടും ജോലിസ്ഥലത്തുള്ള സഹപ്രവർത്തകരോടും ദിനംപ്രതി താൻ ഇടപെടുന്ന മിക്കവരോടും യാത്രയിലൽ താൻ കണ്ടുമുട്ടുന്നവരോടും ക്രിസ്തുവിനെ അറിയിക്കുവാൻ അയാൾ ബാധ്യസ്ഥനാണ്. ഇവിടെയാണ് നമ്മുടെ ലൗകികമായ ജീവിതവൃത്തി എന്തായിരുന്നാലും നമുക്കെല്ലാം സാക്ഷികളാകുവാൻ സാധിക്കുന്നത്.

എന്നാൽ ക്രിസ്തു തന്റെ സഭയ്ക്ക് സുവിശേഷകന്മാരെ നൽകിയിട്ടുണ്ട്. നഷ്ടമായിപ്പോയ മനുഷ്യവ്യക്തികളെ സമീപിക്കേണ്ട അധികം വ്യാപകമായ ഒരു ശുശ്രൂഷ ഇക്കൂട്ടർക്കുണ്ട്. എങ്കിലും സുവിശേഷകന്റെ കർത്തവ്യം നാം സാധാരണ കേൾക്കാറുള്ളതുപോലെ "ആത്മാക്കളെ നേടുക"യോ ആളുകളെ ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുകയോ മാത്രമല്ല. എഫെസ്യർ: 4:11, 12 വാക്യങ്ങൾ വ്യക്തമാക്കുന്നതുപോലെ ക്രിസ്തുവിന്റെ ശരീരത്തെ പണിതുയർത്തുകയാണ് അദ്ദേഹത്തിന്റെയും കടമ. ഇന്നത്തെ സുവിശേഷയത്നങ്ങൾ ഏറിയകൂറും ക്രിസ്തുവിന്റെ ശരീരം പണിതുയർത്തുന്നതുമായി ബന്ധപ്പെട്ടതല്ല; പിന്നെയോ, വ്യക്തികളായ ചില ആത്മാക്കളെ രക്ഷിക്കുക മാത്രമാണ്. അപ്രകാരം രക്ഷിച്ചശേഷം ഈ വ്യക്തികളെ താന്താങ്ങളുടെ മരിച്ച സഭകളിലേക്കു തിരിച്ചയയ്ക്കുകയാണ് അവർ ചെയ്യുന്നത്. അവിടെ അവർ വീണ്ടും നഷ്ടപ്പെട്ട ആത്മാക്കളായി മാറുന്നു. ഇനി ഏറിവന്നാൽ ഒരുതരം മന്ദോഷ്ണ വിശ്വാസികളായി മാത്രം അവർ തീർന്നെന്നു വരാം. അങ്ങനെയുള്ളവരെ കർത്താവ് ഉമിണ്ണുകളയാനുള്ള സാധ്യതയാണ് നാം മുന്നിൽ കാണുന്നത് (വെളി. 3:16).

രണ്ടുവിധമായാലും അവർ ക്രിസ്തുവിന്റെ ശരീരത്തോടു ചേർത്തുപണിയപ്പെടുന്നില്ല. അതിനാൽ സാത്താന്റെ ലക്ഷ്യങ്ങൾ മാത്രമേ ഇത്തരം സുവിശേഷപ്രവർത്തനത്തിലൂടെ സാധിതമാകുന്നുള്ളൂ. എന്തെന്നാൽ, മത്താ: 23:15 ൽ പറയുന്നതുപോലെ അയാൾ ഇരട്ടി നരകയോഗ്യനാകുവാനാണ് ഇടയാകുന്നത്. അയാൾ നേരത്തെതന്നെ നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നുവെന്നത് ഒരു കാര്യം. ഇപ്പോൾ നഷ്ടാവസ്ഥയിലായിരിക്കെത്തന്നെ രക്ഷയിലെത്തിയതായി ഒരു സുവിശേഷകൻ അയാളെ തെറ്റിദ്ധരിപ്പിക്കുന്നുവെന്നത് രണ്ടാമത്തെ കാര്യവും. ഇത്തരം സുവിശേഷപ്രവർത്തനത്തിലൂടെ സാധിക്കുന്ന ഏകകാര്യം സുവിശേഷകന്റെ സ്വന്തസാമ്രാജ്യം വിസ്തൃതമാകുന്നുവെന്നതു മാത്രമാണ്. ഈ സുവിശേഷ യത്നത്തിനു പ്രേരകമായിത്തത്തീരുന്നതെന്താണ്? പണം സമ്പാദിക്കുവാനോ മനുഷ്യരുടെ മാനം നേടുവാനോ രണ്ടിനുമോ ഉള്ള സുവിശേഷകന്റെ ദുരാഗ്രഹം മാത്രം!!

മനുഷ്യരെപ്പിടിക്കുന്നവരെന്ന് കർത്താവായ യേശു സുവിശേഷകന്മാരെ വിളിച്ചിട്ടുണ്ട്. എന്നാൽ മാനസാന്തരപ്പെടാത്ത 'ക്രിസ്തീയ'നേതാക്കളുടെയോ സമൂഹങ്ങളുടെയോ സഹകരണത്തോടും വോട്ടുപിടുത്തക്കാരായ രാഷ്ട്രീയക്കാരുടെ പ്രോത്സാഹനത്തോടുംകൂടെ നടത്തപ്പെടുന്ന സുവിശേഷപ്രവർത്തനം ധാരാളം തുളകളുള്ള ഒരു വലയിലൂടെ മീൻപിടുത്തം നടത്തുന്നതിനു തുല്യമാണ്. യേശു തന്റെ സുവിശേഷയോഗങ്ങൾ ഉദ്ഘാടനം ചെയ്യുവാനായി തന്നോടൊപ്പം പ്ലാറ്റ്ഫോമിൽ ഇരിക്കുവാൻ അന്നാസിനെയോ കയ്യഫാവിനെയോ ഹെരോദോവിനെയോ പീലാത്തോസിനെയോ ക്ഷണിക്കുമായിരുന്നുവെന്ന് സങ്കല്പിക്കുവാൻ പോലും നമുക്കു സാധ്യമല്ല, മാനസാന്തരാനുഭവമില്ലാത്ത ഈ നേതാക്കന്മാരെ പ്രശംസിക്കുകയുംകൂടി ചെയ്യുന്നുണ്ട്.

ഇതു മാത്രമല്ല, ഇത്തരം വലകൾ ഉപയോഗിച്ച് പിടിച്ചെടുക്കപ്പെടുന്ന മത്സ്യം ചത്ത സഭാവിഭാഗങ്ങളാകുന്ന കടലിലേക്കുതന്നെ വീണ്ടും പോകുവാനിടയാകുക കൂടെച്ചെയ്യുന്നുണ്ട്. അടുത്ത സുവിശേഷ പരിപാടിയുടെ സമയത്ത് ഇവയെ വീണ്ടും പിടിക്കുകയും പഴയപടി സമുദ്രത്തിലേക്കുതന്നെ പിന്നെയും അവ പോകുവാനിടയാകുകയും ചെയ്യുന്നു. വിവിധസഭാവിഭാഗങ്ങൾ ചേർന്നു നടത്തുന്ന സുവിശേഷയോഗങ്ങളിൽ ഈ പരിപാടി വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്നു. ഓരോ പരിപാടിയുടെയും സമയത്ത് ഉയർത്തപ്പെടുന്ന കൈകളുടെ എണ്ണമെടുക്കുകയും നിശ്ചയകാർഡുകൾ ഒപ്പിട്ടു വാങ്ങുകയുമെല്ലാം ചെയ്യുന്നുണ്ടാവും. ഇത്തരം സുവിശേഷ യത്നം സ്വർഗ്ഗത്തിലെ ഭൂതന്മാർക്കല്ല, സാത്താന്റെ കിങ്കരസമൂഹത്തിനാണ് സന്തോഷം നൽകുന്നത്. കാരണം, ഇരട്ടി നരകയോഗ്യരാകുന്നവരെക്കുറിച്ച് ദൈവദൂതന്മാർക്ക് എങ്ങനെ സന്തോഷിപ്പാൻ കഴിയും? ഇന്നത്തെ സുവിശേഷയോഗങ്ങളിലൂടെ ശേഖരിക്കപ്പെടുന്ന സ്ഥിതിവിവരക്കണക്കുകൾ തികച്ചും വഞ്ചനാത്മകമാണ്.

യേശു പാപങ്ങൾ ക്ഷമിക്കുന്നു, രോഗികളെ സൗഖ്യമാക്കുന്നുവെന്ന സന്ദേശം പ്രസംഗിക്കുന്നതോടൊപ്പം അടയാളങ്ങളും അദ്ഭുതങ്ങളും നടക്കുന്നുവെന്നിരുന്നാൽ തന്നെയും അത്തരം സുവിശേഷപ്രവർത്തനം മുഖേന എത്രപേർ ശിഷ്യരായിത്തീരുകയും ക്രിസ്തുവിന്റെ ശരീരത്തോട് ചേർത്തു പണിയപ്പെടുകയും ചെയ്യുന്നുവെന്ന പ്രശ്നം പിന്നെയും അവശേഷിക്കുന്നു.

നമ്മുടെ കർത്താവിന്റെ അപ്പോസ്തലന്മാർ ഒരിക്കലും ഇത്തരം സുവിശേഷയത്നങ്ങളിൽ ഏർപ്പെട്ടിരുന്നില്ല. അവർ മാനസാന്തരപ്പെട്ടവരെ ശിഷ്യരാക്കിത്തീർക്കുവാനും ആത്മീയമായി പണിയപ്പപ്പെടുവാനും വേണ്ടി അതാതിടങ്ങളിലുള്ള പ്രാദേശികസഭകളിലേക്കു നയിക്കുകയാണ് ചെയ്തുപോന്നത്.

എഫെസ്യർ: 4:11-ൽ വിവരിച്ചിട്ടുള്ള അഞ്ചു ശുശ്രൂഷകൾ അപ്പോസ്തലന്മാർ, പ്രവാചകന്മാർ, ഇടയന്മാർ, സുവിശേഷകന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിവരുടെ ശുശ്രൂഷകളാണ്. 1 കൊരിന്ത്യർ: 12:28-ൽ ഇവയെ മുൻഗണനാ ക്രമത്തിൽ ചേർത്തിട്ടുള്ളതായി നാം കാണുന്നു. ആ ഭാഗം നോക്കുക. "ദൈവം സഭയിൽ ഒന്നാമത് അപ്പോസ്തലന്മാർ, രണ്ടാമത് പ്രവാചകന്മാർ, മൂന്നാമത് ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിക്കയും പിന്നെ രോഗശാന്തികളുടെ വരം, സഹായം ചെയ്‌വാനുള്ള വരം, പരിപാലനവരം... എന്നിവ പുതിയനിയമകാലത്തെ എല്ലാ സുവിശേഷകന്മാർക്കും രോഗശാന്തിവരം ഉണ്ടായിരുന്നു. പരിപാലനവരം എന്നത്

ഇടയന്മാരെയും (പാസ്റ്റർമാർ) കുറിക്കുന്നു.

ഇതനുസരിച്ച് ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുന്ന പ്രവർത്തനത്തിൽ സുവിശേഷകന്മാരെ അപേക്ഷിച്ച് അപ്പോസ്തലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിവരുടെ ശുശ്രൂഷകൾ അധികം പ്രാധാന്യംമർഹിക്കുന്നതായി ഈ ഭാഗം വ്യക്തമാക്കുന്നു. അപ്പോസ്തലൻ, പ്രവാചകൻ, ഉപദേഷ്ടാവ് എന്നീ ശുശ്രൂഷകൾക്കു വിധേയമായി ദൈവനിശ്ചിതമായ തന്റെ പ്രവർത്തനം നിർവഹിക്കുമ്പോഴാണ് ഒരു സുവിശേഷകന് തന്റെ യഥാർത്ഥമായ സ്ഥാനം കണ്ടെത്തുവാൻ കഴിയുന്നത്. അപ്പോൾ മാത്രമേ ക്രിസ്തുവിന്റെ ശരീരം പണിതുയർത്തുന്നതിൽ അയാളുടെ ശുശ്രൂഷ പ്രയോജനം നൽകുന്നുള്ളൂ. ഇവിടെയാണ് ഇരുപതാംനൂറ്റാണ്ടിലെ സുവിശേഷപ്രവർത്തനം ദൈവവചനത്തിൽ നിന്നകന്നുപോയിട്ടുള്ളത്.

## ശിഷ്യരെ ഉണ്ടാക്കുക (Making Disciples)

നമ്മുടെ കർത്താവിന്റെ മഹാനിയോഗത്തിന്റെ രണ്ടാം ഭാഗം സകലജാതികളിൽ നിന്നും ശിഷ്യന്മാരെ ഉണ്ടാക്കിക്കൊൾവിൻ എന്നതാണ് (മത്തായി: 28:19,20). ഈ നിയോഗത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ മാത്രമേ സുവിശേഷപ്രവർത്തനത്തിന്റെ ലക്ഷ്യം പൂർണ്ണമായി മനസ്സിലാക്കുവാൻ നമുക്കു സാധ്യമാവുകയുള്ളൂ. മാനസാന്തരം പ്രാപിക്കാത്തവരെപ്പറ്റിയുള്ള ദൈവിക പദ്ധതി പൂർണ്ണമായും നിറവേറ്റുന്നത് ഈ വിധത്തിലാണ്.

മാനസാന്തരപ്പെട്ട വ്യക്തിയെ ഒരു ശിഷ്യനാക്കിത്തീർക്കേണ്ടതാണ് ആവശ്യം.

ദൗർഭാഗ്യവശാൽ മാനസാന്തരപ്പട്ടവനെന്നറിയപ്പെടുന്ന വ്യക്തി തന്നെയും ഇന്ന് യഥാർത്ഥമാനസാന്തരം സംഭവിച്ച ഒരുവനായിരിക്കുന്നില്ല. കാരണം, പലരുടെയും കാര്യത്തിൽ അവർക്ക് വേണ്ടതുപോലെയുള്ള ഒരു മാനസാന്തരം ഉണ്ടാവുന്നില്ല. സുവിശേഷയോഗത്തിൽ അയാളോട് താൻ യേശുവിൽ വിശ്വസിക്കണമെന്നു മാത്രമായിരിക്കും പ്രബോധിപ്പിച്ചിട്ടുള്ളത്. പാപങ്ങളെക്കുറിച്ച് അനുതപിക്കുന്നതിനെപ്പറ്റിയോ സക്കായി ചെയ്തതുപോലെയുള്ള പരിഹാരകർമ്മങ്ങളെക്കുറിച്ചോ അയാൾക്കു പ്രബോധനം ലഭിച്ചിരിക്കയില്ല. ഇപ്രകാരമുള്ള ആളുകൾ തങ്ങളുടെ പാപങ്ങളെ ഉപേക്ഷിക്കുവാനായിട്ടല്ല, പിന്നെയോ യേശുവിൽനിന്ന് അനുഗ്രഹവും സൗഖ്യവും പ്രാപിക്കുവാനായിട്ടാണ് അവിടുത്തെ അടുക്കൽ വരുന്നത്. ഇപ്രകാരം മാനസാന്തരം വന്നവരെന്നു കരുതപ്പെടുന്നവരിൽ ഭൂരിപക്ഷവും മാസം തികയുന്നതിനുമുമ്പ് സ്ഥിതി വിവരക്കളക്കുകൾക്കുവേണ്ടി അക്ഷമരായ സൂതികർമ്മിണികളാൽ മാതൃഗർഭത്തിൽ നിന്നു വലിച്ചെടുക്കപ്പെട്ട ശിശുക്കളെപ്പോലെയാണ്. മാസം തികയാത്ത ഇത്തരം കുട്ടികൾ സാധാരഗതിയിൽ വളരെവേഗം മൃതിയടയുന്നു. അല്ലാത്തപക്ഷം തങ്ങളുടെ പാസ്റ്റർമാർക്ക് അനവധി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് ജീവിതകാലം മുഴുവൻ പ്രശ്നസന്തതികളായി അവശേഷിച്ചെന്നും വരാം. ഇത്തരം ആളുകളെ നമുക്കു പിന്മാറ്റക്കാരെന്നു വിളിക്കുവാൻ സാധ്യമല്ല. എന്തെന്നാൽ ഒന്നാമത് അവർ എപ്പോഴെങ്കിലും മുന്നോട്ടു വന്നിട്ടുള്ളവരല്ല!!! മാനസാന്തരപ്പെടുന്ന ഒരു പാപിയെ ച്ചൊല്ലി ദൈവദൂതന്മാർക്കിടയിൽ സന്തോഷം ഉണ്ടാകുമെന്നാണ് യേശു പറഞ്ഞിട്ടുള്ളത്. മാനസാന്തരപ്പെടാതെ വിശ്വസിക്കുക മാത്രം ചെയ്തവരെപ്പറ്റിയല്ല ആ പ്രസ്താവന (ലൂക്കോസ്: 15:7,10).

സക്കായി മുൻകാലത്തു ചെയ്തിരുന്ന എല്ലാ സാമ്പത്തികതെറ്റുകൾക്കും പ്രായശ്ചിത്തം ചെയ്യുമെന്ന് അയാൾ വാഗ്ദാനം ചെയ്തപ്പോൾ മാത്രമാണ് "ഈ വീടിനു രക്ഷ വന്നു" എന്ന് യേശു പ്രസ്താവിച്ചത്. അതിനുമുമ്പ് അവിടുന്ന് അപ്രകാരം പ്രസ്താവിച്ചില്ല (ലൂക്കോസ്: 19:9). ദൗർഭാഗ്യവശാൽ ഇന്നത്തെ സുവിശേഷകന്മാർ പ്രായശ്ചിത്തത്തിന്റെ യാതൊരു സൂചനയും ഉണ്ടാകുന്നതിനു മുമ്പുതന്നെ "രക്ഷ വന്നു"വെന്നു പ്രഖ്യാപിക്കുന്നവരാണ്!

എന്നാൽ സമ്പൂർണ്ണമായൊരു പശ്ചാത്താപം സംഭവിക്കയും ഒരു വ്യക്തി യഥാർത്ഥമായി മാനസാന്തരപ്പെടുകയും ചെയ്യുന്ന അവസരങ്ങളിൽപ്പോലും ആ വ്യക്തിയെ സംബന്ധിച്ച ദൈവഹിതം നിറവേറണമെങ്കിൽ അയാൾ ശിഷ്യത്വത്തിലേക്കു നടത്തപ്പെടേണ്ടതാവശ്യമാണ്. ശിഷത്വത്തിലേക്കു നയിക്കാത്ത സുവിശേഷപ്രയത്നം അപൂർണ്ണമായ ഒരു പ്രവർത്തനം മാത്രമാണ്.

മാനസാന്തരപ്പെട്ട ആളുകളെ ശിഷ്യത്വത്തിലേക്കു നയിക്കുവാൻ കഴിയുന്നവരോടു ചേർന്നു പ്രവർത്തിക്കുന്നതിൽ നിന്ന് സുവിശേഷകനെ തടയുന്നത് പലപ്പോഴും അദ്ദേഹത്തിന്റെ സ്വന്തസാമ്രാജ്യം പടുത്തുയർത്തുവാനുള്ള ദുർമ്മോഹമാണ്. വിധിക്കരുത് എന്നു നമ്മോടു കർത്താവ് കല്പിച്ചിട്ടുള്ളതിനാൽ നമുക്ക് അത്തരം സുവിശേഷകരെ വിധിക്കാതിരിക്കാം. എങ്കിലും തങ്ങൾ മൂലം മാനസാന്തരത്തിലേക്കു വന്നവരെ ശിഷ്യരായിത്തീരുന്നതിൽ നിന്നും തടഞ്ഞ പ്രവൃത്തിക്ക് അന്തിമദിനത്തിൽ ഇത്തരം സുവിശേഷകന്മാർ കണക്കു ബോധിപ്പിക്കേണ്ടിവരും.

ആളുകളെ മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കുക എന്ന പ്രഥമപടിയെ തുടർന്ന് മർക്കോസ്; 16:16-ൽ കർത്താവ് പ്രസ്താവിച്ചിട്ടുള്ളതുപോലെയും പെന്തക്കോസ്തുനാളിൽ പത്രോസ് പ്രസംഗിച്ചതുപോലെയും (അപ്പോ: പ്ര: 2:38) ജലസ്നാനം അവർക്കു നൽകപ്പടേണ്ടതാണ്. മത്തായി: 28:19, 20 വാക്യങ്ങളും ജലസ്നാനത്തിന്റെ ആവശ്യകതയെ ഊന്നിപ്പറയുന്നുണ്ട്. അതിനാൽ വീണ്ടും ജനനം പ്രാപിച്ചവർക്കുണ്ടാകേണ്ട അടുത്ത കാൽവായ്പ് ഇതാണ്.

ഇവയ്ക്കുശേഷം ആ വ്യക്തി ഒരു ശിഷ്യനെന്ന നിലയിൽ പ്രതിദിന ജീവിതത്തിൽ കർത്താവിനെ അനുഗമിക്കേണ്ടതത്രേ.

### ശിഷ്യത്വത്തിന്റെ വ്യവസ്ഥകൾ

ലൂക്കോസ്: 14:25 മുതൽ 35 വരെയുള്ള വാക്യങ്ങളിൽ ശിഷ്യത്വത്തിന്റെ വ്യവസ്ഥകൾ വളരെ വ്യക്ത

മായി പ്രതിപാദിച്ചിട്ടുണ്ട്.

അവിടെ ഒരു ഗോപുരം പണിയുവാൻ പണമില്ലാത്തതുമൂലം അതു പൂർത്തിയാക്കുവാൻ കഴിയാതെ പോയ ഒരു മനുഷ്യന്റെ ദൃഷ്ടാന്തം യേശു എടുത്തു കാണച്ചിട്ടുണ്ട് (വാക്യം: 28-30) ഒരു ശിഷ്യനാകുവാൻ നാം ഒരു വില കൊടുക്കേണ്ടതുണ്ടെന്ന് ഇത് തെളിയിക്കുന്നു. പണിയുവാനാരംഭിക്കുന്നതിനു മുമ്പു തന്നെ ഇരുന്ന് അതിന്റെ വില കണക്കാക്കി നോക്കുവാൻ യേശു നമ്മോടാവശ്യപ്പെടുന്നു.

നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ട ശേഷം ശിഷ്യത്വത്തിന്റെ വിലയെന്തെന്നു മനസ്സിലാക്കുവാൻ വളരെ വർഷങ്ങൾ നാം കാത്തിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. ആളുകൾ തന്റെ അടുക്കൽ വന്ന ഉടൻതന്നെ ശിഷ്യത്വത്തിന്റെ വിലയെപ്പറ്റി കർത്താവ് അവരോട് പറയുകയുണ്ടായി. ഒരു ശിഷ്യനാകുവാൻ മനസ്സിലാത്ത ഒരു വൻ ഉപ്പുരസം നഷ്ടപ്പെട്ടുപോയ ഉപ്പുപോലെ പ്രയോജനശൂന്യനാണെന്നും കർത്താവ് പറഞ്ഞു. (ലൂക്കോസ്: 14:35).

മാനസാന്തരപ്പെട്ട ഒരുവൻ ഒരു ശിഷ്യനാകണമെങ്കിൽ ആദ്യം തന്നെ കർത്താവിനെ പിന്തുടരുന്നതിൽ നിന്ന് അവനെ തടയുന്ന സ്വജനങ്ങളോടുള്ള അടുപ്പം അവൻ വിച്ഛേദിക്കേണ്ടതാണ്. (ലൂക്കോസ്: 14:26) രണ്ടാമത് തന്നെത്താൻ ത്യജിക്കുവാനും തന്റെ അഹന്താജീവിതത്തെ മരപ്പിക്കുവാനും അവൻ സന്നദ്ധനാകണം (ലൂക്കോ: 14:27). മൂന്നാമത്, ഭൗതിക സമ്പത്തുകളോടുള്ള തന്റെ സ്നേഹം അവൻ ഉപേക്ഷിക്കണം (ലൂക്കോസ്: 14:33) ഒരു ശിഷ്യനാകുവാൻ ആഗ്രഹിക്കുന്ന ഏതൊരാളും നിറവേറ്റണ്ട മുന്നുവ്യവസ്ഥകൾ ഇവയാണ്.

ശിഷ്യത്വത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ നാം നമ്മുടെ ബന്ധുജനങ്ങളോടുള്ള പ്രകൃതിസിദ്ധവും അയോഗ്യവുമായ സ്നേഹം പരിത്യജിക്കണം എന്നതത്രേ.

യേശു ഇപ്രകാരം പറഞ്ഞു: "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടെ പകക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല (ലൂക്കോസ്: 14:26).

ഇവ ശക്തമായ വാക്കുകൾ തന്നെ. പകയ്ക്കുക എന്നതിന്റെ അർത്ഥമെന്താണ്? പകയ്ക്കുക എന്നത് കൊല്ലുക എന്നതുതന്നെ (1 യോഹ: 3:15) ഇവിടെ നാം കൊല്ലേണ്ടത് നമ്മുടെ സ്വജനങ്ങളോടുള്ള നമുക്കുള്ള പ്രകൃതിസിദ്ധമായ പറ്റുമാനമാണ് (affection).

നാം അവരെ സ്നേഹിക്കരുതെന്ന് ഇതുകൊണ്ടർത്ഥമാകുന്നുണ്ടോ? തീർച്ചയായു ഈ വാക്കുകൾക്ക് ആ അർത്ഥമില്ല. അവരോടുള്ള മാനുഷികമായ പറ്റുമാനം (affection) നാം വെടിയുമ്പോൾ ദൈവം അതിനു പകരമായി ദിവ്യസ്നേഹം നമുക്കു നൽകും. അപ്പോൾ സ്വജനങ്ങളോടുള്ള നമ്മുടെ സ്നേഹം സംശുദ്ധമായിത്തീരും. അർത്ഥമിതാണ്: സ്വജനങ്ങളല്ല, ദൈവം തന്നെ എപ്പോഴും നമ്മുടെ സ്നേഹത്തിന്റെ ഒന്നാമത്തെ വിഷയമായിത്തീരും.

തങ്ങളുടെ പിതാവിനെയും മാതാവിനെയും ഭാര്യയെയും മറ്റും അപ്രീതാരാക്കുവാൻ ഭയപ്പെടുക മൂലം പലരും ദൈവത്തെ അനുസരിക്കുന്നില്ല. നമ്മുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം തനിക്കായിരിക്കണമെന്ന് കർത്താവ് ആവശ്യപ്പെടുന്നു. ആ സ്ഥാനം അവിടുത്തേക്കു നാം കൊടുക്കാത്തപക്ഷം നമുക്ക് അവിടുത്തെ ശിഷ്യരാകുവാൻ സാധ്യമല്ല. നമ്മുടെ ജീവിതത്തിൽ സകലത്തിനും അധീശൻ കർത്താവായിരിക്കണം. അല്ലാത്തപക്ഷം അവിടുന്ന് നമ്മുടെ അധീശനേ ആവുകയില്ല.

യേശു ഭൂമിയിലായിരുന്ന കാലത്ത് കാണിച്ചുതന്ന ദൃഷ്ടാന്തമോർക്കുക. വിധവയായ തന്റെ മാതാവിനെ താൻ സ്നേഹിച്ചിരുന്നുവെങ്കിലും ചെറിയ കാര്യങ്ങളിൽപ്പോലും പിതാവിന്റെ പരിപൂർണ്ണഹിതത്തിൽ നിന്നു തന്നെ അകറ്റുവാൻ ഒരിക്കലും അവിടുന്ന് അവരെ അനുവദിച്ചില്ല. കാനാവിലെ കല്യാണത്തിന്റെ സമയത്ത് തന്റെ മാതാവിന്റെ പ്രേരണയനുസരിച്ചു പ്രവർത്തിക്കുവാൻ അവിടുന്നു വിസമ്മതിച്ചതിൽ നാം ഇതിനുള്ള ഒരു ദൃഷ്ടാന്തം കാണുന്നു (യോഹ: 2:4).

നമ്മുടെ സഹോദരന്മാരെ ഏതുവിധമാണ് നാം വെറുക്കേണ്ടതെന്ന കാര്യവും യേശു നമ്മെ പഠിപ്പിച്ചു. ക്രൂശുമരണത്തിലേക്കു പോകുന്നതിൽ നിന്നു പത്രോസ് തന്നെ തടഞ്ഞപ്പോൾ അവിടുന്നു തിരിഞ്ഞു പത്രോസിനെ ശാസിച്ചു. ഏതെങ്കിലുമൊരു മനുഷ്യവ്യക്തിയോട് താൻ എന്നെങ്കിലും ഉച്ചരിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവുമധികം മൂർച്ചയുള്ള വാക്കുകളാണ് അവിടെ കർത്താവ് പത്രോസിനോടു പറഞ്ഞത്. "സാത്താനേ, എന്നെ വിട്ടുപോ. നീ എനിക്ക് ഇടർച്ചക്കല്ലാണ്" എന്നാണ് കർത്താവ് പറഞ്ഞത് (മത്തായി: 16:23). വളരെ മാനുഷികസ്നേഹത്തോടെയായിരുന്നു പത്രോസ് കർത്താവിനോട് ഒരഭിപ്രായം പറഞ്ഞത്. എന്നാൽ പത്രോസ് അഭിപ്രായപ്പെട്ട കാര്യം തന്റെ പിതാവിന്റെ ഹിതത്തിനു വിരുദ്ധമായിരുന്നതിനാൽ യേശു അവനെ ശാസിച്ചു.

യേശുവിന്റെ സ്നേഹബന്ധനങ്ങളിൽ സർവോന്നതമായ സ്ഥാനം പിതാവിനായിരുന്നു. നമുക്കും തന്റെ നേരേ അതേ മനോഭാവം ഉണ്ടായിരിക്കണമെന്ന് യേശു ആഗ്രഹിക്കുന്നു. തന്റെ ഉയിർത്തെഴുന്നേല്പിനു ശേഷം പത്രോസിനെ തന്റെ സഭയുടെ ഒരിടയനാക്കിത്തീർക്കുന്നതിനുമുമ്പ് അവിടുന്നു പത്രോസിനോട് ഭൂമിയിൽ സകലത്തിലുമധികം അദ്ദേഹം തന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു (യോഹ:21:15-17). കർത്താവിനെ എല്ലാറ്റിലുമധികം സ്നേഹിക്കുന്നവർക്കു മാത്രമേ സഭയിൽ അവിടുന്നു ചുമതലകൾ നൽകുന്നുള്ളു.

എഫെസോസിലെ സഭയുടെ നേതാവിന് കർത്താവിനോടുണ്ടായിരുന്ന ആദ്യസ്നേഹം നഷ്ടപ്പെട്ടുപോയതുമൂലം അയാൾ കർത്താവിനാൽ പുറന്തള്ളപ്പെടുവാനിടയുള്ള ഒരവസ്ഥയിലായിരുന്നു (വെളി: 2:1-5).

സങ്കീർത്തനക്കാരനെപ്പോലെ നമുക്കും "സ്വർഗ്ഗത്തിൽ നീയല്ലാതെ എനിക്ക് ആരുള്ളു? ഭൂമിയിലും നിന്നെ

യല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല" എന്നു പറയുവാൻ കഴിയുമെങ്കിൽ ശിഷ്യത്വത്തിന്റെ ആദ്യവ്യവസ്ഥ നാം നിറവേറ്റിയിരിക്കുന്നു (സങ്കീ: 73:25).

യേശു നമ്മിൽ നിന്നാവശ്യപ്പെടുന്നത് അവിടുത്തെപ്പറ്റി ആവേശജനകമായ ഭക്തിഗാനങ്ങൾ ആലപിക്കുന്ന ഒരു സ്നേഹമല്ല. ഒരിക്കലുമല്ല. നാം അവിടുത്തെ സ്നേഹിക്കുന്നുവെങ്കിൽ അവിടുത്തെ അനുസരിക്കുന്നവരായി നാം തീരും (യോഹ: 14:21).

ശിഷ്യത്വത്തിന്റെ രണ്ടാമത്തെ വ്യവസ്ഥ നമ്മുടെ സ്വയജീവിതത്തെ നാം വെറുക്കണം എന്നുള്ളതാണ്. "എന്റെ അടുക്കൽ വരികയും സ്വന്തജീവനെ പകയ്ക്കാതിരിക്കയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല" എന്നു കർത്താവു പറഞ്ഞിട്ടുണ്ട് (ലൂക്കോ: 14:26). ഈ കാര്യം കൂടുതൽ വിശദീകരിപ്പാനായി "തന്റെ ക്രൂശെടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല" എന്നും കൂടി കർത്താവ് തുടർന്നു പറഞ്ഞു (ലൂക്കോ: 14:27). യേശുവിന്റെ ഉപദേശങ്ങളിൽവച്ച് ഏറ്റവും കുറവായി മാത്രം ആളുകൾ മനസ്സിലാക്കിയിട്ടുള്ള ഒരു കാര്യമാണിത്.

ഒരു ശിഷ്യൻ "തന്നെത്താൻ ത്യജിച്ച് നാൾതോറും തന്റെ ക്രൂശ് എടുക്കണ"മെന്ന് യേശു പഠിപ്പിച്ചു (ലൂക്കോ: 14:26) എല്ലാ ദിവസവും ബൈബിൾ വായിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നതിനേക്കാൾ പ്രധാനമായിട്ടുള്ളതാണ് നാൾതോറും നാം നമ്മെത്തന്നെ ത്യജിച്ച് ക്രൂശെടുക്കണമെന്നത്. തന്നെത്താൻ ത്യജിക്കുക എന്നത് ആദാമിൽ നിന്നും നമുക്കു ജന്മസിദ്ധമായി ലഭിച്ചിട്ടുള്ള നമ്മുടെ സ്വന്തജീവനെ പകയ്ക്കുക തന്നെയാണ്. ക്രൂശെടുക്കുക എന്നതിന്റെ അർത്ഥവും ആ സ്വയജിവിതത്തെ മരണത്തിനേല്പിക്കുക എന്നതുതന്നെ. ആ ജീവനെ നാം മരിപ്പിക്കുന്നതിനുമുമ്പ് ആദ്യമായി അതിനെ നാം വെറുക്കേണ്ടതാണ്.

ക്രിസ്തുവിന്റെ ജീവന്റെ പ്രധാനശത്രു നമ്മുടെ സ്വയജീവൻ അഥവാ അഹന്തയാണ്. ബൈബിൾ ഇതിനെ ജഡം എന്നുവിളിക്കുന്നു. എപ്പോഴും നമ്മുടെ സ്വന്തഇഷ്ടം ചെയ്യുവാനും സ്വന്തലാഭമന്വേഷിക്കുവാനും, സ്വന്തം മാനം തേടുവാനും, സ്വന്തസുഖം ആർജ്ജിക്കുവാനും, സ്വന്തവഴി കൈക്കൊള്ളുവാനുമെല്ലാം, നമ്മെ പ്രേരിപ്പിക്കുന്ന ദുർമ്മോഹങ്ങളുടെ ഒരു കലവറയാണ് നമ്മുടെ ജഡം.

നാം സത്യസന്ധരാണെങ്കിൽ നമ്മുടെ ഏറ്റവും നല്ല പ്രവൃത്തികൾ പോലും നമ്മുടെ ദുഷിച്ച മോഹങ്ങളിൽ നിന്നുയർന്നുവരുന്ന ദുഷ്പ്രേരണകളാൽ ദൂഷിതമാണെന്ന് നാം സമ്മതിക്കേണ്ടിവരും. ഈ ജഡത്തെ നാം വെറുക്കിന്നില്ലെങ്കിൽ കർത്താവിനെ പിന്തുടരുവാൻ നമുക്ക് ഒരിക്കലും സാധ്യമല്ലാതെ വരും.

ഈ കാരണത്താലാണ് സ്വന്തജീവനെ വെറുക്കന്നതിനെപ്പറ്റി (അഥവാ നഷ്ടമാക്കുന്നതിനെപ്പറ്റി) യേശു ഇത്രയധികം സംസാരിച്ചിട്ടുള്ളത്. വാസ്തവത്തിൽ സുവിശേഷങ്ങളിൽ ആറുപ്രാവശ്യം ഈ പദപ്രയോഗം ആവർത്തിക്കപ്പെട്ടിട്ടുണ്ട് (മത്തായി: 10:39; 16:25; മർക്കോസ്: 8:35; ലൂക്കോസ്: 9:24; 14:26; യോഹ: 12:25). സുവിശേഷങ്ങളിൽ പലപ്രാവശ്യം കൂടെക്കൂടെ ആവർത്തിച്ചിട്ടുള്ള ഒരു വചനമാണിത്. എങ്കിലും ഇക്കാര്യം വളരെക്കുറച്ചേ പ്രസംഗിക്കപ്പെടുന്നുള്ളു. വളരെക്കുറവായി മാത്രം ആളുകൾ മനസ്സിലാക്കിയിട്ടുള്ള ഒരു സത്യമായും ഇത് ശേഷിക്കുന്നു.

സ്വന്തജീവനെ വെറുക്കുക എന്നുപറഞ്ഞാൽ നമ്മുടെ സ്വന്തമായ അവകാശങ്ങളും പദവികളും ഉപേക്ഷിക്കുക, സ്വന്തപ്രശസ്തി അന്വേഷിക്കാതിരിക്കുക, സ്വന്തമായ ഉയർച്ചയും താൽപര്യങ്ങളും വിട്ടുകളയുക, സ്വന്തമായ വഴി തേടുന്നതിൽനിന്നു വിരമിക്കുക എന്നിവയെല്ലാമാണ്. ഈ വഴിയിൽക്കൂടെ പോകുവാൻ നാം സന്നദ്ധരാണെങ്കിൽ മാത്രമേ യേശുവിന്റെ ശിഷ്യരാകുവാൻ നമുക്കു സാധ്യമാകയുള്ളു.

ശിഷ്യത്വത്തിന്റെ മൂന്നാമത്തെ വ്യവസ്ഥ നമ്മുടേതായ എല്ലാ സമ്പത്തുകളും ഉപേക്ഷിക്കുക എന്നതാണ്, യേശുക്രിസ്തു അരുളിച്ചെയ്തു: "അങ്ങനെ തന്നേ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല" (ലൂക്കോ: 14:33).

നമ്മുടെ സമ്പത്തുക്കൾ എന്നുവച്ചാൽ നമ്മുടെ സ്വന്തമായി നമുക്കുള്ള സകലവും ആണ്. അവയെല്ലാം വിട്ടുകളയുക എന്നത് അവയിലൊന്നുനെയും നമ്മുടെ സ്വന്തമായി മേലാൽ കരുതാതിരിക്കുക എന്നതുതന്നെ.

അബ്രഹാമിന്റെ ജീവിതത്തിൽ ഇതിനുള്ള ഒരു ദൃഷ്ടാന്തം നാം കാണുന്നു. യിസ്ഹാക്ക് അദ്ദേഹത്തിന്റെ സ്വന്തപുത്രൻ, അദ്ദേഹത്തിനുള്ളവൻ, ആയിരുന്നു. ഒരുദിവസം യിസ്ഹാക്കിനെ ഒരു യാഗമായി അർപ്പിക്കുവാൻ ദൈവം അബ്രഹാമിനോടാവശ്യപ്പെട്ടു. അതനുസരിച്ച് അബ്രഹാം യിസ്ഹാക്കിനെ കൈകാലുകൾ കെട്ടി യാഗപീഠത്തിൽ കിടത്തി. അവനെ കൊല്ലുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. എന്നാൽ ദൈവം ഇടയിൽക്കടന്ന് അതിനെ തടസ്സപ്പെടുത്തുകയും അനുസരിക്കുവാനുള്ള തന്റെ സമ്മതം അബ്രഹാം പ്രകടിപ്പിക്കുക മൂലം ഇനി അവനെ യാഗം കഴിക്കേണ്ട ആവശ്യമില്ലെന്നു പറയുകയും ചെയ്തു (ഉൽപത്തി: 22). അതിനുശേഷം യിസ്ഹാക്ക് തന്റെ വീട്ടിലുണ്ടായിരുന്നെങ്കിലും അബ്രഹാം തന്റെ സ്വന്തമായി അവനെ കരുതിയിരുന്നില്ല. കാരണം, യിസ്ഹാക്ക് അപ്പോൾ ദൈവത്തിന്റെ വകയായിത്തീർന്നിരുന്നു.

നമ്മുടെ എല്ലാ വസ്തുവകകളും ഉപേക്ഷിക്കുക എന്നു പറയുന്നതിന്റെ അർത്ഥം ഇതത്രേ. നമുക്കുള്ളതൊക്കെയും നാം യാഗപീഠത്തിന്മേൽ വയ്ക്കുകയും ദൈവത്തിനായി വിട്ടുകൊടുക്കുകയും വേണം.

ഇപ്രകാരം വിട്ടുകൊടുക്കുന്നവയിൽ ചില കാര്യങ്ങൾ ഉപയോഗിച്ചുകൊള്ളുവാൻ ദൈവം നമ്മെ അനുവദിച്ചേക്കാം. എന്നാൽ അവയൊന്നും നമുക്കുള്ളതായി മേലാൽ നാം കരുതരുത്. നമ്മുടെ സ്വന്തഭവനത്തിൽ നാം താമസിക്കുകയാണെങ്കിലും ഈ വീട് ദൈവത്തിനുള്ളതാണെന്നും വാടകകൂടാതെ അതിൽ താമസിച്ചുകൊള്ളുവാൻ ദൈവം നമ്മെ അനുവദിച്ചിരിക്കുന്നുവെന്നും നാം കരുതണം. ഇതാണ് യഥാർത്ഥമായി

ശിഷ്യത്വം.

നമ്മുടെ എല്ലാ വസ്തുവകകളുടെ കാര്യത്തിലും ഇപ്രകാരമൊരു നിലപാട് നാം സ്വീകരിച്ചിട്ടുണ്ടോ? നമ്മുടെ വസ്തുവകകളിൽ നമ്മുടെ ബാങ്ക് അക്കൗണ്ട്, ഭൂസ്വത്ത്, ജോലി, പരീക്ഷായോഗ്യത, കഴിവുകൾ ഭാര്യാപുത്രാദികൾ എന്നിങ്ങനെ ഭൂമിയിൽ നാം വിലമതിക്കുന്നതെല്ലാം ഉൾപ്പെടുന്നു. യഥാർത്ഥശിഷ്യന്മാരാകുവാൻ നാം ആഗ്രഹിക്കുന്നപക്ഷം ഇവയെല്ലാം നാം യാഗപീഠത്തിന്മേൽ സമർപ്പിക്കണം.

അപ്പോൾ മാത്രമേ ദൈവത്തെ മുഴുഹൃദയത്തോടും സ്നേഹിക്കുവാൻ നമുക്കു കഴിയൂ. ഇതാണ മത്തായി: 5:8-ൽ കർത്താവ് സംസാരിച്ച വിശുദ്ധഹൃദയം. ശുദ്ധമായ ഒരു മനസ്സാക്ഷി ഉണ്ടായിരുന്നെങ്കിൽ മാത്രം മതിയാവുകയില്ല. ശുദ്ധമനസ്സാക്ഷിയുടെ അർത്ഥം അറിയപ്പെടുന്ന എല്ലാ പാപവും നാം ഉപേക്ഷിച്ചിരിക്കുന്നു എന്നുമാത്രമാണ്. എന്നാൽ ഒരു വിശുദ്ധഹൃദയമെന്നതിന് സകലവും നാം കൈവിട്ടിരിക്കുന്നു എന്നാണർത്ഥം.

അതിനാൽ യഥാർത്ഥമായ ശിഷ്യത്വം എന്നതിൽ (a) നമ്മുടെ ബന്ധുക്കളും സ്വജനങ്ങളും (b) നമ്മുടെ സ്വയജീവിതം (a) നമ്മുടെ വസ്തുവകകൾ എന്നിവയുടെയെല്ലാം നേരെയുള്ള നമ്മുടെ മനോഭാവത്തിലുള്ള ഒരു മാറ്റമാണ് ഉൾക്കൊണ്ടിട്ടുള്ളത് എന്ന് നാം കാണുന്നു.

ഈ കാര്യങ്ങൾ വ്യക്തമായും സത്യസന്ധമായും നാം അഭിമുഖീകരിക്കുന്നില്ലെങ്കിൽ നമ്മുടെ ജീവിതത്തെ സംബന്ധിച്ച ദൈവത്തിന്റെ മുഴുവൻ ഉദ്ദേശ്യവും നിറവേറ്റുവാൻ നമുക്കു സാധ്യമാവുകയില്ല.

ശിഷ്യത്വത്തിന്റെ ഈ സന്ദേശത്തെ അല്പംപോലും വിട്ടുവീഴ്ചയില്ലാതെ സുവിശേഷം പ്രസംഗിക്കുന്നവർ പ്രഖ്യാപിക്കുന്നില്ലെങ്കിൽ ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുവാൻ അസാധ്യമത്രേ.

**ശിഷ്യത്വത്തിന്റെ മാർഗ്ഗം**

കർത്താവ് നൽകിയിട്ടുള്ള എല്ലാ കല്പനകളും അനുസരിപ്പാൻ തക്കവണ്ണം ശിഷ്യന്മാരെ ഉപദേശിക്കണമെന്ന് മത്താ: 28:20-ൽ തുടർന്നു പറയുന്നു: ഇതാണ് ശിഷ്യത്വത്തിന്റെ മാർഗ്ഗം. യേശു നൽകിയ കല്പനകളിൽ ചിലതിനെ മനസ്സിലാക്കുവാൻ മത്തായി: 5, 6,7 അധ്യായങ്ങൾ വായിച്ചാൽ മതിയാകും. എന്നാൽ ശിഷ്യസമൂഹത്തിൽ ഭൂരിപക്ഷം പേരും ഇവയെ അനുസരിക്കുവാൻ കൂട്ടാക്കുന്നില്ല.

പുതിയ പുതിയ കാര്യങ്ങൾ പഠിക്കുകയും പിന്തുടരുകയും ചെയ്യുന്ന ഒരുവനാണ് ഒരു ശിഷ്യൻ.

ദൈവത്തിന്റെ മുഴുവൻ ആലോചനയാലും പിടിക്കപ്പെട്ടവർ, യേശു കല്പിച്ച എല്ലാറ്റിനെയും സ്വയം അനുസരിക്കുന്നവർ, അപ്രകാരം അനുസരിക്കുവാൻ ജാഗ്രതയോയെ മറ്റുള്ളവരെ പഠിപ്പിക്കുവാനും ആ വിധത്തിൽ യേശുവിന്റെ ശരീരത്തെ പടുത്തുയർത്തുവാനും താൽപര്യമുള്ളവർ, ഇപ്രകാരമുള്ള ആളുകളെയാണ് ഇന്ന് നമ്മുടെ സമൂഹത്തിൽ ആവശ്യമായിരിക്കുന്നത്.

തന്റെ എല്ലാ ശിഷ്യന്മാരെയും ഒരടയാളം കൊണ്ടു തിരിച്ചറിയാൻ സാധിക്കുമെന്ന് യേശു പറഞ്ഞിട്ടുണ്ട്. അന്യോന്യമുള്ള സ്നേഹമാണ് ആ അടയാളം (യോഹ:13:35).

ഈ കാര്യം ഓർക്കുക. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരെ അവരുടെ പ്രസംഗത്തിന്റെയോ പാട്ടിന്റെയോ വൈശിഷ്ട്യം കൊണ്ടല്ല, അവരുടെ അന്യഭാഷാഭാഷണം കൊണ്ടോ, യോഗങ്ങൾക്കു പോകുമ്പോൾ അവർ ബൈബിൾ കൊണ്ടുപോകുന്നതുകൊണ്ടോ അല്ല, തങ്ങളുടെ യോഗങ്ങളിൽ അവർ ഉണ്ടാക്കുന്ന ഒച്ചപ്പാടു കൊണ്ടുമല്ല തിരിച്ചറിയേണ്ടത്. പിന്നെയോ അവർക്കു തമ്മിൽത്തമ്മിലുള്ള തീക്ഷ്ണമായ സ്നേഹം കൊണ്ടാണ് നമുക്ക് അവരെ തിരിച്ചറിയാൻ സാധിക്കുന്നത്.

ആളുകളെ ക്രിസ്തുവിങ്കലേക്കു നയിക്കുന്ന സുവിശേഷപ്രചരണയോഗങ്ങൾ മൂലം ആ പ്രത്യേകസ്ഥലത്ത് ഒരു സഭ സ്ഥാപിക്കപ്പെടുവാൻ ഇടയാകണം. അപ്രകാരം രൂപം കൊള്ളുന്ന സഭയിൽ ശിഷ്യന്മാർ അന്യോന്യം സ്നേഹിക്കുന്ന അനുഭവം ഉണ്ടാവുകയും വേണം.

എങ്കിലും ദുഃഖകരമായ വസ്തുത ഇതാണ്. ആവർത്തിച്ചു സുവിശേഷ പ്രചരണയോഗങ്ങൾ നടക്കുന്ന സ്ഥലങ്ങളിലെങ്ങും അംഗങ്ങൾ അന്യോന്യം പോരാടുകയോ ദുഷിക്കുകയോ ചെയ്യാതെ പരസ്പരം ഗാഢമായി സ്നേഹിക്കുന്ന ഒരു സഭ ഉണ്ടായിക്കാണുന്നില്ല.

പുതുതായി ക്രിസ്തുവിലേക്കു വരുന്ന വിശ്വാസികൾ പെട്ടന്നുതന്നെ വിജയകരമായ ഒരു ക്രിസ്തീയ ജീവിതത്തിലേക്കു വരുന്നില്ലെങ്കിൽ അതു നമുക്കു മനസ്സിലാക്കാവുന്നതേയുള്ളു. എന്നാൽ നമ്മുടെ രാജ്യത്തെ സഭകളിലുള്ള മൂപ്പന്മാരും ക്രിസ്തീയനേതാക്കളും പക്വത കാട്ടാതെ അന്യോന്യം കലഹിക്കുന്ന അവസ്ഥയാണുള്ളതെങ്കിൽ അതേപ്പറ്റി എന്താണു നാം പറയേണ്ടത്?

മത്തായി: 28:19, 20-ൽ കാണുന്ന കർത്താവിന്റെ അന്ത്യനിയോഗത്തിലെ രണ്ടാംഭാഗം - ശിഷ്യത്വവും യേശുവിന്റെ കല്പനകളുടെ പരിപൂർണ്ണാനുസരണവും - പൂർണ്ണമായിത്തന്നെ അവഗണിക്കപ്പെട്ടിരിക്കുന്നുവെന്നതിന്റെ ഏറ്റവും വ്യക്തമായ തെളിവാണിത്.

ഈ അന്ത്യനിയോഗത്തിലെ ഒന്നാംഭാഗം മാത്രം (മർക്കൊസ്: 16:15) പതിവായി എല്ലായിടത്തും അനുഷ്ഠിക്കപ്പെടുന്നതായി നാം കാണുന്നു. സുവിശേഷം പ്രസംഗിക്കുന്നതിനും അപ്രകാരം ചെയ്യപ്പെടുന്ന പ്രസംഗത്തെ കർത്താവ് അദ്ഭുതങ്ങളാലും അടയാളങ്ങളാലും ഉറപ്പിക്കുന്നതിനുമാണ് അവിടെ പ്രാധാന്യം.

എങ്കിലും മത്തായി: 28:19, 20 വാക്യങ്ങളിൽ ഊന്നൽ നൽകിയിട്ടുള്ളത് ശിഷ്യത്വത്തിനാണ്. ഒരു ശിഷ്യന്റെ ജീവിതം വെളിപ്പെടുന്നത് യേശുവിന്റെ കല്പനകളോടുള്ള അനുസരണം കൊണ്ടാണ്. മുൻപറഞ്ഞ ആദ്യഭാഗത്തിൽ മാത്രമാണ് അസംഖ്യം ക്രിസ്ത്യാനികൾക്കും താൽപര്യം. രണ്ടാം ഭാഗത്തിൽ ശ്രദ്ധിക്കുന്നവരായി

വളരെക്കുറച്ചുപേർ മാത്രമേ ഉള്ളു. എന്നാൽ രണ്ടാമത്തെ ഭാഗം കൂടാതെ സ്വീകരിക്കപ്പെടുന്ന ഒന്നാംഭാഗം പകുതി മനുഷ്യശരീരംപോലെ വിലയില്ലാത്ത ഒരു കാര്യമാണ്. എങ്കിലും എത്രയാളുകൾ ഈ സത്യം ഗ്രഹിച്ചിട്ടുണ്ട്?

യേശുക്രിസ്തുവിന്റെ ശുശ്രൂഷയിൽ ഏറിയ പുരുഷാരം അവിടുത്തെ സുവിശേഷപരമായ രോഗശാന്തിശുശ്രൂഷയുടെ ഫലം ലഭിക്കുവാനായി അവിടുത്തെ അനുഗമിച്ചിരുന്നതായി നാം വായിക്കുന്നു. എന്നാൽ കർത്താവ് എപ്പോഴും തിരിഞ്ഞുനിന്ന് ശിഷ്യത്വത്തെപ്പറ്റി അവരെ പ്രബോധിപ്പിച്ചിരുന്നു (ലൂക്കോ: 14:25, 26). ഇന്നത്തെ സുവിശേഷകന്മാർ ഒന്നുകിൽ തങ്ങൾ തനിയെയോ അല്ലെങ്കിൽ അപ്പോസ്തലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കൾ, ഇടയന്മാർ എന്നിങ്ങനെ തങ്ങൾ ആരംഭിച്ച വേലയെ പൂർത്തിയാക്കുവാൻ കഴിയുന്ന ഇതര ശുശ്രൂഷകന്മാരോടു ചേർന്നോ ഇതേകാര്യം ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!

സുവിശേഷപ്രസംഗകന്മാർ ശിഷ്യത്വത്തിന്റെ സന്ദേശം പ്രഖ്യാപിക്കുന്നതിൽ വൈമുഖ്യം കാണിക്കുന്നത് എന്തുകൊണ്ടാണ്? അത് അവരുടെ കൂടി വരവുകളുടെ സംഖ്യാബലം കുറച്ചുകളയുമെന്നതിനാൽ തന്നെ. അപ്രകാരം ചെയ്തിരുന്നുവെങ്കിൽ അത് അവരുടെ സഭകളുടെ ഗുണവൈശിഷ്ട്യം വളരെ വർദ്ധിപ്പിക്കുമായിരുന്നു എന്ന ഒരു കാര്യമാണ് അവർ മനസ്സിലാക്കാതിരിക്കുന്നത്.

യേശു ജനസമൂഹത്തോട് ശിഷ്യത്വം പ്രസംഗിച്ചപ്പോൾ അവരുടെ സംഖ്യ അംഗുലീപരിമിതമായിത്തീരുമാറ് കുറഞ്ഞതായി നാം കാണുന്നു (യോഹ: 6:2-നെ 6:70-മായി താരതമ്യപ്പെടുത്തുക). ബാക്കിയുള്ളവർ ആ സന്ദേശം തങ്ങൾക്കു വഹിക്കാവുന്നതിലധികം കഠിനമായിക്കണ്ട് അദ്ദേഹത്തെ വിട്ടുപോയി (യോഹ: 6:60,66) എന്നാൽ അദ്ദേഹത്തോടൊപ്പം തുടർന്നു നിലനിന്ന ആ 11 ശിഷ്യന്മാരിലൂടെയാണ് അന്തിമമായി ദൈവം ഈ ലോകത്തിൽ തന്റെ ലക്ഷ്യങ്ങൾ നിറവേറ്റിയത്.

ഭൂമിയിൽ ക്രിസ്തുവിന്റെ ശരീരം എന്ന നിലയിൽ ആ 11 ശിഷ്യന്മാർ ഒന്നാംനൂറ്റാണ്ടിലാരംഭിച്ച വേല ഇന്നും നാം തുടർന്നു കൊണ്ടിരിക്കേണ്ടതാണ്. ആളുകളെ നാം ക്രിസ്തുവിങ്കലേക്ക് നയിച്ചുകഴിഞ്ഞാൽപ്പിന്നെ അവരെ ശിഷ്യത്വത്തിലേക്കും അനുസരണത്തിലേക്കും ആനയിക്കുകയാണ് അടുത്ത ആവശ്യം. ആ വിധത്തിൽ മാത്രമേ ക്രിസ്തുവിന്റെ ശരീരം പണിയപ്പെടുകയുള്ളു.

ജീവങ്കലേക്കു പോകുന്ന വഴി ഇടുക്കുമുള്ളത്; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

# അധ്യായം -2
# ശിഷ്യത്വവും ഭവനവും

ഒരു ശിഷ്യൻ ഒരു വിദ്യാർത്ഥിയും കർത്താവായ യേശുക്രിസ്തുവിന്റെ അനുയായിയുമാണ്. യേശുവിനെ തന്റെ ദൃഷ്ടാന്തമാക്കിത്തീർത്തവനും സാധ്യമായ എല്ലാവിധത്തിലും തന്റെ ജീവിതം യേശുവിന്റെ ജീവിതത്തോട് അനുരൂപമാക്കിത്തീർക്കുവാൻ ആഗ്രഹിക്കുന്നവനുമാണ് അയാൾ.

സ്നേഹമെന്നതുപോലെ ശിഷ്യത്വവും ആദ്യമായി ആരംഭിക്കുന്നത് ഭവനത്തിലാണ്.

**ശിഷ്യത്വവും മാതാപിതാക്കന്മാരും**

യേശുക്രിസ്തുവിനെ നമ്മുടെ ജീവിതത്തിൽ സകലത്തിന്റെയും അധീശനാക്കിത്തീർക്കുക - നമുക്കുള്ളതും നാം ആയിരിക്കുന്നതുമെല്ലാം അവിടുത്തേക്കു നൽകുക - എന്നതാണ് ശിഷ്യത്വത്തിന്റെ അടിസ്ഥാനം.

ലൂക്കോ: 14:26-ൽ കർത്താവ് നമ്മെ പഠിപ്പിച്ചിട്ടുള്ളതുപോലെ നമ്മുടെ മാതാപിതാക്കന്മാരെ വെറുക്കേണ്ടതെങ്ങനെയാണ് ഒന്നാമതായി നമുക്കു ചിന്തിക്കാം.

ആദ്യത്തെ പടി അവരെ ബഹുമാനിക്കുക എന്നതാണ്. വാഗ്ദത്തതത്തോടിണക്കിച്ചേർത്ത് നൽകപ്പെട്ടിട്ടുള്ള ഒന്നാമത്തെ കല്പന അതാണ് (എഫേ: 6:2). മാതാപിതാക്കന്മാരെ, ബഹുമാനിക്കുവാൻ ആദ്യം നാം പഠിച്ചിട്ടില്ലാതെ കർത്താവാഗ്രഹിക്കുന്ന വിധത്തിൽ അവരെ വെറുക്കുവാൻ നമുക്കു സാധ്യമല്ല. ഇന്നു ലോകത്തിൽ തങ്ങളുടെ മാതാപിതാക്കന്മാരെ വെറുക്കുന്ന കാര്യത്തിൽ അത്യന്തം സന്തുഷ്ടരായിത്തീരാനിടയുള്ള അഭക്തരായ ധാരാളം മക്കൾ ഉണ്ട്. തങ്ങളുടെ മാതാപിതാക്കന്മാരെ ബഹുമാനിക്കുവാൻ ശീലിച്ചിട്ടില്ലാത്ത യുവജനങ്ങളെ തങ്ങളുടെ കൂട്ടത്തിൽ ചേർക്കുവാൻ വേണ്ടി അനേകം കൾട്ടുകൾ ഈ സാഹചര്യത്തെ ദുരുപയോഗപ്പെടുത്തുന്നുണ്ട്.

എല്ലാ ശിഷ്യജനങ്ങളും ആദ്യമായി പിന്തുടരേണ്ടത് യേശുക്രിസ്തുവിന്റെ ദൃഷ്ടാന്തമാണ്. അതു നാം ചെയ്യുന്നപക്ഷം നാം ഒരിക്കലും വഴിതെറ്റിപ്പോവുകയില്ല. എങ്കിലും യേശുക്രിസ്തുവിന്റെ ദൃഷ്ടാന്തം നോക്കാതെ അവിടുത്തെ വചനങ്ങൾ നാം വ്യാഖ്യാനിക്കുന്നപക്ഷം ഒട്ടനേകം ക്രിസ്ത്യാനികൾക്കും സംഭവി

ച്ചിട്ടുള്ളതുപോലെ നാമും വഴിതെറ്റിപ്പോകുവാൻ സാധ്യതയുണ്ട്. "എന്നിൽ നിന്നു പഠിപ്പിൻ" എന്നു നമ്മുടെ കർത്താവ് നമ്മോടാജ്ഞാപിച്ചിട്ടുണ്ടല്ലോ (മത്തായി 11:29).

യേശു തന്റെ ലോകപ്രകാരമുള്ള മാതാവിനെ എങ്ങനെയാണ് വെറുത്തത്? ഒന്നാമത് അവിടുന്നു നസറേത്തിൽ തന്റെ ഭവനത്തിലായിരുന്ന കാലത്ത് തന്റെ മാതാപിതാക്കളായിരുന്ന യോസേഫിനെയും മറിയയെയും ബഹുമാനിക്കുകയും അവരുടെ അധികാരത്തിനു കീഴ്പ്പെട്ടിരിക്കുകയും ചെയ്തു (ലൂക്കോ: 2:51).

യേശു നസറേത്തിൽ ചെലവഴിച്ച 30 വർഷങ്ങളെപ്പറ്റി ബൈബിളിൽ രണ്ടു കാര്യങ്ങൾ മാത്രമേ പറഞ്ഞിട്ടുള്ളൂ.

ഒന്നാമത് എബ്രായർ: 4:15-ൽ അവിടുന്നു നമ്മെപ്പോലെ പരീക്ഷിതനാവുകയും എന്നിട്ടും ഒരിക്കലും പാപം ചെയ്യാതിരിക്കയും ചെയ്തുവെന്ന് നാം വായിക്കുന്നു. ഇതിൽനിന്ന് താൻ നസറേത്തിലായിരുന്ന 30 വർഷക്കാലത്തിനിടയിൽ അവിടുന്നു പല പ്രലോഭനങ്ങളെ അഭിമുഖീകരിച്ചിരുന്നുവെന്ന് നാം മനസ്സിലാക്കുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിലെ ആദ്യത്തെ 30 വർഷത്തിനിടയിൽ ശൈശവം മുതൽ പ്രായപൂർത്തി വരെ അയാൾ അഭിമുഖീകരിക്കുന്ന പ്രലോഭനങ്ങൾ തന്നെ യേശുവും അഭിമുഖീകരിച്ചു.

യേശുവിന് 4 സഹോദരന്മാരും (കുറഞ്ഞപക്ഷം) 2 സഹോദരിമാരും ഉണ്ടായിരുന്നുവെന്ന് മർക്കോസ്: 6:3-ൽ പ്രസ്താവിച്ചിരിക്കുന്നു. അതിനാൽ അവിടുത്തെ ഭവനത്തിൽ കുറഞ്ഞപക്ഷം 9 അംഗങ്ങളുണ്ടായിരുന്നു. അതൊരു ദരിദ്രഭവനവും ആയിരുന്നു. (ലൂക്കോസ് 2:24-നെ ലേവ്യപുസ്തകം 12:8-നോടു ചേർത്തുവായിക്കുമ്പോൾ ദൈവത്തിനു യാഗം കഴിക്കുവാൻ ഒരാട്ടിൻകുട്ടിയെയെങ്കിലും കൊണ്ടുചെല്ലുവാൻ കഴിവില്ലാത്തവിധം മറിയ ദരിദ്രയായിരുന്നുവെന്നു നാം കണ്ടെത്തുന്നു). അതിനാൽ വീട്ടിൽ സാഹചര്യങ്ങൾ വിഷമകരമായിത്തീർന്നപ്പോൾ യേശുവിന് പിൻവാങ്ങി ആശ്വാസം കൊള്ളുവാൻ സ്വന്തമായൊരു കിടപ്പുമുറി ഉണ്ടായിരുന്നില്ലെന്ന കാര്യം വ്യക്തമാണ്. അവന്റെ സഹോദരന്മാർ അവനിൽ വിശ്വസിച്ചില്ലെന്ന് യോഹ: 7:5-ൽ നാം കാണുന്നുണ്ട്. ഒരിക്കലും കോപിക്കാത്തവനും സ്വാർത്ഥപരമായി പ്രവർത്തിക്കാത്തവനുമായ ഒരു വ്യക്തിയോട് സ്വാഭാവികമായും അവർക്ക് അസൂയ തോന്നിയിരിക്കണം. അവരെല്ലാം പലവട്ടം അദ്ദേഹത്തിനെതിരെ ഒരുമിച്ചുകൂടുകയും അദ്ദേഹത്തെ വിമർശിക്കയും അലോസരപ്പെടുത്തുകയും ചെയ്തിരിക്കണം. ഒരു വലിയ കുടുംബം വസിക്കുന്ന ചെറിയ ഭവനത്തിൽ മാനസാന്തരപ്പെടാത്തവരോടൊപ്പം താമസിച്ചിട്ടുള്ള ഏതൊരുവനും നസറേത്തിൽ യേശുക്രിസ്തു നേരിട്ട പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ കഴിയും. എന്നിട്ടും യേശു ഒരിക്കലും പാപം ചെയ്തില്ല. ഇതിനെല്ലാമുപരി യേശുവിന്റെ കൗമാരപ്രായം കഴിഞ്ഞ ആ കാലഘട്ടത്തിൽ അഥവാ തന്റെ ഇരുപതുകളുടെ ആരംഭത്തിൽ യോസേഫ് മരിച്ചുപോയെന്നു വിചാരിപ്പാൻ ന്യായമുണ്ട്. (കാരണം, യേശുവിന്റെ പരസ്യശുശ്രൂഷാകാലത്ത് യോസേഫിനെപ്പറ്റി നാമൊരിടത്തും വായിക്കുന്നില്ല). അതിനുശേഷം എട്ടംഗങ്ങളുള്ള ആ കുടുംബത്തെ പുലർത്തുവാനുള്ള ഭാരം മൂത്തമകനായ യേശുവിന്മേൽ വന്നുവീണു. അത്തരം സാഹചര്യങ്ങളിൽ യേശു അനേകം പരീക്ഷകളെ നേരിടേണ്ടി വന്നിരിക്കണം. എന്നിട്ടും യേശു ഒരിക്കലും പാപം ചെയ്തില്ല.

രണ്ടാമതായി, യേശു യോസേഫിന്റെയും മറിയയുടെയും ഭവത്തിൽ ജീവിച്ച 30 വർഷം മുഴുവൻ അവിടുന്നു അവർക്കു കീഴ്പ്പെട്ടിരുന്നു (ലൂക്കോസ്: 2:51). നമുക്കെല്ലാവർക്കും ശൈശവകാലം മുതൽ അറിയാവുന്നതുപോലെ അത് അനായാസമായ ഒരു കാര്യമായിരുന്നില്ല. നമ്മുടെ ശൈശവകാലത്ത് ഏതെങ്കിലുമൊരു കാര്യം ചെയ്യുവാൻ നാം ആഗ്രഹിച്ചിട്ടുള്ളപ്പോൾ നാം സ്വാഭാവികമായി ഇഷ്ടപ്പെടാത്ത മറ്റൊരു കാര്യം ചെയ്യണമെന്ന് നമ്മുടെ മാതാപിതാക്കന്മാർ നമ്മോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തന്മൂലം യേശുവിന്റെ ദൃഷ്ടാന്തം നമ്മുടെ എല്ലാ കുഞ്ഞുങ്ങളുടെയും മുമ്പിൽ നമുക്ക് ഉയർത്തിക്കാണിക്കാൻ കഴിയും കർത്താവിന്റെ ബാലശിക്ഷയിൽ നമ്മുടെ മക്കളെ പോറ്റി വളർത്തുവാൻ പിതാക്കന്മാരോട് തിരുവെഴുത്ത് ഉപദേശിക്കുന്നു (എഫേ: 6:4) എന്താണ് കർത്താവിന്റെ ബാലശിക്ഷ? പ്രാഥമികമായും നസറേത്തിലെ തന്റെ ജീവിതകാലത്ത് കർത്താവ് മക്കളായിട്ടുള്ള എല്ലാവർക്കും കാട്ടിക്കൊടുത്തിട്ടുള്ള ജീവിതദൃഷ്ടാന്തമാണത്.

മുൻപറഞ്ഞ രണ്ടു മേഖലകളിൽ യേശു കാണിച്ചുതന്നിട്ടുള്ള ദൃഷ്ടാന്തം ഏതെങ്കിലും ആൺകുട്ടിയോ പെൺകുട്ടിയോ പിന്തുടരുമെങ്കിൽ യേശുവിനെപ്പറ്റി എഴുതിയിട്ടുള്ളതുപോലെ അവരും ജ്ഞാനത്തിലും ദൈവകൃപയിലും മുതിർന്നുവരുവാൻ ഇടയാകും (ലൂക്കോസ്: 2:52).

നാം വളർച്ച പ്രാപിക്കയും വിവാഹിതരായിത്തീരുകയും ചെയ്യുമ്പോഴും വൃദ്ധരായ നമ്മുടെ മാതാപിതാക്കളെ നാം ബഹുമാനിക്കണം. ഉൽപത്തി: 9:21-27 വാക്യങ്ങളിൽ നോഹയുടെ പുത്രനായ ഹാം തന്റെ പിതാവ് കുടിച്ചു മത്തനായും നഗ്നനായും കൂടാരത്തിൽക്കിടക്കുന്നതു കണ്ടതായി വായിക്കുന്നു. ആ സമയത്ത് ഹാം പ്രായപൂർത്തിയായ ഒരുവനായിരുന്നു. ജലപ്രളയത്തിനു മുമ്പുതന്നെ അയാൾ വിവാഹിതനായിരുന്നുവല്ലോ. ഹാം പോയി ഈ കാര്യം തന്റെ സഹോദരന്മാരോടു പറയുകയും അങ്ങനെ സ്വപിതാവിന് അപമാനം വരുത്തുകയും ചെയ്തു. ഹാം പറഞ്ഞ കാര്യം സത്യമായിരുന്നു. എങ്കിലും അയാൾ തന്റെ പിതാവിനെ അപമാനിക്കയാണു ചെയ്തത്. ഇതിന്റെ ഫലമായി ഹാമും അയാളുടെ കുടുംബവും ശാപഗ്രസ്തരായിത്തീർന്നു. പരദുഷകന്മാർ അവർ സത്യം പറയുമ്പോൾ തന്നെയും ദൈവികശാപത്തിനു പാത്രരാണ്, യാതൊരു പരദൂഷകനും യേശുക്രിസ്തുവിന്റെ ഒരു ശിഷ്യനായിരിക്കുവാൻ സാധ്യമല്ല.

എന്നാൽ നോഹയുടെ മറ്റു രണ്ടു മക്കളായ ശേമും യാഫേത്തും തങ്ങളുടെ വൃദ്ധനായ പിതാവിനെ ആദരിക്കയും തങ്ങളുടെ പിതാവിന്റെ നഗ്നത കാണാത്തവിധം പിൻപോട്ടു നടന്ന് അദ്ദേഹത്തിന്റെ നഗ്നത മറയ്ക്കുകയും ചെയ്തു. അവരും അവരുടെ കുടുംബങ്ങളും അനുഗ്രഹിക്കപ്പെട്ടു.

ഈ ദൃഷ്ടാന്തത്തിൽ നിന്നും നാം പഠിക്കുന്ന പാഠം ഇതാണ്: തങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കുന്നവരെ ദൈവം അനുഗ്രഹിക്കുകയും മാതാപിതാക്കളെ നിന്ദിക്കുന്നവരെ ശപിക്കുകയും ചെയ്യുന്നു. ചെറുപ്പക്കാരും പ്രാപ്തവയസ്കരുമായ നമുക്കെല്ലാവർക്കും ഒരു താക്കീതും മാതൃകയായും തീരത്തക്കവിധം ഈ ദൃഷ്ടാന്തം ബൈബിളിന്റെ ആദ്യഭാഗത്തുതന്നെ വിന്യസിക്കപ്പെട്ടിരിക്കുന്നു.

പഴയനിയമനിലവാരമനുസരിച്ച് യോസേഫും മറിയയും ദൈവഭയമുള്ള വ്യക്തികളായിരുന്നുവെങ്കിലും അവർക്കു പാപത്തിന്റെ മേൽ വിജയം ഉണ്ടായിരുന്നില്ലെന്നുള്ള കാര്യം നാമോർക്കണം. പാപത്തിന്റെ മേലുള്ള വിജയം വ്യക്തമായും ഒരു പുതിയനിയമവാഗ്ദാനമാണ്. റോമർ: 6:14 നോക്കുക. ഇന്നു നമുക്കു സാധ്യമായതുപോലെ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനും കൃപയ്ക്കു കീഴിലായിത്തീരുവാനും അവർക്കു കഴിഞ്ഞിരുന്നില്ല. തന്മൂലം കുടുംബത്തിൽ അവർ അന്യോന്യം തർക്കിക്കുകയും കോപിഷ്ഠരായിത്തീരുകയും മറ്റുപല വിധത്തിലും പാപം ചെയ്കയും ചെയ്തിരുന്നിരിക്കണം. (ഇതു വിശ്വസിപ്പാൻ നിങ്ങൾക്കു പ്രയാസം തോന്നുന്നുവെങ്കിൽ ഒരു പക്ഷേ മറിയ അമലോദ്ഭവയെന്നു വിശ്വസിക്കുന്നതാവാം അതിനു കാരണം). നസറേത്തിലുള്ള ഭവനത്തിൽ വച്ച് യോസേഫും മറിയയും പാപം ചെയ്യുന്ന പല അവസരങ്ങൾ യേശു കണ്ടിരുന്നിരിക്കണം. എങ്കിലും അദ്ദേഹം അവരെ നിന്ദിച്ചില്ല. നമ്മുടെ മാതാപിതാക്കളെ ബഹുമാനിക്കുന്നതിൽ ഇത് ഒരു മുഖ്യഘടകമാണ്.

സദൃശവാക്യം 23:22 ഇപ്രകാരം പറയുന്നു. "നിന്റെ അമ്മ വൃദ്ധയായിരിക്കുമ്പോൾ അവളെ നിന്ദിക്കരുത്". നിങ്ങളുടെ മാതാപിക്കന്മാരിൽ ചില കുറവുകൾ നിങ്ങൾ കാണുന്നുണ്ടെങ്കിൽ അവരെ നിന്ദിക്കരുത്. അവരുടെ കുറവുകളെ മറയ്ക്കുക - ഒരിക്കലും അവയെപ്പറ്റി ആരോടും സംസാരിക്കരുത്. യഥാർത്ഥത്തിൽ എല്ലാ മനുഷ്യരോടും നാം പെരുമാറേണ്ടത് ഇങ്ങനെയാണ്. എന്തെന്നാൽ യഥാർത്ഥസ്നേഹം ഉള്ളിടത്ത് അത് "പാപങ്ങളുടെ ബഹുത്വം മറയ്ക്കു"മെന്ന് നാം തിരുവചനത്തിൽ വായിക്കുന്നു.

നിങ്ങൾ വീണ്ടുംജനിച്ചവനായിരിക്കയും നിങ്ങളുടെ മാതാപിതാക്കൾ അപ്രകാരമല്ലാതിരിക്കയും ചെയ്യുമ്പോൾ ദൈവവചനത്തിനെതിരായ ഒരു കാര്യം ചെയ്യുവാൻ അവർ നിങ്ങളോടാവശ്യപ്പെട്ടാൽ (ഉദാഹരണം: ഒരു വിഗ്രഹത്തെ ആരാധിക്കുക അഥവാ ഒരവിശ്വാസിയെ വിവാഹം ചെയ്ക) ദൈവവചനം അപ്രകാരം ചെയ്യുന്നതിനെ വിലക്കിയിട്ടുള്ളതിനാൽ അതു ചെയ്വാൻ നിങ്ങൾക്കു സാധ്യമല്ലെന്ന് ബഹുമാനപൂർവം അവരോടു പറയുക. തീർച്ചയായും കർത്താവിനുവേണ്ടി നിങ്ങൾ ഒരു നിലപാടു സ്വീകരിച്ചേ മതിയാവൂ. എന്നാൽ അതു ധാർഷ്ട്യത്തോടെയല്ല നിങ്ങൾ ചെയ്യേണ്ടത്. കൃപയോടെ അതു ചെയ്വാൻ കഴിയും.

എന്നാൽ തിരുവെഴുത്തുകളോടുള്ള അനുസരണക്കേട് ഉണ്ടാകാത്ത കാര്യങ്ങൾ തങ്ങൾ വീട്ടിൽ താമസിക്കുന്ന കാലത്ത് മക്കൾ മാതാപിതാക്കളെ അനുസരിക്കേണ്ടതാണ്. എന്നാൽ ഒരിക്കൽ അവർ പിതൃഭവനം വിട്ട് സ്വന്തഭവനം സ്ഥാപിച്ചുകഴിഞ്ഞാൽ അവർ മാതാപിതാക്കളെ ബഹുമാനിക്കയും അവർക്കുവേണ്ടി കരുതുകയും വേണം.

യേശുവിന്റെ ജീവിതമാതൃകയിൽ ഇതും നാം കാണുന്നുണ്ട്. ഇത് അവിടുത്തെ ശിഷ്യന്മാർ പിന്തുടരേണ്ട കാര്യമാണ്. മുപ്പതാം വയസ്സിൽ യേശു ഭവനം വിടുകയും സ്നാനമേല്ക്കയും ചെയ്തശേഷം സംഭവിച്ചതായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള ആദ്യത്തെ സംഭവങ്ങളിലൊന്ന് കാനാവിലെ വിവാഹഘോഷമാണ്. മറിയ 30 വർഷക്കാലം അനുസരണമുള്ള ഒരു മകനായി യേശുവിനെ കണ്ടറിയുകയും വീട്ടിലെ പല പ്രശ്നങ്ങളും അദ്ദേഹം പരിഹരിച്ചത് മനസ്സിലാക്കുകയും ചെയ്തിരുന്നു. അവിടെ വീഞ്ഞില്ലാതായ അവസ്ഥയിലും യേശുവിന് എന്തെങ്കിലും ചെയ്വാൻ സാധിക്കുമെന്ന് മറിയ മനസ്സിലാക്കി. യേശു ഒന്നുവരെയും ഒരദ്ഭുതകൃത്യവും നിർവഹിച്ചിട്ടില്ലാത്തതിനാൽ മറിയ ഒരു അദ്ഭുതം പ്രതീക്ഷിച്ചുകാണുകയില്ല. എന്നാൽ തന്റെ പുത്രൻ ജ്ഞാനവും പ്രായോഗികസാമർത്ഥ്യവും ഉള്ള ഒരാളാണെന്ന് വീട്ടിലെ അനുഭവങ്ങൾ അവരെ ബോധ്യപ്പെടുത്തിയിരുന്നു. അതിനാൽ ആ കാര്യത്തിൽ എന്തെങ്കിലും ചെയ്യുവാൻ അവർ യേശുവിനോട് ആവശ്യപ്പെട്ടു.

അവിടെ യേശു മൂർച്ചയുള്ള ഭാഷയിൽ മറിയയോട് ആദ്യമായി സംസാരിക്കുന്നതായി നാം കാണുന്നു. "സ്ത്രീയേ, താങ്കളുടെ ഈ കാര്യത്തിൽ എനിക്കെന്തു ബന്ധം!" (യോഹ: 2:4) ഇപ്പോൾ അദ്ദേഹം ഭവനം വിട്ടു കഴിഞ്ഞിരുന്നു; അതിനാൽ മേലാൽ അവരെ അനുസരിക്കുന്നതിൽ നിന്ന് അദ്ദേഹം സ്വതന്ത്രനായിരുന്നു.

ഇതാണ് മാതാപിതാക്കളെ വെറുക്കണം എന്നു യേശു പറഞ്ഞപ്പോൾ അവിടുന്ന് അർത്ഥമാക്കിയ കാര്യം. നാമും ഈ സമതുലിതത്വം പാലിക്കാൻ ബാധ്യസ്ഥരാണ്. മാതാപിതാക്കളുടെ ഭവനത്തിൽ നാം താമസിക്കുമ്പോൾ നാം അവരെ അനുസരിക്കണം. എന്നാൽ ദൈവകല്പനകൾ അനുസരിക്കുന്ന കാര്യത്തിൽ നാം അവരെ വെറുക്കണം. ദൈവഹിതം അനുസരിക്കുകയും പിതാവു തനിക്കുതന്ന ശുശ്രൂഷ നിറവേറ്റുകയും ചെയ്യേണ്ടതായി വന്നപ്പോഴാണ് "എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല" (യോഹ: 2:4) എന്നു യേശു പറഞ്ഞത്. ഒരിക്കൽ നാം നമ്മുടെ ഭവനം വിടുകയും സ്വന്തഭവനം കെട്ടിപ്പടുക്കുകയും ചെയ്തുകഴിഞ്ഞാൽ നാം മാതാപിതാക്കളുടെ കീഴിലല്ല.

ബൈബിളിൽ എല്ലാ മനുഷ്യർക്കുമായി നൽകിയിട്ടുള്ള ഒന്നാമത്തെ കല്പന - "അതുകൊണ്ട് മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും" (ഉൽപത്തി: 2:24) എന്നതാണെന്നു ശ്രദ്ധിക്കുന്നത് രസകരമായ ഒരു കാര്യമാണ്. ആദാമിന് വിട്ടുപിരയാനായി ഒരു പിതാവോ മാതാവോ ഇല്ലാതിരുന്ന സമയത്താണ് ഈ കല്പന പരാമർശിക്കപ്പെടുന്നത്. വ്യക്തമായും ഇത് പില്ക്കാലത്ത് വിവാഹിതരായിത്തീരുവാൻ പോകുന്നവർക്കു വേണ്ടി നൽകപ്പെട്ടതാണ്.

ദൗർഭാഗ്യവശാൽ ഇൻഡ്യയിലെ ഭൂരിപക്ഷം വിവാഹബന്ധങ്ങളിലും ഭർത്താവ് ദൈവത്തിന്റെ ഈ കല്പന അനുസരിക്കുന്നില്ല. അക്രൈസ്തവർ തങ്ങളുടെ ഭാര്യമാരോടെന്നതിലധികം മാതാപിതാക്കളോട് പറ്റിച്ചേരുന്നത് നമുക്കു മനസ്സിലാക്കാം. എന്നാൽ ഈ കാര്യത്തിൽ ഇൻഡ്യയിലെ അക്രൈസ്തവസംസ്കാരത്തെ പിന്തുടരുന്ന ക്രിസ്ത്യാനികളെപ്പറ്റി നാം എന്താണ് പറയേണ്ടത്? നമ്മുടെ രാജ്യവാസികൾക്കു കാണിച്ചുകൊടുക്കുവാൻ ദൈവമാഗ്രഹിക്കുന്ന വിവാഹജീവതമാതൃക പ്രയോഗികമായി വെളിപ്പെടുത്തുന്നതിൽ അവർ പരാജയമടയുന്നു.

ഇത് മാതാപിതാക്കളെ ശാരീരകമായി വേർപിരിയുന്നതിന്റെ ഒരു പ്രശ്നമല്ല; പിന്നെയോ വൈകാരികമായി അവരിൽ നിന്ന് അകൽച്ച പാലിക്കുന്നതിന്റെ പ്രശ്നമാണ്. ഒരു ഭർത്താവിന്റെ പ്രാഥമികമായ കടപ്പാടും ബന്ധവും തന്റ മാതാപിതാക്കളോടല്ല, ഭാര്യയോടാണ്.

അതുപോലെതന്നെ ഒരു ഭാര്യയോടുള്ള കല്പന തന്റെ പിതൃഭവനത്തെ മറക്കുക എന്നതാണ് (സങ്കീർത്തനം: 45:10).

നമ്മുടെ മാതാപിതാക്കന്മാർ വൃദ്ധരും ബലഹീനരുമാകുമ്പോൾ തീർച്ചയായും അവർക്കുവേണ്ടി നാം കരുതേണ്ടതാണ്. ഇവിടെയും യേശു നമുക്കൊരു ദൃഷ്ടാന്തം നൽകിയിട്ടുണ്ട്. കർത്താവ് ക്രൂശിൽ മരണത്തെ നേരിട്ടുകൊണ്ടിരുന്നപ്പോൾ വിധവയായ തന്റെ മാതാവിന് ശിഷ്യനായ യോഹന്നാനോടൊപ്പം ഒരു ഭവനത്തിന്റെ സുരക്ഷിതത്വം നൽകുവാൻ അവിടുന്ന് പരിശ്രമിച്ചു (യോഹ: 19:26, 27). എന്നാൽ ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഒരു തടസ്സമായി തങ്ങൾ തീരാതിരിപ്പാൻ മാതാപിതാക്കൾ സൂക്ഷിക്കണം. ഇന്ത്യയിലുള്ള പല ക്രിസ്ത്യാനികളും തങ്ങളുടെ മാതാപിതാക്കളോടുണ്ടായിരുന്ന ക്രമാധികമായ അടുപ്പം മൂലം കർത്താവിനെ യഥാർത്ഥമായി പിന്തുടരുവാൻ കഴിവില്ലാത്തവരായിത്തീർന്നിട്ടുണ്ട്.

ആവർത്തനം: 33:8-11 വാക്യങ്ങളിൽ ലേവിഗോത്രം എന്തുകൊണ്ട് ദൈവത്തിന്റെ പുരോഹിതന്മാരായി തിരഞ്ഞെടുക്കപ്പെട്ടു എന്നു നാം വായിക്കുന്നു. തങ്ങളുടെ മാതാപിതാക്കളെയും സഹോദരീസഹോദരന്മാരെയും മക്കളെയുംകാൾ ഉന്നതമായ സ്ഥാനം ദൈവത്തിന് അവർ നൽകിയതിന്റെ ഒരു പ്രതിഫലമായിട്ടാണ് ഈ ശുശ്രൂഷ അവർക്കു നൽകപ്പെട്ടത്. യിസ്രായേൽ ജനം സ്വർണ്ണക്കാളക്കുട്ടിയെ ആരാധിക്കുന്നതു മോശ കണ്ട് തന്നോടൊപ്പം യഹോവയുടെ പക്ഷത്ത് ആരു നില്ക്കും എന്ന് ചോദിച്ച ആ ദിവസത്തിൽ ലേവി ഗോത്രം മാത്രം മുന്നോട്ടുവന്ന് മോശയോടൊപ്പം നിന്നു. അപ്പോൾ മോശ അവരോട് പാളയത്തിലേക്കു ചെന്ന് വിഗ്രഹാരാധന പിന്തുടർന്ന അവരുടെ സ്വന്തം ബന്ധുജനങ്ങളെപ്പോലും കൊന്നുകളയുവാൻ ആജ്ഞാപിച്ചു. (പുറപ്പാട്: 32: 26 മുതലുള്ള വാക്യങ്ങൾ) ഈ ലേവ്യരാണ് യേശുവിന്റെ ശിഷ്യന്മാരുടെ മുന്നോടികൾ.

ഈ സംഭവത്തിന് ഏതാനും ദിവസം മുമ്പ് യിസ്രായേൽജനങ്ങൾക്ക് ന്യായപ്രമാണം നൽകപ്പെട്ടിരുന്നു. ഈ ന്യായപ്രമാണത്തിൽ തങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കുവാൻ ദൈവം അവരോടു കല്പിച്ചിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ, തങ്ങളുടെ വാളെടുത്തു സ്വജനങ്ങളെ കൊല്ലുവാനുള്ള കല്പനയാണ് ലഭിച്ചത്. ഇവിടെ സത്യത്തിന്റഎ രണ്ടു മുഖങ്ങൾ നാം കാണുന്നു. തങ്ങളുടെ സ്വജനങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നത് ഈ ലേവ്യർ കണ്ടപ്പോൾ സ്വന്തം മാതാപിതാക്കൾ, സഹോദരങ്ങൾ, മക്കൾ എന്നിവരെ ഒഴിവാക്കിക്കൊണ്ട് മറ്റുള്ളവരെ കൊല്ലുവാൻ ഈ ലേവ്യർക്കു കഴിയുമായിരുന്നു. എന്നാൽ അവർ അതു ചെയ്തില്ല. അപ്പനെയും അമ്മയെയും സഹോദരന്മാരെയും മക്കളെയും പോലും അവർ ആദരിച്ചില്ല (ആവർത്തനം: 33:9).

തങ്ങളുടെ അമ്മമാരുടെ കണ്ണുനീർ കാണുകയോ ഞങ്ങൾ നിങ്ങൾക്കു വേണ്ടി എത്രമാത്രം ത്യാഗം സഹിച്ചുവെന്നോർക്കുവിൻ എന്ന അവരുടെ വാക്കുകൾ കേൾക്കുകയോ ചെയ്ക മൂലം മനസ്സഴിഞ്ഞ് ദൈവകല്പനകളെ പിന്തുടരാതിരുന്നിട്ടുള്ള എത്രയധികം ആളുകൾ ഉണ്ട്. ആ വിധത്തിൽ അവർ യേശുവിന്റെ ശിഷ്യന്മാരായിത്തീരുവാൻ തങ്ങളെത്തന്നെ അയോഗ്യരാക്കിത്തീർക്കുകയാണ് ചെയ്യുന്നത്.

നേരെ മറിച്ച് (ഇന്നു പല മക്കളും ചെയ്യുന്നതുപോലെ) നിങ്ങളുടെ സ്വാർത്ഥോദ്ദേശ്യങ്ങൾക്കുവേണ്ടി മാതാപിതാക്കളെ വെറുക്കുന്ന ഒരുവനായി നിങ്ങൾ തീരുന്നപക്ഷം ഇവിടെ ഇപ്പോൾ പറഞ്ഞകാര്യം നിങ്ങൾക്കു ബാധകമല്ല. നിങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കുക എന്നതാണ് നിങ്ങൾ ആദ്യമായി പഠിക്കേണ്ട പാഠം.

മാനുഷികമായ കാരുണ്യം മൂലം (യേശു ചെയ്തതുപോലെ) വാൾ ഉപയോഗിക്കാതിരിക്കയും അങ്ങനെ ഒത്തുതീർപ്പുകാരായിത്തീരുകയും ചെയ്യുന്നവർ കാലാന്തരത്തിൽ ആത്മീയമായി നഷ്ടം സഹിക്കേണ്ടിവരും. തങ്ങളുടെ മാതാപിതാക്കളോട് ഈ വിധം പ്രവർത്തിച്ചത് ഈ ലേവ്യർക്ക് സങ്കടകരമായിരുന്നു. എങ്കിലും യഹോവയ്ക്കുവേണ്ടി അവർ ഇപ്രകാരം ചെയ്യുകയാണുണ്ടായത്.

ലേവ്യർ ദൈവത്തെ ഭയപ്പെട്ട് അവിടുത്തെ നാമത്തെ ആദരിക്കുക മൂലം ദൈവം അവർക്ക് ജീവന്റെയും സമാധാനത്തിന്റെയും നിയമം (ഉടമ്പടി) നൽകിയതായി മലാഖി 2:4,5 എന്നീ വാക്യങ്ങളിൽ ദൈവം അരുളിച്ചെയ്തിരിക്കുന്നു. എങ്കിലും വാൾ ഉപയോഗിച്ചാണ് ഈ സമാധാനം അവർ നേടിയത്!!

ഇതെല്ലാം ഇന്ന് നമ്മെ ഏതുവിധം ബാധിക്കുന്നു? പഴയനിയമകാലത്ത് ലേവ്യർ ചെയ്തതുപോലെ മറ്റുള്ളവർക്കെതിരേ ഭൗതികമായ വാളുകൾ നാം ഉപയോഗിക്കുന്നില്ല. "വാൾ ഉപയോഗിക്കു" എന്നുള്ളതിന് ഇന്നുള്ള അർത്ഥം നമ്മുടെ മാതാപിതാക്കളോടും സ്വജനങ്ങളോടുമുള്ള മാനുഷികമായ അടുപ്പം വിഛേദിക്കുകയും തൽസ്ഥാനത്ത് ദൈവികമായ ഒരടുപ്പം കൈവരിക്കയും ചെയ്ക എന്നതാണ്. മാതാക്കൾ തുടങ്ങിയവരോടുള്ള മാനുഷികമായ അടുപ്പം അവരെ സഹായിക്കുവാനും പ്രസാദിപ്പിക്കുവാനുമായി നമ്മെക്കൊണ്ട് പാപം

ചെയ്യിക്കുവാനിടവരാം. എന്നാൽ ദൈവികമായ അടുപ്പം (affection) പാപം ചെയ്യാതെ നമ്മെ തടയുമെന്നു മാത്രമല്ല, അവരെ അധികം ആഴമായും നിർമ്മലമായും സ്നേഹിക്കുവാനും അവർ നമ്മെ വെറുക്കുമ്പോൾത്തന്നെ അവരെ സ്നേഹിക്കുവാനും നമ്മെ സഹായിക്കുകയും കൂടെ ചെയ്യും.

ഏതെങ്കിലുമൊരു സാഹചര്യത്തിൽ നമ്മുടെ മാതാപിതാക്കന്മാർ നമ്മോട് ആവശ്യപ്പെടുന്ന കാര്യവും ദൈവം നമ്മോടാവശ്യപ്പെടുന്ന കാര്യവും തമ്മിൽ ഒരു സംഘട്ടനം ഉണ്ടാകുന്ന പക്ഷം അപ്പോൾ നാം ദൈവത്തെയാണ് അനുസരിക്കേണ്ടത്. അത്തരം സാഹചര്യങ്ങളിലാണ് നാം ദൈവത്തെ ഭയപ്പെടുകയും പ്രസാദിപ്പിക്കുകയും ചെയ്യുന്നുണ്ടോ അതോ നമ്മുടെ സ്വജനങ്ങളെ നാം പ്രസാദിപ്പിക്കുന്നുവോ എന്ന് ദൈവം നമ്മെ ശോധന ചെയ്യുന്നത്.

ദൈവത്തിന് നമ്മുടെ ജീവിതത്തിലുള്ള സ്ഥാനത്തിനെതിരെ നമ്മുടെ മാതാപിതാക്കൾ, ഭാര്യ, മക്കൾ, മറ്റു സ്വജനങ്ങൾ എന്നിവർക്ക് നമ്മുടെ ജീവിതത്തിലുള്ള സ്ഥാനമെന്ന ഈ പ്രശ്നം നമ്മുടെ ക്രിസ്തീയജീവിതത്തിന്റെ ആരംഭഘട്ടത്തിൽത്തന്നെ എന്നേക്കുമായി തീരുമാനിക്കപ്പെടേണ്ടതാണ്. അല്ലാത്തപക്ഷം ജീവിതകാലം മുഴുവൻ നമുക്ക് നിരന്തരമായി പ്രശ്നങ്ങളെ നേരിടേണ്ടിവരും.

നാം ദൈവത്തെ മാനിക്കുന്നുവെങ്കിൽ ദൈവം നമ്മെയും മാനിക്കും. നിങ്ങൾ കർത്താവിനുവേണ്ടി ഒരു നിലപാടു സ്വീകരിക്കുന്നപക്ഷം നിങ്ങളുടെ മാതാപിതാക്കന്മാർ പോലും അനുഗ്രഹിക്കപ്പെടും. ദൈവത്തിന്റെ അന്തിമലക്ഷ്യം നമ്മുടെ നന്മയും മറ്റുള്ളവരുടെ നന്മയുമാണ്. അതിനാൽ ഒത്തുതീർപ്പു നടത്തുന്നവർ ആത്മീയമായി അവർക്കുതന്നെ നഷ്ടം വരുത്തുമെന്നു മാത്രമല്ല, അതുമൂലം അവരുടെ മാതാപിതക്കൾക്കും കൂടെ ദൈവാനുഗ്രഹം നഷ്ടമാകുവാനിടയാകും. ദൈവകല്പനകൾ അനുസരിക്കുന്നതിലൂടെ ഒരിക്കലും നിങ്ങൾ അന്തിമമായി നഷ്ടം സഹിക്കേണ്ടി വരികയില്ല. ദൈവം അബ്രഹാമിനോട് യിസ്ഹാക്കിനെ യാഗമർപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ ഈ പ്രമാണത്തിനുതന്നെയാണ് അവിടുന്ന് ഊന്നൽ നൽകിയത്. യിസ്ഹാക്ക് അബ്രഹമിന്റെ വാത്സല്യപാത്രവും അവന് ഒരു വിഗ്രഹവും ആയിത്തീർന്നിരുന്നു. തന്മൂലം യിസ്ഹാക്കിനെ കൈവെടിയുവാൻ ദൈവം അബ്രഹാമിനോട് ആവശ്യപ്പെട്ടു.

ഇതുപോലെ നിങ്ങൾക്ക് നിങ്ങളുടെ മാതാപിതാക്കളോടോ ഭാര്യയോടോ കുട്ടികളോടോ ഒരടുപ്പം ഉണ്ടായിട്ടുണ്ടോ? എങ്കിൽ ഒരു ശിഷ്യനായിരിപ്പാൻ നിങ്ങൾക്കു സാധ്യമല്ല.

നിങ്ങളുടെ ഭാര്യ വന്ന് സഭയിലുള്ള ഒരു സഹോദരനെപ്പറ്റി നിങ്ങളോട് ദൂഷണം പറയുമ്പോൾ ആ പരദൂഷണാത്മാവിനോട് നിങ്ങൾ സഹകരിക്കുകയാണോ അതോ ഉള്ളുകൊണ്ട് അതിനെ നിരസിക്കുകയാണോ ചെയ്യുന്നത്? അവിടെ ഭാര്യയെ സന്തോഷിപ്പിക്കുവാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? അങ്ങനെയെങ്കിൽ നിങ്ങൾ നഷ്ടപ്പെട്ടവനാകുമെന്നു മാത്രമല്ല, നിങ്ങളുടെ ഭാര്യയും കൂടി നിങ്ങൾക്കു നഷ്ടമാകും. നേരെ മറിച്ച് നിങ്ങൾ നിങ്ങൾ നിങ്ങളെത്തന്നെ നിർമ്മലതയിൽ സൂക്ഷിക്കുമെങ്കിൽ കുറഞ്ഞപക്ഷം നിങ്ങൾ നിങ്ങളെയെങ്കിലും രക്ഷിക്കും. കാലക്രമേണ നിങ്ങളുടെ ഭാര്യയും രക്ഷനേടും. അതിനാൽ "വെറുക്കുക" എന്ന മാർഗ്ഗം എല്ലാവർക്കും നല്ലതുതന്നെ.

ഇത്തരം കാര്യങ്ങളിൽ നാം വിപ്ലവകാരികൾ (radical) ആയിരിക്കുന്ന പക്ഷം പുതിയനിയമപുരോഹിതരായിരിക്കുന്നതിൽ നിന്ന് നമ്മെ തടയുവാൻ ആർക്കും സാധ്യമല്ല.

ഈ കാര്യം ഞാൻ ഒരിക്കൽ കൂടെപ്പറയട്ടെ. മാതാപിതാക്കളുടെ ഇംഗിതത്തിനെതിരായി നിങ്ങൾക്ക് ഒരു നിലപാടു സ്വീകരിക്കേണ്ടി വരുമ്പോൾ നിങ്ങൾ പരുഷഭാവം കാട്ടരുത്. കൃപയോടുകൂടെ നിങ്ങൾ ഇപ്രകാരം പറയുക: "അപ്പച്ചാ, ഞാൻ ഖേദിക്കുന്നു. ആ കാര്യം ദൈവവചനത്തിനെതിരാകയാൽ എനിക്കതു പ്രവർത്തിപ്പാൻ സാധ്യമല്ല. പരുഷഭാവം കാട്ടുന്നതിനെയും സത്യത്തിനുവേണ്ടി നിലകൊള്ളുന്നതിനെയും തമ്മിൽ വേർതിരിച്ചറിയുവാൻ പല യുവവിശ്വാസികളും പഠിച്ചിട്ടില്ലാത്തതുകൊണ്ടാണ് വളരെയധികം പ്രശ്നങ്ങൾ ഉണ്ടാകുന്നത്.

**ശിഷ്യത്വവും വിവാഹവും**

വിവാഹം ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു പടിയാണ്. എന്തെന്നാൽ അതിന് ഒരു മനുഷ്യന്റെ മുഴുവൻ ജീവിതത്തെയും ആക്കുവാനോ അഴിക്കുവാനോ കഴയും.

വിവാഹത്തിൽ ദൈവഹിതമന്വേഷിക്കുന്ന യുവജനങ്ങൾ കർത്താവിനോട് തങ്ങൾ ഒന്നാമത് അവിടുത്തെ ശിഷ്യരായതിനാൽ തങ്ങളുടെ ജീവിതത്തിൽ ഏറ്റവും വലിയ സംഗതി വിവാഹമല്ലെന്നും അത് കർത്താവിനെ പിന്തുടരുക എന്നതാണെന്നും പറയണം.

സകലവും ത്യജിച്ചവനാണ് ഒരു വിശ്വാസി. കർത്താവ് അപ്രകാരം തന്നെപ്പറ്റി ആഗ്രഹിക്കുന്നപക്ഷം അവിവാഹിതനായിരിപ്പാൻ പോലും താൻ സന്നദ്ധനാണെന്ന് അയാൾ കർത്താവിനോട് പറയണം. അത്തരം യുവജനങ്ങൾക്കു മാത്രമേ വിവാഹത്തിൽ ദൈവത്തിന്റെ സർവോന്നതതന്മ ലഭിപ്പാൻ കഴിയൂ. ഇന്ന് വിശ്വാസികൾക്കിടയിലുള്ള അസന്തുഷ്ടവിവാഹങ്ങളുടെ വലിയ സംഖ്യയും വിവാഹത്തിൽ ഐക്യത്തിന്റെ അഭാവവും നാം നോക്കുമ്പോൾ ഈ ദമ്പതിമാർ ഒന്നാമത് ക്രിസ്തുശിഷ്യന്മാരെന്ന നിലയിലല്ല വിവാഹബന്ധത്തിലേക്കു പ്രവേശിച്ചതെന്ന വസ്തുത വ്യക്തമാകുന്നതാണ്.

ഒരിക്കൽ കർത്താവിനെ ജീവിതത്തിൽ ഒന്നാംസ്ഥാനത്തു പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ വിശ്രമത്തിന്റേതായ ഒരടിസ്ഥാനത്തിൽ നമുക്കു ദൈവഹിതം അന്വേഷിപ്പാൻ കഴിയും. ആദാമിന് ഒരു ഭാര്യയെ ഒരുക്കുന്ന സമയത്ത് ദൈവം അദ്ദേഹത്തിന് ഒരു ഗാഢനിദ്ര വരുത്തിയെന്ന കാര്യം ഓർക്കുക. ഒരു ജീവിത പങ്കാളിയെ അന്വേഷിച്ചുകൊണ്ട് ആദാമിന് ആ തോട്ടത്തിനു ചുറ്റും വിരഞ്ഞോടേണ്ടി വന്നില്ല! അതുപോലെ നാമും ദൈവ

ഹിതം ചെയ്തുകൊണ്ട് വിശ്രാന്തിയിലായിരിക്കേണ്ടത് ആവശ്യം. അപ്പോൾ തക്കസമയത്തു ദൈവം തന്ന നമ്മുടെ ജീവിതപങ്കാളിയെ നമ്മുടെ അടുക്കൽ എത്തിക്കും. ഇതുകൊണ്ട് ഒരു ജീവിതപങ്കാളിയെ നാം അന്വേഷിക്കേണ്ടതില്ലെന്നു വന്നുകൂടുന്നില്ല. എന്നാൽ അതിനെപ്പറ്റി ഭീതിപ്പെടേണ്ട കാര്യമില്ലെന്ന് ഇതു കാണിക്കുന്നു.

യുവാക്കന്മാർ 25 വയസ്സാകുന്ന സമയത്തും യുവതികൾ 20 വയസ്സാകുമ്പോഴും തങ്ങളുടെ ഭാവിജീവിതപങ്കാളിയെപ്പറ്റി പ്രാർത്ഥിക്കുവാനാരംഭിക്കണം. ആ പ്രായത്തിലെത്തുന്നതിനുമുമ്പ് വിവാഹത്തെപ്പറ്റി ചിന്തിക്കാതെ കർത്താവിനെയും അവിടുത്തെ വചനത്തെയും വേലയെയും പറ്റിയായിരിക്കണം നിങ്ങളുടെ ചിന്ത. നിങ്ങൾ കണ്ടുമുട്ടുന്ന ആകർഷകത്വമുള്ള ഓരോ പെൺകുട്ടിയെയോ ആൺകുട്ടിയെയോ ഒരു സാധ്യതയായി പ്പരിഗണിച്ചുകൊണ്ട് നിങ്ങളുടെ സമയം പാഴാക്കരുത്. വാസ്തവത്തിൽ ആകർഷകത്വമുള്ള ഒരാളെ കണ്ടുമുട്ടുമ്പോൾ മറ്റാരെങ്കിലും ആ വ്യക്തിയെ സ്വന്തമാക്കാതെ ഞാൻ അവനെ/അവളെ പിടിച്ചെടുക്കുമെന്നു നിങ്ങൾ ചിന്തിക്കരുത്. ദൈവം യഥാർത്ഥത്തിൽ ആ വ്യക്തിയെ നിങ്ങൾക്കായി തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ ആ വ്യക്തിയെ അവിടുന്നു നിങ്ങൾക്കായി സൂക്ഷിച്ചുകൊള്ളും. മറ്റാർക്കും അയാളെ പിടിച്ചെടുക്കാൻ സാധ്യമല്ല. നിങ്ങൾ കർത്താവിന്റെ ഒരു യഥാർത്ഥശിഷ്യനാണെങ്കിൽ അവിടുന്ന് സർവോന്നതമായത് നിങ്ങൾക്കായി കരുതിക്കൊള്ളും.

ദാവീദ് ശൗലിന്റെ പക്കൽനിന്നു സിംഹാസനം പിടിച്ചെടുത്തില്ല. മറിച്ച് ദൈവത്തിന്റെ സമയത്തിനായി കാത്തിരുന്നു. ദൈവം അദ്ദേഹത്തെ "എന്റെ ഹൃദയ പ്രകാരമുള്ള മനുഷ്യൻ" എന്നുവിളിക്കയും ചെയ്തു (അപ്പോ: പ്ര: 13:22). നിങ്ങളും കാത്തിരുന്ന് സകലവും ദൈവകരങ്ങളിൽ നിന്നു പ്രാപിക്കുമെങ്കിൽ നിങ്ങളെപ്പറ്റിയും അവിടുന്ന് അപ്രകാരം തന്നെപറയും. നിങ്ങൾ ഒന്നാമത് ദൈവരാജ്യം അന്വേഷിച്ചുകൊണ്ട് നിങ്ങളുടെ സമയം ചെലവഴിക്കുന്ന പക്ഷം നിങ്ങൾക്ക് നിങ്ങളുടെ വിവാഹകാര്യം ദൈവകരങ്ങളിൽ ഏല്പിച്ചുകൊടുക്കാം. നിങ്ങൾ അവിടുത്തെ മാനിക്കുന്ന പക്ഷം അവിടുന്ന് നിങ്ങളെയും മാനിക്കും.

ഒരു പിതാവിന് തന്റെ മക്കൾക്കായി ഭവനവും സമ്പത്തും നൽകാൻ കഴിയുമെങ്കിലും നല്ലൊരു ഭാര്യയെ ദൈവമാണു നൽകുന്നതെന്ന് സദൃശ വാക്യം 19:14-ൽ പറയുന്നു. അതിനാൽ ദൈവത്തിൽ നിന്ന് നിങ്ങളുടെ ജീവിതപങ്കാളിയെ ലഭിക്കുവാൻ ആഗ്രഹിക്കുക.

ഒരു ശിഷ്യൻ തന്റെ ജീവിതപങ്കാളിയെ ഏതുവിധമാണ് അന്വേഷിച്ചുകണ്ടെത്തേണ്ടത്?

ആലോചിച്ചു തീരുമാനിക്കപ്പെടുന്ന വിവാഹത്തിൽ (arranged marriage) ഉറപ്പായി വിശ്വസിക്കുന്ന ഒരുവനാണ് ഞാൻ. ദൈവത്തിന്റെ ആലോചനയാൽ തീരുമാനിക്കപ്പെടുന്ന വിവാഹത്തിൽത്തന്നെ. ബൈബിളിൽ അത്തരം രണ്ടു വിവാഹങ്ങളെപ്പറ്റി നാം വായിക്കുന്നു. ആദാമിന് ദൈവം ഒരു ജീവിതപങ്കാളിയെ നൽകി. അതുപോലെ യിസ്ഹാക്കിനും ദൈവം ഒരു ജീവിതപങ്കാളിയെ ക്രമീകരിച്ചു. എന്റെ സാക്ഷ്യം ഇതാണ്: എനിക്കും ദൈവം ഒരു ജീവിതപങ്കാളിയെ കണ്ടെത്തുകയാണുണ്ടായത്. എനിക്കു ലഭിക്കാവുന്നതിൽ സർവോത്തമയായ ഒരുവളെത്തന്നെ.

ദൈവത്തിന്റെ കണ്ണുകൾ ഇപ്പോഴും തങ്കൽ ഏകാഗ്രചിത്തരായിരിക്കുന്നവരെ സഹായിക്കുവാൻ വേണ്ടി ഭൂമിയിലൊക്കെയും ഊടാടിക്കൊണ്ടിരിക്കുന്നു. (2 ദിനവൃ: 16:9) ദൈവത്തിനു ചെയ്യാൻ കഴിയുന്നതുപോലെ ഭൂമി മുഴുവൻ തിരയുവാൻ മറ്റാർക്കും സാധ്യമല്ല. അവനിൽ ആശ്രയിക്കുന്നവർ ഒരിക്കലും നിരാശരാവുകയില്ല.

അതിനാൽ ഒരു നല്ല ഭാര്യയെ, അഥവാ ഭർത്താവിനെ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ഒന്നാമത് യേശുക്രിസ്തുവിനെ പൂർണ്ണഹൃദയത്തോടെ പിന്തുടരുന്ന ഒരു ശിഷ്യനായി അഥവാ ശിഷ്യയായിത്തീരുക. അപ്പോൾ ദൈവം തന്നെ നിങ്ങളുടെ വിവാഹം ക്രമീകരിക്കും. "നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ".

യിസ്ഹാക്കിനു ഉചിതമായ പെൺകുട്ടിയെ തിരഞ്ഞെടുത്തു നൽകുവാൻ അബ്രഹാമിന്റെ ഭൃത്യൻ പ്രാർത്ഥിച്ചു. ദൈവം അപ്രകാരം നൽകുകയും ചെയ്തു (ഉൽപത്തി: 24). ഈ ദൈവമാണ് നിങ്ങളുടെ പിതാവ്. അവിടുന്നു നിങ്ങൾക്കും അപ്രകാരം നൽകും.

പുതുക്കപ്പെട്ട ഒരു മനസ്സിലൂടെ ദൈവം തന്റെ തിരുഹിതം വെളിപ്പെടുത്തുന്നുവെന്ന് ബൈബിൾ പ്രസ്താവിക്കുന്നു (റോമർ: 12:2). അതിനാൽ ദൈവത്തിന്റെ പരിപൂർണ്ണഹിതം തിരിച്ചറിയുവാൻ നമ്മുടെ മനസ്സുകൾ പതുക്കപ്പെടുന്നതിന് നാം അനുവദിക്കണം. പുതുക്കപ്പെട്ട മനസ്സെന്നത് ദൈവത്തിന്റെ വീക്ഷണകോണത്തിലൂടെ ആളുകളെ നോക്കുവാൻ അഭ്യസിച്ചിട്ടുള്ള ഒന്നാണ്.

സദൃശവാക്യങ്ങൾ: 31:10-31 വാക്യങ്ങളിൽ ദൈവം ശുപാർശ ചെയ്യുന്ന ഒരു ഭാര്യയുടെ മാതൃക നാം കാണുന്നു. വിവാഹത്തിനായി ഒരു പെൺകുട്ടിയെ പരിഗണിക്കുന്ന സമയത്ത് അവിടെക്കാണിച്ചിട്ടുള്ള ഗുണവിശേഷങ്ങളാണ് എല്ലാ യുവാക്കന്മാരും പ്രതീക്ഷിക്കേണ്ടത്. എല്ലാ പെൺകുട്ടികളും തങ്ങളുടെ ജീവിതത്തിൽ പിന്തുടരേണ്ട മൂല്യങ്ങളും അവ തന്നെയാണ്.

പല യുവാക്കന്മാരും ഒരു സ്ത്രീയുടെ ആകാരസൗന്ദര്യമാണ് നോക്കുന്നത്. ഈ കാര്യങ്ങളെത്തന്നെയാണ് വ്യാജവും വ്യർത്ഥവുമെന്ന് സദൃശവാക്യം: 31:30-ൽ പറയുന്നത്. വിവേകമില്ലാത്ത സുന്ദരി പൊൻമുക്കുത്തിയണിഞ്ഞ ഒരു പന്നിപോലെയാണെന്ന് സദൃശവാക്യം: 11:22 പറയുമ്പോൾ ശക്തമായ ഭാഷയിലാണ് ഈ വിഷയത്തെ കൈകാര്യം ചെയ്യുന്നത്. (വിവേകത്തിന്റെ ആദ്യപടി ദൈവഭയം തന്നെ) ചില യുവാക്കന്മാർ പൊൻമുക്കുത്തിയിൽ ഭ്രമിച്ച് പന്നിയെത്തന്നെ വിവാഹം ചെയ്യുന്നു.

സദൃശവാക്യം 31-ൽ വിവരിക്കുന്ന സ്ത്രീ തന്റെ കൈകൊണ്ട് നല്ലവണ്ണം അധ്വാനിക്കുന്ന ഒരുവളാണ്. അവൾ അതിരാവിലെ ഉണരുന്നു (വാക്യം: 13, 15) തന്റെ കുടുംബത്തിന് ഒരധികവരുമാനം ഉണ്ടാക്കുവാൻ അവൾ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കുന്നു (വാക്യം 16). പണം ചെലവാക്കുന്നതിൽ അവൾ സൂക്ഷ്മതയുള്ളവളാണ്. അവൾ ദരിദ്രരെ സഹായിക്കുന്നു. ദയയുള്ള ഉപദേശം അവളുടെ നാവിന്മേൽ ഉണ്ട് (വാക്യം 26). ചുരുക്കിപ്പറഞ്ഞാൽ അവൾ അധ്വാനശീലയും മിതവ്യയക്കാരിയും ഔദാര്യവതിയും കൃപയോടുകൂടി സംസാരിക്കുന്നവളും അത്രേ.

അവളുടെ കൈകൾ കഠിനാധ്വാനത്താൽ തഴമ്പിച്ചതും നാവ് മൃദുവുമാണ്. ദൗർഭാഗ്യവശാൽ ഇന്നു പല ക്രിസ്തീയ യുവതിക്കളിലും നാം കാണുന്നത് ഇതിനു നേർ വിരുദ്ധമായ സ്ഥിതിയാണ്. അവരുടെ കൈകൾ മൃദുവും നാവ് (ഗർവ് മൂലം) കഠിനവുമാണ്!! അത്തരമൊരു സ്ത്രീയെ വിവാഹം ചെയ്യുന്ന മനുഷ്യന് അയ്യോ കഷ്ടം!!

അങ്ങുമിങ്ങുംപോയി ബൈബിൾ ക്ലാസ്സുകൾ നടത്തുന്ന ഒരുവൾ ഒരു നല്ല ഭാര്യയായിത്തീരണമെന്നില്ല. മതപ്രവർത്തനങ്ങളെ ആത്മീയതയായി യുവജനങ്ങൾ തെറ്റിദ്ധരിക്കരുത്. വിവാഹം ചെയ്യുമ്പോൾ നിങ്ങൾ ആഗ്രഹിക്കുന്നത് ഒരു ഭാര്യയെയും നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഒരു മാതാവിനെയുമാണ്. നിങ്ങളിൽ ആർക്കും ഒരു ബൈബിൾ ടീച്ചറല്ല ആവശ്യമെന്ന് ഓർത്തുകൊൾക.

ഉത്തമഗീതം: 8:9-ൽ രണ്ടു യുവതികളെപ്പറ്റി പറയുന്നു: ഒന്ന് മതിൽ പോലെയുള്ളവർ. രണ്ട് വാതിലിനു തുല്യകൾ. വാതിൽ എന്നത് മലർക്കെത്തുറന്ന ഹൃദയവുമായി നിങ്ങളെ സമീപിക്കുന്ന സ്വച്ഛന്ദചാരിണിയായ (for ward type) യുവതിയാണ്. മതിലാകട്ടെ, എല്ലാ യുവതികളെയും ദൈവം സൃഷ്ടിച്ചിട്ടുള്ള വിധം ലജ്ജാശീലയും മിതഭാഷിണിയുമാണ്. ഒരു യുവതി ഒരു വാതിൽ പോലെയാണെങ്കിൽ മാതാപിതാക്കന്മാർ അവളെ അടക്കി നിർത്തേണ്ടതാണെന്ന് ആ വാക്യം തുടർന്നുപറയുന്നു. എങ്കിലും അവൾ ഒരു മതിൽ പോലെയാണെങ്കിൽ ഒരു കൊട്ടാരം (ദൈവികഭവനം) അവളിലൂടെ പടുത്തുയർത്തുവാൻ സാധ്യമാണ്.

1 പത്രൊസ് 3:3-4 വാക്യങ്ങൾ ശിഷ്യകളായിത്തീരാനാഗ്രഹിക്കുന്ന എല്ലാ സ്ത്രീകളു വിലയേറിയ വസ്ത്രവും ആഭരണങ്ങളും ഒഴിവാക്കുവാൻ ആവശ്യപ്പെടുന്നു. കാരണം, ഒരു സ്ത്രീയിൽ ദൈവം നോക്കുന്ന ഏറ്റവും വിലപ്പെട്ട കാര്യം സൗമ്യതയും ശാന്തതയുമുള്ള ഒരു മനസ്സാണ്. ശിഷ്യത്വം പ്രാഥമികമായി കാണപ്പെടുന്നത് ഒരു മനുഷ്യന്റെ വേഷധാരണത്തിലല്ലെങ്കിലും ഒരു സ്ത്രീയുടെ വസ്ത്രധാരണം അവളുടെ സ്വഭാവത്തെ വലിയൊരളവിൽ വെളിപ്പെടുത്തുന്നു. തന്റെ ഹൃദയത്തിൽ അവൾ വിലപ്പെട്ടതായിക്കരുതുന്ന മൂല്യങ്ങളെ അവളുടെ വസ്ത്രധാരണരീതി പലപ്പോഴും പ്രത്യക്ഷമാക്കുന്നു. ഒരു ക്രിസ്തുശിഷ്യൻ വൃത്തികേടായോ അലസമായോ വസ്ത്രം ധരിപ്പാൻ പാടില്ല. എന്നാൽ വിലയേറിയ വസ്ത്രത്തിനോ ആഭരണത്തിനോ വേണ്ടി അയാൾ പണം ദുർവിനിയോഗപ്പെടുത്തുവാനും പാടില്ല.

അതിനാൽ ദൈവഭക്തിയുള്ള ഒരു ഭാര്യയെ അന്വേഷിക്കുന്ന ഒരുവൻ പ്രാഥമികമായി ദൈവഭയത്തെയും അതിനോടൊപ്പം സൗമ്യവും ശാന്തവുമായ മനോഭാവം, ഉത്സാഹശീലം, സൗമ്യഭാഷണം, ലജ്ജാശീലം, ലാളിത്യം എന്നിവയുമാണ് നോക്കേണ്ടത്.

യുവതികൾ വിവാഹത്തെപ്പറ്റി ചിന്തിക്കുമ്പോൾ സാധാരണയായി വിദ്യഭ്യാസം, സമ്പത്ത്, ആകാരയോഗ്യത എന്നിവയാണ് പരിഗണിക്കാറുള്ളത്. ഒരു കുടുംബത്തെ പുലർത്തുവാൻ വൈകയില്ലാത്ത ഒരുവനെ ഒരു സ്ത്രീ വിവാഹകാര്യത്തിൽ പരിഗണിക്കരുത് എന്നത് സത്യം തന്നെ. കാരണം, ഒരുവൻ തന്റെ ഭവനം അഥവാ കുടുംബം പടുത്തുയർത്തുന്നതിനുമുമ്പ് തന്റെ തൊഴിൽ അഥവാ വരുമാനമാർഗ്ഗം സ്ഥിരമാക്കണമെന്നു ബൈബിൾ ഉദ്ബോധിപ്പിക്കുന്നു (സദൃശ: 24:27). എങ്കിലും അതുകൊണ്ട് എല്ലാമായി എന്നു ചിന്തിക്കാനും പാടില്ല.

ഒരു യുവതിയെന്ന നിലയിൽ നിങ്ങൾ ഒന്നാമതായി ഉറപ്പുവരുത്തേണ്ട കാര്യം നിങ്ങൾ പരിഗണിക്കുന്ന യുവാവ് പൂർണ്ണഹൃദയത്തോടെ കർത്താവിനെ പിന്തുടരുന്നവനും നിങ്ങൾക്ക് മാതൃകായോഗ്യനായ ഒരു ശിഷ്യനുമാണോ എന്നതാണ്. ബൈബിൾ അപ്രകാരം കല്പിക്കുന്നതുകൊണ്ടു മാത്രമല്ല, നേരെമറിച്ച് സന്തോഷത്തോടുകൂടെത്തന്നെ അയാളെ നിങ്ങളുടെ ശിരസ്സാക്കിത്തീർക്കുവാൻ നിങ്ങൾക്കു കഴിയുമോ? ഏതെങ്കിലും യുവാവിനെപ്പറ്റി പരിഗണിക്കുമ്പോൾ നിങ്ങൾ നിങ്ങളോടുതന്നെ ചോദിക്കേണ്ട ഒന്നാമത്തെ ചോദ്യം ഇതാണ്.

ഈ വിഷയത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ ലഭിക്കുവാൻ "സെക്സ്, പ്രേമം, വിവാഹം - ഒരു ക്രിസ്തീയസമീപനം" എന്ന എന്റെ പുസ്തകം ദയവായി വായിക്കുക.

**ശിഷ്യത്വവും ഭവനവും**

മലാഖി: 2:15ൽ ദൈവം പുരുഷനെയും അവന്റെ ഭാര്യയെയും ഒന്നാക്കിത്തീർത്തത് അവരിലൂടെ ദൈവഭക്തിയുള്ള സന്താനങ്ങളെ തനിക്കു ലഭിക്കുന്നതിനാണെന്നു നാം വായിക്കുന്നു. ഏതൊരാൾക്കും സന്താനങ്ങൾ ഉണ്ടാകാം; എന്നാൽ യേശുവിന്റെ ശിഷ്യനായ ഒരുവൻ മാത്രമേ ദൈവഭക്തിയുള്ള സന്താനങ്ങളെ വളർത്തിക്കൊണ്ടുവരുന്നുള്ളു.

മാതാപിതാക്കളിൽ കുറഞ്ഞപക്ഷം ഒരാളെങ്കിലും ഒരു യഥാർത്ഥശിഷ്യനും (ശിഷ്യയും) തന്റെ മുഴുഹൃദയത്തോടും കർത്താവിനെ സ്നേഹിക്കുന്നവനുമായിത്തീരുക എന്നതാണ് ഇതിനാവശ്യമായ ഒന്നാമത്തെ കാര്യം. അർദ്ധമനസ്കരായ ക്രിസ്ത്യാനികൾക്ക് ദൈവഭക്തിയുള്ള മക്കൾ ഉണ്ടാവുക സാധ്യമല്ല.

രണ്ടാമത്തെ പ്രധാനാവശ്യം ഭാര്യാഭർത്തക്കന്മാർ തമ്മിലുള്ള ഒരുമയാണ്. അവരിൽ ഒരാൾ ഒരു ശിഷ്യനോ ശിഷ്യയോ അല്ലെങ്കിൽ ഇതു സാധ്യമായെന്നു വരികയില്ല. അങ്ങനെ വരുമ്പോൾ മറ്റെയാൾ

തനിച്ച് തന്റെ മക്കൾക്കുവേണ്ടി സാത്താനോട് പോരാടി കാര്യം സാധിക്കേണ്ടിവരും. എന്നാൽ ഇരുവരും പൂർണ്ണഹൃദയത്തോടെ കർത്താവിനെ പിന്തുടരുന്നവരാണെങ്കിൽ കാര്യം കൂടുതൽ എളുപ്പമാണ്. ഈ കാരണത്താലാണ് ശരിയായ വിവാഹപങ്കാളിയെ തിരഞ്ഞെടുക്കുന്നത് ഏറ്റവും പ്രധാനമായിരിക്കുന്നത്.

ഭാര്യാഭർത്താക്കന്മാർ എപ്പോഴും കലഹിക്കുകയും കുറ്റം പറകയും ചെയ്യുന്നവരാണെങ്കിൽ കുട്ടികളെ ദൈവഭയത്തിൽ വളർത്തുക വളരെ പ്രയാസമാണ്. ദൈവഭക്തിയുള്ള ഒരു കുടുംബം പടുത്തുയർത്തുവാൻ നിങ്ങൾ ആഗ്രഹിക്കുന്നപക്ഷം എന്തുവില കൊടുത്തും ഭാര്യയോട് അഥവാ ഭർത്താവിനോട് ഐക്യം പുലർത്തുവാൻ ആഗ്രഹിക്കുക. അതിന്റെ ഫലമായി നിങ്ങളുടെ അവകാശങ്ങളും കൈവെടിയേണ്ടിവന്നാൽത്തന്നെയും അപ്രകാരം ചെയ്തേ മതിയാവൂ. പിൽക്കാലത്ത് നിങ്ങളുടെ മക്കൾ കർത്താവിനെ പിന്തുടരുന്നതു കാണുമ്പോൾ അതാണ് ദീർഘകാലാടിസ്ഥാനത്തിൽ ഉത്തമമായ മാർഗ്ഗമെന്നു നിങ്ങൾക്കു ബോധ്യമാകും.

ശിഷ്യരായ രണ്ടുപേർ തമ്മിലുള്ള ഐക്യത്തിൽ ഒരദ്ഭുതശക്തി അടങ്ങിയിട്ടുണ്ട്. ഭൂമിയിൽ രണ്ടു ശിഷ്യന്മാർ ഒരുമനപ്പെടുമ്പോൾ സ്വർഗ്ഗതലങ്ങളിൽ സാത്താന്യശക്തികളെയും അധികാരങ്ങളെയും ബന്ധിക്കുവാനുള്ള അധികാരം അവർക്കു ലഭിക്കുമെന്ന് മത്തായി: 18: 18-20 വാക്യങ്ങളിൽ കർത്താവായ യേശു പറഞ്ഞിട്ടുണ്ട് (എഫേസ്യർ: 6:12 കൂടെ നോക്കുക). ഇങ്ങനെയാണ് ദുഷ്ടാത്മ ശക്തികൾ നമ്മുടെ കുഞ്ഞുങ്ങളെ സ്വാധീനിക്കാനിടയാകാതവണ്ണം നമ്മുടെ ഭവനങ്ങളിൽ നിന്ന് അവയെ അകറ്റിക്കളയുവാൻ നമുക്കു സാധിക്കുന്നത്.

എഫേസ്യർ: 5:22 മുതൽ 6:9 വരെയുള്ള വാക്യങ്ങളിൽ ഭാര്യഭർത്താക്കന്മാർ തമ്മിലും മക്കളും അമ്മയപ്പന്മാരും തമ്മിലും ഭൃത്യരും യജമാനന്മാരും തമ്മിലും ഉള്ള കുടുംബബന്ധങ്ങളെപ്പറ്റി പരിശുദ്ധാത്മാവ് സംസാരിക്കുന്നു. അതിനു തൊട്ടുപിമ്പായി 10-ാം വാക്യം മുതൽ സ്വർഗ്ഗതലങ്ങളിൽ ദുഷ്ടാത്മശക്തികളുമായി പോരാടുന്നതിനെപ്പറ്റിയാണ് പരിശുദ്ധാത്മാവ് തുടർന്നു സംസാരിക്കുന്നത്. എന്താണ് ഇതു നമ്മെ പഠിപ്പിക്കുന്നത്? സാത്താന്റെ ആക്രമണം പ്രാഥമികമായി കുടുംബബന്ധങ്ങളുടെ നേരെയാണെന്നുള്ളതു തന്നെ. ഇവിടെയാണ് നാം സാത്താന്റെ ആക്രമണങ്ങളെ ഒന്നാമതായി ജയിക്കേണ്ടത്.

അന്യോന്യം കലഹിക്കുന്ന ഭാര്യഭർത്താക്കന്മാർ തങ്ങൾക്കിടയിൽ അപ്രകാരം സൃഷ്ടിക്കപ്പെട്ട പഴുതിലൂടെ സാത്താൻ ഭവനങ്ങളിൽ കടന്ന് മക്കളെ ആക്രമിക്കുവാൻ വാതിൽ തുടന്നുകൊടുക്കുകയാണെന്നുള്ള സത്യം മനസ്സിലാക്കുന്നില്ല. തങ്ങളുടെ മാതാപിതാക്കളോട് പരുഷമായും വിനയംകൂടാതെയും ഉത്തരം പറയുന്ന മത്സരിയായ ഒരു കുട്ടിക്ക് ആ രോഗബീജം ഭർത്താവിനോടു പരുഷമായി സംസാരിക്കുന്ന സ്വന്തമാതാവിൽ നിന്നോ ഏതെങ്കിലും മേഖലയിൽ കർത്താവിനോടു മറുതലിക്കുന്ന തന്റെ പിതാവിൽ നിന്നോ ആയിരിക്കും ലഭിച്ചിട്ടുള്ളത്. മാതാപിതാക്കൾ തന്നെ ഭവനത്തിലേക്കു ആദ്യം കടത്തിക്കൊണ്ടുവന്ന രോഗബീജത്തിന് പാവം കുട്ടിയെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. സ്വന്തം തെറ്റിനെക്കുറിച്ച് ആദ്യം മാനസാന്തരപ്പെടേണ്ടത് മാതാപിതാക്കളാണ്.

നിങ്ങളുടെ ഭവനത്തിന്റെ വലിപ്പത്തെയോ ഭംഗിയെയോ അതിൽ മോടിയോടെ നിങ്ങൾ സജ്ജീകരിച്ചിട്ടുള്ള ഉപകരണങ്ങളെയോ അപേക്ഷിച്ച് അത്യന്തം പ്രധാനമായിട്ടുള്ളത് കുടുംബത്തിന്റെ ഒരുമയാണ്. ഒരു പഴഞ്ചൻ കുടിലിൽ താമസിക്കുന്ന കുടുംബത്തിലെ അംഗങ്ങൾ ആദ്യംതന്നെ ക്രിസ്തുശിഷ്യരായിത്തീർന്നിട്ടുണ്ടെങ്കിൽ ആ കുടുംബത്തിലൂടെ ദൈവതേജസ്സു വെളിപ്പെടും.

ഏദെനിൽവച്ച് ആദാമിനെയും ഹവ്വയെയും ബാധിച്ച ഒരു കഠിനരോഗമാണ് മറ്റുള്ളവരെ കുറ്റപ്പെടുത്തുക എന്നുള്ളത്. ഒരു യഥാർത്ഥക്രിസ്തുശിഷ്യൻ ആ ഭയാനകരോഗത്തിൽ നിന്നു സ്വതന്ത്രനായിരിക്കും. ആദാം തന്റെ പാപത്തിന്റെ കാര്യത്തിൽ ഹവ്വയെ കുറ്റപ്പെടുത്തി. ഹവ്വ തന്റെ പാപത്തിനു വേണ്ടി പാമ്പിനെയും.

ആത്മാവിൽ ദരിദ്രരായവർക്കുള്ളത് സ്വർഗ്ഗരാജ്യം (മത്തായി: 5:3). ആത്മാവിൽ ദരിദ്രനായ ഒരുവന്റെ ആദ്യത്തെ ലക്ഷണം സ്വന്തം പരാജയത്തെയും ആവശ്യത്തെയും കുറിച്ചുള്ള ഒരു ബോധം അവനുണ്ടായിരിക്കും എന്നതാണ്. ആത്മാവിൽ ദാരിദ്ര്യമുള്ള ഒരു ഭാര്യയും ഭർത്താവും ഭൂമിയിൽ സ്വർഗ്ഗത്തിന്റെ ഒരു മുന്നനുഭവമായി സ്വന്തം ഭവനത്തെ രൂപാന്തരപ്പെടുത്തും. അത്തരമൊരു ഭവനത്തിൽ ഓരോരുത്തരും സ്വയം വിധിക്കുന്നവരായിട്ടേ ഇരിക്കൂ; മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നവരാവുകയില്ല. അവിടെ പിശാചിന് യാതൊരുവിധത്തിലും പ്രവേശനം ലഭിക്കയില്ല. ആ ഭവനത്തിലെ കുട്ടികൾ എത്ര അദ്ഭുതകരമായ അനുഗ്രഹമാണ് അവകാശപ്പെടുത്തുവാൻ പോകുന്നതെന്ന് നിങ്ങൾക്കു സങ്കല്പിക്കുവാൻ കഴിയുമോ?

ഉദ്യോഗസ്ഥകളായ മാതാക്കളെപ്പറ്റി ഒരു വാക്കു ഞാൻ പറഞ്ഞുകൊള്ളട്ടെ. നാം ജീവിക്കുന്ന ഇക്കാലത്ത് ദൗർഭാഗ്യവശാൽ ചില നഗരങ്ങളിൽ ഉയർന്ന ജീവിതച്ചെലവുനിമിത്തം ഇതൊരാവശ്യമായിത്തീർന്നിട്ടുണ്ട്. എന്നാൽ അത്തരം മാതാക്കൾ ചില കാര്യങ്ങൾ മനസ്സിൽ കരുതിക്കൊള്ളേണ്ടത് ആവശ്യമാണ്.

സ്ത്രീകളെ സംബന്ധിച്ചുള്ള ദൈവഹിതം അവർ ഒന്നാമത് വീട്ടുകാര്യം നോക്കുന്നവരായിരിക്കണം എന്നതാണെന്ന് തീത്തോസ്: 2:5-ൽ പറയുന്നു. അതിനാൽ ഒരു മാതാവും വീട്ടിനുപുറത്ത് ഒരു തൊഴിൽ ചെയ്യേണ്ടിവരുന്നതുമൂലം സ്വന്തഭവനത്തെ അവഗണിക്കുന്നവളായിത്തീരരുത്. അവളുടെ താൽപര്യവും ശ്രദ്ധയും പ്രാഥമികമായി കർത്താവ്, തന്റെ ഭർത്താവ്, മക്കൾ എന്നിവരെപ്പറ്റിയായിരിക്കണം. മുൻഗണനാക്രമവും ആ വിധം തന്നെയാവണം. അവൾക്ക് ഒരു തൊഴിൽ ചെയ്യേണ്ടിവരുന്നപക്ഷം അതിന് ഈ മൂന്നും കഴിഞ്ഞുള്ള നാലാം സ്ഥാനമേ നൽകപ്പെടാവൂ.

മക്കളില്ലാത്ത വിവാഹിതമാർക്ക് വലിയ പ്രശ്നമൊന്നും കൂടാതെ തന്നെ ഉദ്യോഗം നോക്കുവാൻ പോകാവുന്നതാണ്.

ഈ കാലത്ത് കൊച്ചുകുഞ്ഞുങ്ങളുള്ള അമ്മമാർ ഉദ്യോഗത്തിനു പോകുന്നതിന് സാധാരണയായി രണ്ടു കാരണങ്ങൾ ഉണ്ടായിരിക്കും.

1) ഭർത്താവിന്റെ വരുമാനം കുടുംബാവശ്യങ്ങൾ നിറവേറ്റുവാൻ മതിയാവാതെ വരുമ്പോൾ ഉപജീവനത്തിനുവേണ്ടി.

2 ഭാര്യഭർത്താക്കന്മാർ ഉയർന്ന ഒരു ജീവിതനിലവാരം പുലർത്തുവാനാഗ്രഹിക്കുന്നതുമൂലം ആഡംബരത്തിനുവേണ്ടി.

നിങ്ങളുടെ കാര്യത്തിൽ കാരണം ഉപജീവനമാണെന്ന് നിങ്ങൾക്കു ദൈവമുമ്പാകെ സത്യസന്ധമായി പറയുവാൻ കഴിയുമെങ്കിൽ നിങ്ങളുടെ എല്ലാ കുടുംബച്ചുമതലകളും നിറവേറ്റുവാനാവശ്യമായ പ്രത്യേക കൃപ ദൈവം നൽകുമെന്ന് നിങ്ങൾക്ക് ഉറപ്പാക്കാം.

നേരെമറിച്ച് ആഡംബരമാണ് കാരണമെങ്കിൽ നിങ്ങൾ യഥാർത്ഥമായും ആപത്തിലാണെന്ന് ഞാൻ നിങ്ങൾക്ക് താക്കീതു നൽകുന്നു. അനേകവർഷങ്ങൾക്കുശേഷം നിങ്ങളുടെ മക്കൾ വീടുവിടുകയും താന്തോന്നികളും ദൈവത്തിനു പ്രയോജനമില്ലാത്തവരുമായിത്തീരുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന്റെ ഭവിഷ്യത്തുകൾ നിങ്ങൾ കൊയ്തെടുക്കുകയുള്ളു. ആ സമയത്ത് അതിനെ സംബന്ധിച്ച് എന്തെങ്കിലും ചെയ്യാനുള്ള സമയം കഴിഞ്ഞിരിക്കും.

ഞാൻ പ്രവർത്തിക്കുന്നതു മാത്രമാണ് പ്രസംഗിക്കുന്നതെന്ന കാര്യത്തിൽ ദൈവം എനിക്കു സാക്ഷിയാണ്. 1969-ൽ ഞങ്ങളുടെ ആദ്യപുത്രൻ ജനിച്ചപ്പോൾ എന്റെ ഭാര്യ ഒരു ഡോക്ടറായി വേല ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ആ സമയത്ത് മാസംതോറും എനിക്കു ലഭിച്ചിരുന്ന അല്പവരുമാനം മാത്രമേ ഞങ്ങൾക്കുണ്ടായിരുന്നുള്ളു. ഞങ്ങളുടെ പക്കൽ മിച്ചമായി യാതൊന്നും ഉണ്ടായിരുന്നതുമില്ല. എന്നാലും എന്റെ ഭാര്യ ജോലി രാജിവച്ച് കുടുംബകാര്യങ്ങൾ നോക്കുവാൻ വീട്ടിൽ താമസിക്കുമെന്ന് ഞങ്ങൾ നിശ്ചയിച്ചു. അതിനുശേഷം 28 വർഷത്തേക്ക് അവർ ഒരു ജോലിയും സ്വീകരിക്കാതെ വീട്ടിൽ താമസിക്കയും ഞങ്ങളുടെ നാലു മക്കളെ വളർത്തുകയും ചെയ്തു. എന്താണതിന്റെ ഫലം? ഇന്ന് ഞങ്ങളുടെ നാലുമക്കളും വീണ്ടും ജനിച്ച് സ്നാനമേറ്റ് കർത്താവിന്റെ സാക്ഷികളായിത്തീർന്നിട്ടുള്ളതുകണ്ട് ഞങ്ങൾക്കു സന്തോഷിപ്പാൻ കഴിയും. 28 വർഷക്കാലത്തെ ഉദ്യോഗം കൊണ്ട് എന്റെ ഭാര്യ സമ്പാദിക്കുമായിരുന്ന മുപ്പതോ നാല്പതോ ലക്ഷം രൂപയെക്കാൾ എത്രയോ മഹത്തരമാണ് ഈ അനുഗ്രഹം! ഇന്ന് ഞങ്ങൾക്ക് അതേപ്പറ്റി യാതൊരു കുണ്ഠിതവുമില്ല. ഈ മേഖലയിൽ ദൈവഹിതമന്വേഷിക്കുന്ന മാതാക്കളായ മറ്റു സ്ത്രീജനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ മാത്രമാണ് ഈ സാക്ഷ്യം ഞങ്ങൾ പറയുന്നത്.

## അധ്യായം - 3

# ശിഷ്യത്വവും സാമ്പത്തികകാര്യങ്ങളും

"രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴികയില്ല. അവൻ ഒരുവനെ പകച്ച് മറ്റവനെ സേവിക്കും അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്ന് മറ്റവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല". (ലൂക്കോസ്: 16:13).

ഈ ഭാഗത്ത് ദൈവത്തിനെതിരെ മനുഷ്യന്റെ യജമാനനായിത്തീരാവുന്നയാൾ മാമോൻ (പണം അഥവാ ഭൗതികസമ്പത്ത്) ആണെന്നു വ്യക്തമാക്കിയിരിക്കുന്നു. എതിരാളിയായ യജമാനൻ സാത്തനല്ല; കാരണം, സാത്താനെ സ്നേഹിക്കുകയും അതേ സമയം താൻ ദൈവത്തെ സ്നേഹിക്കുന്നുവെന്നു സങ്കല്പിക്കുകയും ചെയ്യുന്ന അപകടകരമായ അവസ്ഥ യേശുവിന്റെ യാതൊരുശിഷ്യനും ഉണ്ടാവുകയില്ല. എന്നാൽ മാമോന്റെ കാര്യത്തിൽ ആ ആപത്ത് നിലവിലിരിക്കുന്നു.

ലോകത്തിൽ നാം ജീവിക്കുന്ന കാലത്തോളം എല്ലാ ദിവസവും നമുക്കു മാമോനുമായി ഇടപെട്ടേ മതിയാവൂ. നാം ശ്രദ്ധാലുക്കളല്ലെങ്കിൽ ഒരേ സമയം ദൈവത്തെയും മാമോനെയും സ്നേഹിപ്പാൻ നമുക്കു സാധ്യമാണെന്നു സങ്കല്പിക്കുമാറുള്ള ഒരാപൽസാധ്യത നമുക്കുണ്ട്.

പണത്തിന് നമ്മെ സ്വാധീനിച്ച് നാം കർത്താവിന്റെ ശിഷ്യരായിരിക്കുന്നതിനെ തടയുവാൻ വളരെ വേഗം കഴിയും. അതിനാൽ സാത്താനോട് ഒരു നിഷ്പക്ഷമനോഭാവം സ്വീകരിക്കുവാൻ നമുക്കു സാധിക്കാത്തതുപോലെ പണത്തോടും നമുക്കു നിഷ്പക്ഷത കൈക്കൊള്ളാൻ സാധ്യമല്ല. ഒന്നുകിൽ നാം കർത്താവായ യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ; അല്ലെങ്കിൽ മാമോന്റെ ശിഷ്യന്മാർ. ഇരുവരുടെയും ശിഷ്യരാകുവാൻ ഒരുവനും സാധ്യമല്ല. ഒന്നുകിൽ ദൈവത്തെ സന്തോഷിപ്പിക്കുവാൻ നാം ശ്രമിക്കും; അല്ലെങ്കിൽ പണമുണ്ടാക്കുവാൻ നാം ഒരുമ്പെടും. ഒരു കാന്തന്റെ വിരുദ്ധധ്രുവങ്ങൾപോലെ ഇവ രണ്ടും പരസ്പരവിരുദ്ധമാണ്. നാം യഥാർത്ഥമായി ദൈവത്തിങ്കലേക്ക് ആകർഷിക്കപ്പെടുന്നപക്ഷം പണത്തിൽനിന്ന് നാം അകന്നുപോകും. ദൈവത്തെ പൂർണ്ണമായി സ്നേഹിക്കേണ്ടതിലേക്ക് നിങ്ങൾ മാമോനെ വെറുത്തേ മതിയാവൂ. ഒന്നുകിൽ നിങ്ങൾ ഈ പ്രസ്താവന സത്യമെന്നു സ്വീകരിക്കേണം; അല്ലാത്തപക്ഷം യേശു ഒരു നുണ പറഞ്ഞതിന് അദ്ദേഹത്തിന്മേൽ നിങ്ങൾ കുറ്റമാരോപിക്കണം.

പണത്തെ വെറുക്കുക എന്നുപറഞ്ഞാൽ അതിനെ നിങ്ങൾ ഗൗനിക്കുന്നില്ല എന്നാണർത്ഥം. നിങ്ങൾ അതുപയോഗിക്കുന്നു; എന്നാൽ അതിനോട് നിങ്ങൾക്കു മമതയുണ്ടാകുന്നില്ല. ഇവിടെ ഭൂമിയിൽ ആളുകൾ സ്വർണ്ണത്തെ ശിരസ്സിലണിയുന്നു; എന്നാൽ സ്വർഗ്ഗത്തിൽ സ്വർണ്ണം നമുക്കു കാല്ക്കീഴിലായിരിക്കും. ഭൂമിയിൽ വച്ചുതന്നെ പണത്തെ കാല്ക്കീഴിലാക്കുവാൻ പഠിച്ചിട്ടുള്ളവർക്കു വേണ്ടിയാണ് സ്വർഗ്ഗം ഒരുക്കപ്പെട്ടിട്ടുള്ളത്.

യേശു തന്റെ ശിഷ്യന്മാരോടു സംസാരിക്കയിൽ പല വിഷയങ്ങളെക്കുറിച്ചും നിശിതഭാഷയിലുള്ള പ്രസ്താവനകൾ നടത്തിയിട്ടുണ്ട്. നമ്മുടെ വലം കണ്ണ് ദുർമോഹത്തിലേക്കു നമ്മെ നയിക്കുന്ന പക്ഷം അതിനെ “ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയണ”മെന്ന് അവിടുന്ന് പറഞ്ഞു. ഈ പ്രസ്തവാനയിലൂടെ ദുർമ്മോഹത്തോടെ നോക്കുന്നത് എത്ര ഗൗരവാവഹമായ കാര്യമാണെന്നാണ് അവിടുന്നു സംസാരിച്ചത്. അവിടുത്തെ അനുഗമിക്കുന്നതിലേക്ക് നമ്മുടെ സ്വജനങ്ങളെ നാം വെറുക്കണമെന്നു കൂടി കർത്താവു പറഞ്ഞിട്ടുണ്ട്. ഇതിലൂടെ നാം അവിടുത്തെ പിന്തുടരുന്നതിനുള്ള പ്രധാന എതിർപ്പുകൾ നമ്മുടെ സ്വജനങ്ങളിൽ നിന്നാണുണ്ടാകുന്നതെന്ന് അവിടുന്നു സൂചിപ്പിക്കുകയായിരുന്നു. ഇതേ വിധത്തിൽ തന്നെ ഇവിടെ യേശു പണത്തെക്കുറിച്ച് കടുത്ത ഒരു പ്രസ്താവന ചെയ്തിരിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നതിലേക്ക് ഒരുവൻ പണത്തെ വെറുക്കണമെന്നാണ് അവിടുന്നു പറഞ്ഞത്. പല ക്രിസ്ത്യാനികളുടെയും കൈമേൽ പണം പറ്റിപ്പിടിക്കാറുണ്ട്. ഈ കാരണത്താലാണ് ദൈവത്തോട് പറ്റിച്ചേരുവാൻ അവർക്കു സാധിക്കാത്തത്. എങ്കിലും വളരെക്കുറച്ചു വിശ്വാസികൾ മാത്രമേ ഈ കല്പനകൾ ഗൗരവമായിട്ടെടുത്തിട്ടുള്ളൂ. തന്മൂലം അവർ ഒരിക്കലും ശിഷ്യത്വത്തിന്റെ പാതയിലൂടെ സഞ്ചരിക്കുന്നില്ല.

വിവാഹം, ജോലി, വസ്തുവകകൾ, പണം എന്നിവയെല്ലാം ഉപേക്ഷിച്ചു വനവാസികളായ താപസന്മാരാകുവാനല്ല തന്റെ ശിഷ്യന്മാരെ കർത്താവു വിളിച്ചത്. ക്രിസ്ത്യാനികൾ യോഹന്നാൻ സ്നാപകന്റെയല്ല, ക്രിസ്തുവിന്റെ തന്നെ ശിഷ്യരാണ്. യേശു ലൗകികകുടുംബത്തെ സാന്ധിക്കുവാനായി തന്റെ ജീലിതകാലത്തിന്റെ ഭൂരിഭാഗം സമയത്തും ഒരു തച്ചനായി വേല ചെയ്തു.

ഭൗമികകാര്യങ്ങളോടുള്ള തന്റെ മനോഭാവത്തിൽ യേശു സമതുലിതാവസ്ഥ പാലിച്ചിരുന്നു. ഒരു വിവാഹസദ്യയിൽ സമൃദ്ധമായി വീഞ്ഞ് ഉൽപാദിപ്പിക്കുവാൻ അവിടുത്തേക്കു കഴിഞ്ഞു. അതേസമയം 40 ദിവസം ഉപവസിക്കുവാനും അവിടുത്തേക്കു സാധ്യമായിരുന്നു. ഒരു യഥാർത്ഥശിഷ്യനും ഇതുപോലെ നല്ല ഒരു ഭക്ഷണം ആസ്വദിപ്പാനും വേണ്ടിവന്നാൽ ഉപവസിപ്പാനും കഴിവുള്ളവനായിരിക്കും.

പണസ്നേഹമെന്നത് നമ്മിലെല്ലാം കാണപ്പെടുന്ന ഒരു സ്വഭാവമാണ്. താൻ പണത്തെ സ്നേഹിക്കുന്നില്ലെന്നു കരുതുന്ന ഒരുവൻ ഒന്നുകിൽ ആത്മവഞ്ചനയിലായിരിക്കും ജീവിക്കുന്നത്; അല്ലെങ്കിൽ അയാൾ വ്യാജം പറയുന്നവനാകാം. കാരണം, എല്ലാ മനുഷ്യവ്യക്തികളും പണത്തെ സ്നേഹിക്കുന്നവരാണ്. പണസ്നേഹം സകലവിധ ദോഷങ്ങളുടേയും മൂലമാണെന്ന് ബൈബിൾ പറയുന്നു. കർത്താവിനു മാത്രമേ അതിൽ നിന്നു നമ്മെ വിടുവിക്കാൻ കഴിയൂ.

നല്ല ഒരാരംഭമിട്ടശേഷം പിന്നീട് പണത്തിനുപിമ്പേ പോകുക നിമിത്തം ദൈവത്തിന്റെ സർവ്വോന്നത നന്മ നഷ്ടപ്പെടുത്തിയ പലരുടെയും ദൃഷ്ടാന്തം ബൈബിളിലുണ്ട്, ലോത്ത് പണമുണ്ടാക്കുവാനായി സോദോമിലേക്കു പോകയും തദ്വാര തന്റെ മുഴുവൻ ഭവനത്തിനും നാശം വരുത്തുകയും ചെയ്തു. ബിലെയാം പണതത്തിനുവേണ്ടി പ്രവചിക്കുകമൂലം തന്നെത്തന്നെ നശിപ്പിച്ചു. ഗേഹസി നയമാന്റെ പണത്തിനു പിന്നാലെ പോയതു നിമിത്തം ഒരു പ്രവാചകനാകുവാനുള്ള അവസരം അയാൾക്കു നഷ്ടമായി. ദേമാസ് ഈ ലോകത്തിലെ കാര്യങ്ങളെ സ്നേഹിക്കയാൽ പൗലോസിനെ വിട്ടുപോയി. (2 തിമോഥി: 4:10) ക്രൈസ്തവചരിത്രത്തിൽ ഇതുപോലെയുള്ള ഒട്ടധികം ദൃഷ്ടാന്തങ്ങളുണ്ട്.

**സാമ്പത്തികകാര്യങ്ങളിൽ നീതി**

മാനസാന്തരപ്പെടുന്നതിനു മുമ്പുള്ള കാലത്ത് ഒരാൾ സാമ്പത്തികകാര്യങ്ങളിൽ അനീതിയുള്ളവനായിരുന്നുവെങ്കിൽ ദൈവം തന്റെ ഭൂതകാലപാപങ്ങൾ ക്ഷമിച്ചിരിക്കയാൽ തന്റെ കഴിഞ്ഞകാലത്തെ തെറ്റുകൾ ശരിയാക്കാൻ ഇപ്പോൾ താനൊന്നും ചെയ്യേണ്ടതില്ലെന്ന് പറയാൻ അയാൾക്കു സാധ്യമല്ല. താൻ അപഹരിച്ചിട്ടുള്ള പണം മാനസാന്തരത്തിനുശേഷം കഴിവതും വേഗം അയാൾ തിരികെക്കൊടുക്കണം. കൊടുത്തുതീർക്കാനുള്ള കടങ്ങളും കഴിവതും വേഗം കൊടുത്തുതീർക്കണം. ഏതാനും പ്രാവശ്യം ഭക്ഷണം വെടിഞ്ഞോ അത്യാവശ്യമില്ലാത്ത ചില വീട്ടുപകരണങ്ങൾ വിറ്റോ അത്തരം കാര്യങ്ങൾ കഴിവതും വേഗം ശരിയാക്കണം. അതാണ് ശിഷ്യത്വത്തിന്റെ വഴി.

ഒരു പക്ഷേ ഈ വിധം പരിഹാരം അനുഷ്ഠിക്കുവാൻ ആവശ്യമായിടത്തോളം പണം നിങ്ങളുടെ പക്കൽ ഉണ്ടായില്ലെന്നുവരാം. അങ്ങനെയെങ്കിൽ ഒരു ചെറിയഭാഗം കൊടുത്തുതീർത്തുകൊണ്ട് നിങ്ങൾക്ക് ഒരാരംഭമിടാം. അത് ഒരു പക്ഷേ മാസംപ്രതി 10 രൂപ വീതമായാലും വേണ്ടില്ല. മനസ്സൊരുക്കമുണ്ടെങ്കിൽ നമ്മുടെ കഴിവനുസരിച്ചു ചെയ്യുമ്പോൾ ദൈവം നമ്മെ കൈക്കൊള്ളുമെന്നു തിരുവെഴുത്തു പറയുന്നു (2 കൊരി: 8:12). സക്കായി ഇപ്രകാരം പരിഹാരം ചെയ്തപ്പോഴാണ് (അതിനു മുമ്പല്ല) “ ഇന്ന് ഈ വീടിനു രക്ഷ വന്നു” എന്നു കർത്താവു പറഞ്ഞത് (ലൂക്കൊ: 19:9) ദൈവത്തിന് ഒരിക്കലും അനീതിയെ അനുഗ്രഹിക്കുവാൻ സാധ്യമല്ല. പല ക്രിസ്ത്യനികളും ഈ വിധത്തിൽ പരിഹാരപ്രവൃത്തി ചെയ്തിട്ടില്ലാത്തതിനാലാണ് അവർക്ക് ആത്മീയ വളർച്ചയുണ്ടാകാതിരിക്കുന്നത്.

റോമർ: 13:8-ൽ നാം ആർക്കും ഒന്നും കടമ്പെട്ടിരിക്കരുതെന്ന് വചനം നമ്മെ പ്രബോധിപ്പിക്കുന്നു. നാം

പണം കടം വാങ്ങിയിട്ടുണ്ടെങ്കിൽ കഴിവതും വേഗം അതു തിരിയെക്കൊടുക്കണം. ദൈവം യിസ്രായേല്യർക്കു നൽകിയ അനുഗ്രഹങ്ങളിലൊന്ന് അവർ തന്നെ അനുസരിക്കുന്നപക്ഷം ഒരിക്കലും കടം വാങ്ങേണ്ടിവരികയില്ല എന്നതാണ്. കടത്തിൽ സാധനങ്ങൾ വാങ്ങുക എന്നത് കടത്തിലകപ്പെടുവാനുള്ള മറ്റൊരു വഴിയാണ്. ദൈവാനുഗ്രഹമില്ലാതെ ജീവിക്കുന്നതിൽ ഭേദമാണ് എന്തെങ്കിലും വീട്ടുപകരണം കൂടാതെ തന്നെ ജീവിക്കുന്നത്.

ഒരു ബാങ്കിൽ നിന്നോ ഒരുവൻ ജോലി ചെയ്യുന്ന ആഫീസിൽ നിന്നോ കടം വാങ്ങുന്ന കാര്യത്തെപ്പറ്റി എന്താണ് പറയേണ്ടത്? ഒരു വീടു പണിയുന്നതിനോ ഒരു വാഹനം വാങ്ങുന്നതിനോ കടം വാങ്ങുന്നതിൽ തെറ്റില്ല. ഒരു ത്രാസിന്റെ തട്ടുകൾ സമീകരിക്കുന്നതിന്റെ പ്രമാണമാണ് ഇവിടെ മനസ്സിൽ കരുതേണ്ടത്. നിങ്ങൾ കടം വാങ്ങിയ പണത്തിന്റെ മൂല്യത്തിനു തുല്യമായ ഒരിനം അതായത് ഒരു വീടോ, കാറോ, സ്കൂട്ടറോ, ത്രാസിന്റെ മറുതട്ടിൽ വയ്ക്കുവാനുണ്ടെങ്കിൽ, നിങ്ങൾ വാസ്തവത്തിൽ കടബാധ്യതയിലല്ല; കാരണം നിങ്ങൾ കടമെടുത്ത പണത്തിന് തുല്യവിലയുള്ള ഒരു വസ്തു നിങ്ങളുടെ അധീനതയിലുണ്ടല്ലോ. നിങ്ങൾ പെട്ടെന്നു മരിച്ചുപോകാനിടയായാൽ നിങ്ങളുടെ ഭാര്യ ഒരു കടഭാരത്തിലാവുകയില്ല. വീടോ വാഹനമോ വിറ്റ് കടം വീട്ടുവാൻ അവൾക്കു സാധിക്കും. നേരേ മറിച്ച് ഒരു വിവാഹഘോഷം നടത്തുവാൻ നിങ്ങൾ പണം കടംവാങ്ങുകയും അതു മുഴുവൻ ചെലവാക്കുകയും ചെയ്താൽ, ത്രാസിന്റെ മറുതട്ടിൽ വയ്ക്കാൻ പറ്റുന്നയാതൊന്നും നിങ്ങളുടെ പക്കൽ ശേഷിക്കുന്നില്ല. ഇത്തരം കടബാധ്യതയാണ് നാം ഒഴിവാക്കേണ്ടത്.

ഒട്ടനേകം ക്രിസ്ത്യാനികളും വിവാഹഘോഷങ്ങൾക്കു പണം ചെലവാക്കുന്ന കാര്യത്തിൽ വളരെ ബുദ്ധിഹീനമായി പെരുമാറുന്നവരാണ്. വിവാഹിതരായ പല ഭാര്യാഭർത്താക്കന്മാരും തങ്ങളുടെ വിവാഹദിനത്തിൽ വിഭവസമൃദ്ധമായ ഒരു വിരുന്നുസൽക്കാരം നടത്തുവാനാഗ്രഹിച്ചതുമൂലം ഒരു കടഭാരത്തിന്റെ ശാപം തലയിലേറ്റിക്കൊണ്ടാണ് തങ്ങളുടെ കുടുംബജീവിതം തുടങ്ങയിട്ടുള്ളത്. ആ കടം വീട്ടുവാൻ പല വർഷങ്ങൾ എടുത്തെന്നുവരാം. മോടിയുള്ള ഒരു സൽക്കാരം കൊണ്ട് ആളുകളിൽ നല്ലൊരു മതിപ്പുണ്ടാക്കുവാൻ അവർ ആഗ്രഹിച്ചുവെന്നതുമാത്രമാണ് എല്ലാറ്റിനും കാരണം. ലളിതമായ ഒരു സ്വീകരണം നടത്തിയാൽ ആളുകൾ എന്തുപറയുമെന്നതിനെക്കുറിച്ച് അവർ ഭയപ്പെടുന്നു. എന്നാൽ അതു കഴിഞ്ഞ് പല വർഷക്കാലത്തേക്ക് അവർ കടക്കാരായിക്കഴിയുന്നതിനെപ്പറ്റി ദൈവം എന്തു വിചാരിക്കുമെന്ന ഭയം അവർക്കുണ്ടാകുന്നില്ല. തങ്ങളുടെ തങ്ങളുടെ കഴിവ് പരിമിതമാകയാൽ ഒരു കാപ്പിയും ഏതാനും ബിസ്കറ്റും മാത്രം കൊടുത്തു വിവാഹസൽക്കാരം നിർവഹിക്കുവാൻ ധൈര്യം കാണിച്ചിട്ടുള്ളവർക്കുവേണ്ടി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. വിഭവസമൃദ്ധമായ ഒരു വിരുന്നുനടത്തുവാനുള്ള സാമ്പത്തികസൗകര്യം നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾക്ക് ഇഷ്ടം പോലെ ചെയ്യാം. എന്നാൽ കേമമായ ഒരു വിരുന്നു നടത്തുവാൻ വേണ്ടി നിങ്ങൾ കടത്തിലാണ്ടുപോകുന്നപക്ഷം അത് ദൈവത്തെ അനാദരിക്കുകയാണ്. ഇത് അതിരുകടന്ന ഒരഭിപ്രായമാണെന്നു ചിലർക്കു തോന്നിയേക്കാം. എന്നാൽ ശിഷ്യത്വമെന്നത് സാധാരണത്വത്തെ കടന്നുനില്ക്കുന്ന ഒരു വസ്തുതയാണ്.

ഒട്ടനേകം വിശ്വാസികളുടെ ഇടയിലും കാണപ്പെടുന്ന മറ്റൊരു തിന്മയാണ് സ്ത്രീധനം. യേശുവിന്റെ ഒരു യഥാർത്ഥശിഷ്യൻ ഒരു യുവതിയെ വിവാഹം കഴിക്കുന്നതിലേക്ക് അവളുടെ മാതാപിതാക്കന്മാരിൽ നിന്ന് ഒരിക്കലും ഒരു സ്ത്രീധനമാവശ്യപ്പെടുകയില്ല. പെൺകുട്ടിയുടെ പിതാവ് വിവാഹം നടന്നതിനുശേഷം തന്റെ മകൾക്ക് ഒരു ദാനം നൽകുന്നുവെങ്കിൽ അതിൽ തെറ്റായി ഒന്നുമില്ല. എന്നാൽ വിവാഹം നിശ്ചയിക്കപ്പെടുന്നതിന് ആധാരമായ ഒരു വസ്തുതയായി പണത്തെ പരിഗണിക്കുന്നതിൽ എല്ലാ തെറ്റും ഉൾക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഇന്ന് ഇൻഡ്യയിലുള്ള സ്ത്രീധനസമ്പ്രദായം പൈശാചികമാണ്. എങ്കിലും എല്ലാ വിഭാഗത്തിലുംപട്ട ക്രിസ്ത്യാനികൾ (സുവിശേഷവിഹിതരും അല്ലാത്തവരും) അതു സ്വീകരിക്കുന്നതായി നാം കാണുന്നു.

18-ാം നൂറ്റാണ്ടിൽ യൂറോപ്പിലെ ക്രിസ്ത്യാനികളെ അനേകവർഷക്കാലം നിരീക്ഷിച്ചതിനുശേഷം ഫ്രാൻസിൽ ജീവിച്ചിരുന്ന വോൾട്ടയർ എന്ന അവിശ്വാസി ഇപ്രകാരം പറയുകയുണ്ടായി. "ക്രിസ്തീയസഭാവിഭാഗങ്ങൾ തമ്മിൽ എന്തെല്ലാം ഉപദേശവ്യത്യാസങ്ങൾ ഉണ്ടായാലും ശരി. പണത്തെ സംബന്ധിച്ചിടത്തോളം അവർക്കെല്ലാം ഒരേ ഉപദേശമാണുള്ളത്. അവരെല്ലാം പണത്തെ സ്നേഹിക്കുന്നവരാണ്". സ്ത്രീധനകാര്യത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഒരേ ഉപദേശംതന്നെ അവരെല്ലാം പിന്തുടരുന്നു. അതിനെ സ്നേഹിക്കുന്നുവെന്ന ഉപദേശസംഹിത തന്നെ.

ജലസ്നാനത്തെപ്പറ്റി ഉപദേശപരമായ ഒരേ വീക്ഷണം പുലർത്തുന്നതിനെക്കാൾ അധികംപ്രധാനമാണ് സ്ത്രീധനകാര്യത്തിലുള്ള ഉപദേശൈക്യം. ഒരുവൻ ശൈശവാവസ്ഥയിൽ മാത്രം സ്നാനം സ്വീകരിച്ചവനാണെങ്കിൽപോലും അയാൾക്കു സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശനം ലഭിച്ചെന്നുവരാം. എന്നാൽ ദ്രവ്യാഗ്രഹിയായ ഒരുവൻ ഒരിക്കലും ദൈവരാജ്യത്തിൽ കടക്കുകയില്ല (1 കോരിന്ത്യർ: 6:10).

ദൈവഭക്തിയുടെ മറ്റൊരു പ്രധാനഘടകമാണ് ദൈവം നമുക്കു നൽകിയിട്ടുള്ളതിൽ സംതൃപ്തരായി ജീവിക്കുക എന്നത്. യേശുക്രിസ്തുവിന്റെ എല്ലാ ശിഷ്യന്മാരും തങ്ങൾക്കു ലഭിക്കുന്ന വരുമാനത്തിന്റെ പരിധിയ്ക്കുള്ളിൽ ജീവിക്കുവാൻ പഠിച്ചേ മതിയാവൂ. തന്റെ മക്കൾക്ക് എത്രമാത്രം വരുമാനം ഉണ്ടാകണമെന്നു തീരുമാനിക്കുന്നതു ദൈവമാണ്. അതിനാൽ കൂടുതൽ വരുമാനമുണ്ടാക്കുന്നവരുമായി നാം നമ്മെത്തന്നെ താരതമ്യപ്പെടുത്തരുത്. തങ്ങളെത്തന്നെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുന്നവർ തിരിച്ചറിവുള്ളവരല്ലെന്ന് ബൈബിൾ പറയുന്നു (2 കൊരി: 10:12). ദൈവം നമുക്കു ചുറ്റും വരച്ചിട്ടുള്ള പരിധിയ്ക്കുള്ളിൽ ജീവിക്കുക എന്നതിന്റെ ഒരു ദൃഷ്ടാന്തം, മറ്റു കുടുംബങ്ങളിൽ ചില സാധനങ്ങൾ ഉണ്ടെന്നുള്ള കാരണത്താൽ മാത്രം നമ്മുടെ കഴിവിനപ്പുറമായ ഒരു സാധനം വാങ്ങാതിരിക്കുക എന്നതാണ്. നമ്മുടെ കഴിവിനുള്ളിൽ അടങ്ങുന്ന

കാര്യങ്ങൾ കൊണ്ട് നാം തൃപ്തിപ്പെട്ടേ മതിയാവൂ.

യേശുവിനെ ഒരു പശുത്തൊഴുത്തിൽ പ്രസവിച്ച മറിയയുടെ മനോഭാവത്തെപ്പറ്റി ചിന്തിക്കുക. തന്റെ ശിശുവിനെ പ്രസവിക്കുവാൻ വൃത്തിയുള്ള ഒരു മുറിയോ ഒരു മറവിടമോ പോലും ആ മാതാവിന് ലഭിച്ചില്ല. എങ്കിലും അവൾ അതേപ്പറ്റി പരാതിപ്പെട്ടില്ല. അവൾ തന്നെത്താൻ താഴ്ത്തുകയും ദൈവകല്പിതമായ തന്റെ അവസ്ഥ സ്വീകരിക്കുകയും ചെയ്തു. ഒരുവന്റെ പരിധിയ്ക്കുള്ളിൽ സംതൃപ്തനായിരിക്കുക എന്നതിന്റെ അർത്ഥം അതാണ്.

**സാമ്പത്തികകാര്യങ്ങളിൽ വിശ്വസ്തത**

നമ്മുടെ വരുമാനപരിധിയിൽ നാം ജീവിക്കുക, കടത്തിൽ നിന്നൊഴിഞ്ഞിരിക്കുക, പണസംബന്ധമായ കാര്യങ്ങളിൽ നീതിപുലർത്തുക ഇത്രയും കാര്യങ്ങൾ മാത്രം നാം ചെയ്താൽ മതിയാവുകയില്ല. ഇതിനുമപ്പുറം ദൈവം നമുക്കു തരുന്ന പണത്തിന്റെ കാര്യത്തിൽ വിശ്വസ്തത പുലർത്തുക കൂടി നമുക്കാവശ്യമാണ്.

ആവർത്തനം: 8:18 നോക്കുക. “യഹോവയല്ലോ നിനക്കു സമ്പത്തുണ്ടാക്കുവാൻ ശക്തി തരുന്നത്”. ഈ കാര്യം ഒരിക്കലും നാം മറക്കരുത് ഒരു ഭിക്ഷക്കാരന്റെ വീട്ടിൽ ജനിക്കുവാൻ ദൈവത്തിന് നിങ്ങളെ അനുവദിക്കാമായിരുന്നു. ഒരു ബുദ്ധിഹീനനോ മന്ദബുദ്ധിയോ ആയിത്തീരുവാൻ നിങ്ങൾക്കിട നൽകാമായിരുന്നു. ഒരു ബുദ്ധിഹീനനോ മന്ദബുദ്ധിയോ ആയിത്തീരുവാൻ നിങ്ങൾക്കിട നൽകാമായിരുന്നു. നിങ്ങൾക്ക് നിങ്ങളുടെ ബുദ്ധിപരമായ കഴിവും പണം സമ്പാദിക്കുവാനുള്ള സാമർത്ഥ്യവും നൽകിയതു ദൈവമാണ്.

പണസംബന്ധമായ കാര്യത്തിലെ വിശ്വസ്തതയ്ക്ക് ഒന്നാമത്തെ അർത്ഥം ഇതാണ്: നമുക്കുള്ളതെല്ലാം ദൈവത്തിന്റെ വകയാണ് (പഴയനിയമകാലത്ത് ആളുകൾ മനസ്സിലാക്കിയിരുന്നതുപോലെ) നാം സ്വാദിച്ചതിന്റെ 10 ശതമാനം മാത്രമല്ല, അതു മുഴുവനും അവിടുത്തെ വകയാണെന്നു നാം മനസ്സിലാക്കണം. അതിന്റെ ഒരു ഭാഗവും നമ്മുടേതല്ല. അതിനാൽ നാം അതു മുഴുവൻ യാഗപീഠത്തിന്മേൽ വയ്ക്കുകയും അങ്ങനെ അതു ദൈവത്തെ തിരിയെ ഏല്പിക്കയും ചെയ്യണം. അനന്തരം അവിടുന്നു തിരിയെത്തരുന്നതു മാത്രം മിതമായു◌ും വിശ്വസ്തമായും നമ്മുടെ ഭൗതികാവശ്യങ്ങൾക്കായി നാം ഉപയോഗിക്കണം.

യേശു അയ്യായിരം പേർക്കു ഭക്ഷണം കൊടുത്ത സംഭവത്തിൽ നിന്ന് കുറഞ്ഞപക്ഷം രണ്ടു കാര്യങ്ങൾ നാം പഠിക്കുന്നു. ഒന്നാമത്, നമ്മുടെ അവശ്യങ്ങൾ നിറവേറ്റുവാനായി ചെറിയൊരംശം, അതിനെ ദൈവം അനുഗ്രഹിക്കുന്നപക്ഷം, മതിയാകും. രണ്ടാമത്, ദൈവം ദുർവിനിയോഗത്തെ (പാഴാക്കലിനെ) വെറുക്കുന്നു. ഒന്നും പാഴാക്കാതെ അധികം വന്ന കഷണങ്ങൾ ശേഖരിക്കുവാൻ യേശു തന്റെ ശിഷ്യന്മാരോടു കല്പിച്ചു. തന്റെ പിതാവ് ആ അഞ്ചപ്പത്തെയും രണ്ടു മീനിനെയും സമൃദ്ധിയായി വർദ്ധിപ്പിച്ചതുകൊണ്ട് ശേഷിച്ച ആ കഷണങ്ങൾ അവിടെ വെളിമ്പ്രദേശത്തു കിടന്നു പാഴായിപ്പൊയ്ക്കൊള്ളട്ടെ എന്ന മനോഭാവം യേശുവിന് സ്വീകരിക്കാമായിരുന്നു. എന്നാൽ അവിടുന്ന് അപ്രകാരം ചെയ്തില്ല. ദൈവം നമ്മെ സമൃദ്ധിയായി അനുഗ്രഹിച്ചിട്ടുള്ള നിലയ്ക്ക് നമ്മുടെ ചെലവുകളെ സംബന്ധിച്ച് അശ്രദ്ധയോടെ പെരുമാറാമെന്നു കരുതുന്നതു ശരിയല്ല.

നിങ്ങൾ ഉപയോഗിക്കുന്ന സാധനങ്ങൾ അല്പം കേടുപറ്റിയത് ആയതിനാൽ നിങ്ങൾ അവയെ എറിഞ്ഞു കളയുന്നുവോ? അതു ധനികരുടെ മനോഭാവമാണ്. ദൈവഭക്തനായ ഒരു മനുഷ്യൻ കേടുവന്ന വസ്തുക്കൾ നന്നാക്കുവാൻ ശ്രമിക്കും. ഇത്തരം കാര്യങ്ങളിൽ ആത്മീയതയ്ക്ക് ഒന്നും ചെയ്യാനില്ലെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? എങ്കിൽ അതു ശരിയല്ല. ആത്മീയതയ്ക്ക് അവിടെയും ചിലതു ചെയ്വാനുണ്ട്.

യേശുവിന്റെ ശിഷ്യന്മാരെന്ന നിലയിൽ നമ്മുടെ ചെലവുകൾ ക്രമീകരിക്കുന്ന രീതിയിൽ നമുക്കൊരു ശിക്ഷണം ആവശ്യമാണ്. കുടുംബനായകനെന്ന നിലയിൽ ഭർത്താവായിരിക്കണം സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടത്. അനാവശ്യച്ചെലവുകൾ ഒഴിവാക്കുക എന്നത് അദ്ദേഹത്തിന്റെ ചുമതലയിൽപ്പെട്ട കാര്യമാണ്. ചില സാധനങ്ങൾ വാങ്ങുവാൻ ഭാര്യ ആഗ്രഹിച്ചേക്കാമെങ്കിലും “നമുക്ക് അതിനു ഇപ്പോൾ നിവൃത്തിയില്ല” എന്ന് ഭാര്യയ്ക്ക് പറഞ്ഞുകൊടുക്കേണ്ടത് അദ്ദേഹമാണ്.

അല്പത്തിൽ വിശ്വസ്തനായവൻ മാത്രമേ അധികത്തിലും വിശ്വസ്തനായിരിക്കയുള്ളു. ഇത് ദൈവത്തിന്റെ ഒരടിസ്ഥാനപ്രമാണമാണ്. ചെറിയ കാര്യങ്ങളിലും ഭൗതികവിഷയങ്ങളിലും നാം വിശ്വസ്തരല്ലെങ്കിൽ യഥാർത്ഥമായ സമ്പത്ത് - അതായത്, തന്റെ വചനത്തിന്റെ വെളിപ്പാടും ദൈവസ്വാഭാവത്തിലുള്ള സമ്പന്നതയും ദൈവം നമുക്കു നൽകുകയില്ല (ലൂക്കോസ്: 16:11).

ആത്മീയപുരോഗതി നാം ആഗ്രഹിക്കുന്നപക്ഷം, എല്ലാ പാഴ്ച്ചെലവും ഒഴിവാക്കുവാൻ നാം പഠിക്കണം. ദൈവത്തിന്റെ ഒരു വിശ്വസ്തസേവകനാകുവാന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അത്യാവശ്യമല്ലാത്ത കാര്യങ്ങൾ വാങ്ങുവാൻ നിങ്ങൾ പണം പാഴാക്കരുത്. ആഡംബരപൂർവ്വമായ ഭക്ഷണത്തിനോ ധാരാളിത്തം കലർന്ന ജീവിതസമ്പ്രദായത്തിനോ വേണ്ടി പണം ധൂർത്തടിക്കരുത്. വീണ്ടും ഉപയോഗിക്കുവാൻ കഴിവുള്ള വസ്തുക്കൾ എറിഞ്ഞുകളയരുത്. നിങ്ങൾക്ക് അത് ആവശ്യമില്ലെങ്കിൽ കുറഞ്ഞപക്ഷം നിങ്ങളെക്കാൾ ദരിദ്രരായ ആളുകൾക്ക് അതു സൗജന്യമായിക്കൊടുക്കുകയെങ്കിലും ചെയ്യണം.

ലൂക്കോസ്: 14:33 നമ്മോടു പറയുന്നത് നാം ഒന്നും സ്വന്തമായി വച്ചുകൊണ്ടിരിക്കരുതെന്നാണ്. പല കാര്യങ്ങൾ നമുക്കുണ്ടെന്നു വരാം. എന്നാൽ ഒന്നും സ്വന്തമായി വയ്ക്കരുത്. അങ്ങനെയെങ്കിൽ നമുക്കുള്ള വിലപിടിച്ച ഒരു സാധനം മോഷ്ടിക്കപ്പെടുകയോ കേടുവന്നു നിരുപയോഗമായിത്തീരുകയോ ചെയ്താൽ അതിനെപ്പറ്റി അലോസരപ്പെടുകയോ വിഷമിക്കയോ ചെയ്യരുത്. കാരണം, വാസ്തവത്തിൽ ആ വസ്തു നമ്മുടേതല്ല. നമ്മുടെ യജമാനന്റെ വകയായ വസ്തുക്കളുടെ സൂക്ഷിപ്പുകാർ മാത്രമാണ് നാം. തന്റെ മഹത്വത്തിനായി

നാം ഉപയോഗിക്കുവാൻ വേണ്ടി ദൈവം പല വസ്തുക്കൾ നമുക്കു നൽകുന്നു. എന്നാൽ നാം ഇവിടെ വഴി യാത്രക്കാർ അഥവാ പരദേശികൾ മാത്രമാണ്.

ഒരുവൻ തനിക്കുള്ളതെല്ലാം ദൈവത്തിനായി വിട്ടുകളയുന്നില്ലെങ്കിൽ അവന് ഒരു ശുദ്ധഹൃദയമുണ്ടാവുക സാധ്യമല്ല. ശുദ്ധഹൃദയമെന്നത് തെളിവുള്ള ഒരു മനസ്സാക്ഷിയിൽ നിന്നു വ്യത്യസ്തമാണ്. പണസംബന്ധമായ കാര്യങ്ങളിൽ നീതി പുലർത്തുന്നപക്ഷം നമുക്കൊരു തെളിവുള്ള മനസ്സാക്ഷി ലഭിക്കും. നിങ്ങൾക്ക് അപ്രകാരമുള്ള ഒരു നല്ല മനസ്സാക്ഷി ഉണ്ടായിരിക്കാമെങ്കിലും ഏതെങ്കിലും ഭൗമികസമ്പത്തിനോടോ ഒരു ജോലിയോടോ പറ്റുമാനമുള്ള ഒരുവനായി നിങ്ങൾ തീർന്നെന്നുവരാം. അങ്ങനെയെങ്കിൽ മുഴുഹൃദയത്തോടും ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുവാൻ നിങ്ങൾക്കു സാധ്യമല്ല. നിങ്ങളുടെ ഹൃദയം ശുദ്ധവുമല്ല.

**ദൈവത്തിനു കൊടുക്കുക**

യിസ്രായേൽജനങ്ങൾ തങ്ങളുടെ വരുമനത്തിന്റെ ഏകദേശം 15% ദൈവത്തിനു കൊടുത്തിരുന്നു. ദശാംശവും (10%) പുറമേ മറ്റു വഴിപാടുകളും ദശാംശസമ്പ്രദായത്തിന്റെ പിന്നിലുണ്ടായിരുന്ന പ്രമാണമെന്തെന്ന് ആവർത്തനം: 14:22-23 (ലിവിംഗ്) വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു. "ദശാംശം നൽകുന്നതിന്റെ ലക്ഷ്യം നിങ്ങളുടെ ജീവിതത്തിൽ ഒന്നാംസ്ഥാനം ദൈവത്തിനു നൽകുക എന്നതാണ്". യിസ്രായേൽക്കാർ തങ്ങളുടെ വിളവെടുപ്പു നടത്തുമ്പോൾ അതിന്റെ പത്തിലൊരുഭാഗം ദൈവത്തിനു കൊടുക്കേണ്ടിയിരുന്നു. തങ്ങൾ സകലവും ദൈവത്തിൽ ദൈവത്തിൽ നിന്നാണ് പ്രാപിച്ചത് എന്നതിന്റെയും തങ്ങള്ളുടെ ജീവിതത്തിൽ ഒന്നാംസ്ഥാനം ദൈവത്തിനാണെന്നതിന്റെയും ഒരു അംഗീകാരമായിട്ടാണ് അതു ചെയ്തിരുന്നത്. എന്നാൽ കാലാന്തരത്തിൽ ദശാംശസമ്പ്രദായം ഒരു ചടങ്ങായിത്തീർന്നു. ഇന്നും അതുപോലെ തന്നെയാണ് പല വിശ്വാസികൾക്കും അതു തീർന്നിരിക്കുന്നത്.

പുതിയനിയമത്തിൻ കീഴിലും മാമോനെക്കാൾ ഉന്നതമായി ഒന്നാംസ്ഥാനം ദൈവത്തിനുകൊടുക്കുക എന്ന അതേ തത്വമാണ് നിലവിലിരിക്കുന്നത്. അങ്ങനെയെങ്കിൽ ഇപ്പോൾ നാം ദൈവത്തിന് എത്രമാത്രമാണ് കൊടുക്കേണ്ടത്? ദൈവം നമുക്ക് അഭിവൃദ്ധി തന്നതനുസരിച്ച് നാം അവിടുത്തേക്കു കൊടുക്കണമെന്ന് പുതിയനിയമം പറയുന്നു (1 കോരി: 16:2) -(തനിക്കു കഴിവുള്ളതുപോലെ എന്ന മലയാളതർജ്ജമയുടെ സ്ഥാനത്ത് തനിക്ക് അഭിവൃദ്ധിയുള്ളതുപോലെ എന്നാണ് ഇംഗ്ലീഷ്). നാം കൊടുക്കുന്നത് സന്തോഷത്തോടെയായിരിക്കണം എന്നതത്രേ ഇപ്പോൾ മുഖ്യമായ കാര്യം (2 കോരി: 9:7).

നാം കൊടുക്കുന്നതുപോലെ നമുക്കും നൽകപ്പെടുമെന്ന് ലൂക്കോസ്: 6:38-ൽ പറയുന്നു. തിരിയെ ലഭിക്കണമെന്ന പ്രതീക്ഷയോടെ നിങ്ങൾ കൊടുക്കുന്നുവെങ്കിൽ നിങ്ങൾ നിരാശനാകാനിടയുണ്ട്. കാരണം, എല്ലാ ദാനങ്ങളുടെയും കാര്യത്തിൽ അതിന്റെ പ്രേരകശക്തിയെയാണ് ദൈവം നോക്കുന്നത്. അങ്ങനെയെങ്കിൽ നിങ്ങൾക്ക് ഒന്നും തിരിയെ ലഭിച്ചില്ലെന്നുവരാം. തിരിയെ ഒന്നും ലഭിക്കുവാനാഗ്രഹിക്കാതെ സന്തോഷത്തോടെ കൊടുക്കുന്നവർക്കാണ് ദൈവത്തിന്റെ അത്യുന്നതനന്മാ ലഭിക്കുന്നത്.

വളരെ വരുമാനമില്ലാത്തവനെങ്കിലും ഒരിക്കലും മുട്ടില്ലാത്തവനായും ഒരിക്കലും കടത്തിൽപ്പെടാത്തവനായും ജീവിച്ച ഒരു സഹോദരനെപ്പറ്റി ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതരഹസ്യമെന്താണെന്ന് ഒരാൾ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "എനിക്കു ദൈവം തരുന്നതിലൊരു പങ്ക് ഞാൻ ദൈവത്തിനു അളന്നുകൊടുക്കുന്നു. അപ്പോൾ അവിടുന്നു വീണ്ടും എനിക്കു അളന്നുതരുന്നു. എന്നാൽ ദൈവത്തിന്റെ അളവുപാത്രം എന്റേതിനെക്കാൾ വലുതാണെന്ന് ഞാൻ കണ്ടിരിക്കുന്നു". നാം കൊടുക്കുന്നതിനേക്കാളാധികം നമുക്കു ദൈവത്തിൽ നിന്നു ലഭിക്കുന്നു. 2 കോരി: 9:6-ൽ ഇപ്രകാരം പറയുന്നു: "ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും".

ഞാൻ ദശാംശത്തിനെതിരായി പ്രസംഗിക്കുന്നുവെന്നത് എല്ലായിടത്തും ആളുകൾ പരക്കെ അറിഞ്ഞിട്ടുള്ള വസ്തുതയാണ്. എന്നാൽ ആളുകൾ മനസ്സിലാക്കിയിട്ടില്ലാത്ത ഒരു വസ്തുത, ദശാംശത്തെക്കാൾ കൂടുതൽ പ്രയാസമുള്ള ഒരു കാര്യം ഞാൻ പ്രസംഗിക്കുന്നുവെന്നതാണ്. നമുക്കുള്ള 100 ശതമാനവും സന്തോഷപൂർവ്വം ദൈവത്തിനായി ദൈവത്തിനായി കൊടുക്കണം എന്നതാണത്. ഇതാണ് യേശു പ്രസംഗിച്ചത്. ന്യായപ്രമാണത്തിൻ കീഴിലായിരുന്ന പരീശന്മാരോട് അവർ ദശാംശം കൊടുക്കണമെന്ന് അദ്ദേഹം പ്രസംഗിച്ചു (മത്തായി: 23:23). എന്നാൽ പെന്തിക്കോസ്തിനുശേഷം പുതിയനിയമത്തിൻ കീഴിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന തന്റെ ശിഷ്യന്മാരോട് തങ്ങൾക്കുള്ളതെല്ലാം കൊടുക്കുവാൻ അദ്ദേഹം ഉപദേശിച്ചു (ലൂക്കോസ്: 14:33). കഴിഞ്ഞ നാല്പതുവർഷമായി ഞാൻ ചെയ്യുവാനും ഉപദേശിക്കുവാനും ആഗ്രഹിച്ചിട്ടുള്ള കാര്യം ഇതാണ്.

നാം ദൈവത്തെ മാനിക്കുന്നുവെങ്കിൽ ദൈവം നമ്മെയും മാനിക്കും. നാം ഒന്നാമതായി ദൈവരാജ്യം അവിടുത്തെ നീതിയും അന്വേഷിക്കുന്നുവെങ്കിൽ നമുക്ക് ഈ ജീവിതത്തിലുള്ള എല്ലാ ഭൗതികാവശ്യങ്ങളും ദൈവം നൽകും (മത്തായി: 6:33). നാമാഗ്രഹിക്കുന്നതെല്ലാം നമുക്കുതരുവാൻ തക്കവണ്ണം ദൈവം ബുദ്ധിഹീനനല്ല. ഭൗമികപിതാക്കന്മാരായ നമ്മെളെക്കാളധികം ജ്ഞാനമുള്ളവനാണ് അവിടുന്ന് വിശ്വസ്തനാണ്. നമുക്കാവശ്യമുള്ളതും നാമാഗ്രഹിക്കുന്നതും തമ്മിൽ വിപുലമായ ഒരന്തരമുണ്ട്. ഫിലിപ്പിയർ: 4:19-ലുള്ള വാഗ്ദാനം നമ്മുടെ ആവശ്യമെല്ലാം ദൈവം നിറവേറ്റിത്തരും എന്നത്രേ.

നമ്മുടെ കൊടുക്കലിലും ജ്ഞാനികളായിരിപ്പാൻ നാം പഠിക്കണം. പല ദരിദ്രരായ മനുഷ്യരും വിശ്വസ്തതയോടെ കൊടുക്കുന്നുണ്ടെങ്കിലും ജ്ഞാനത്തോടെയല്ല അതു ചെയ്യുന്നത്. ദൈവത്തിന്റെ വേലയെന്ന് അവർ ചിന്തിക്കുന്നതിന് അവർ പണം കൊടുക്കുന്നു. എന്നാൽ അവരുടെ പണം അവിശ്വസ്തനായ ഏതോ ഒരു ക്രിസ്തീയപ്രവർത്തകന് ആഡംബരത്തോടെ ജീവിക്കുവാൻ കഴിവുണ്ടാക്കുക മാത്രമേ ചെയ്യുന്നുള്ളൂ.

അത്തരം ദരിദ്രരായ ആളുകൾ വിശ്വസ്തരെങ്കിലും ജ്ഞാനമുള്ളവരല്ല. നമ്മുടെ പണം യഥാർത്ഥത്തിൽ എവിടേക്കു പോകുന്നുവെന്നും എങ്ങനെ ചെലവാക്കപ്പെടുന്നുവെന്നും നാം അറിയിക്കേണ്ടതാണ്.

**ദരിദ്രർക്കു കൊടുക്കുക**

"നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യണം" എന്ന് ദൈവവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു: (ഗലാ:6:10 എല്ലായിടത്തും വിശ്വാസികൾക്കിടയിലുള്ള ദരിദ്രജനങ്ങളെ സഹായിക്കുന്നുവാനുള്ള ഒരു ചുമതല നമുക്കുണ്ട്. എന്നാൽ സഭയിലുള്ള ഔദാര്യശാലികളായ ആളുകളിൽ നിന്നു എന്തെങ്കിലും സാമ്പത്തിക ലാഭം എന്ന പ്രധാനോദ്ദേശ്യത്തോടുകൂടി പ്രവർത്തിക്കുന്ന ആളുകളെ സഭയിലേക്ക് ആകർഷിക്കാതിരിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതാണ്. ഇൻഡ്യയെപ്പോലുള്ള ഒരു ദരിദ്രരാജ്യത്ത് അത്തരമൊരപകടം ഒഴിവാക്കാനുള്ള ഏകമാർഗ്ഗം, വിശ്വാസികളുടെ ഒരു പ്രാദേശികസമൂഹത്തിൽ താനൊരു യഥാർത്ഥ സഹോദരനാണെന്ന് ഒരുവൻ തെളിയിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുകയാണ്. അപ്പോൾ മാത്രമേ അയാളെ സാമ്പത്തികമായി സഹായിക്കുവാൻ പാടുള്ളു. അല്ലാത്തപക്ഷം നാം ശിഷ്യരെയല്ല, പരോപജീവികളായ (parasites) വ്യക്തികളെ സഭയിൽ കൂട്ടിച്ചേർക്കുന്ന അപകടത്തിൽ അകപ്പെട്ടുപോകും.

ആദ്യകാലക്രിസ്ത്യാനികൾക്കിടയിൽ മുട്ടുള്ള ഒരുവനും ഉണ്ടായിരുന്നില്ല എന്ന് അപ്പോ: പ്ര: 4:34-ൽ നാം വായിക്കുന്നു. അതിന്റെ കാരണം ധനികരായിട്ടുള്ളവൻ ദരിദ്രരായ വിശ്വാസികളെ സഹായിച്ചിരുന്നതാണ്. ആരും ധനികരെ, അവർ ദരിദ്രർക്കെന്തെങ്കിലും കൊടുക്കുവാൻ നിർബന്ധിച്ചിരുന്നില്ല. അവർ സ്വമനസാ മുട്ടുള്ളവരെ സഹായിച്ചുപോന്നു.

എന്നാൽ പല വിശ്വാസികൾക്കും ദരിദ്രരെ സഹായിക്കുന്ന കാര്യത്തിൽ വിവേകമില്ല. അവർ ദേഹീപരമായ ഒരു ഔദാര്യഭാവത്തോടെ അർഹതയില്ലാത്തവർക്ക് ബുദ്ധിഹീനമായി സഹായം ചെയ്യുന്നു. ഇതിന്റെ ഫലമായി കർത്താവിന്റെ വകയായ പണം ദുരുപയോഗപ്പെടുത്തുക മാത്രമല്ല, പരോപജീവികൾ സഭയോടു ചേർക്കപ്പെടുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി കർത്താവിന്റെ വകയായ പണം ദുരുപയോഗപ്പെടുത്തുക മാത്രമല്ല, പരോപജീവികൾ സഭയോടുചേർക്കപ്പെടുകയും ചെയ്യുന്നു. ധനികർ നൽകുന്ന സഹായം സ്വീകരിപ്പാൻ മാത്രമാണ് അത്തരക്കാർ സഭയിൽ വരുന്നത്. ആ വിധത്തിലുള്ള വളരെയധികം സഹായം ധനികരായ വ്യക്തികൾ നൽകുന്നുണ്ട്. ദരിദ്രരുടെ മധ്യേ തങ്ങൾക്കൊരു നല്ല പേരു സമ്പാദിക്കയും അത്തരക്കാരെ തങ്ങളോടു ഇണച്ചുസൂക്ഷിക്കയുമാണ് അതിന്റെ ഉദ്ദേശ്യം. ചെറിയ തുകകൾ മാത്രം വല്ലപ്പോഴുമൊരിക്കൽ നൽകുന്ന പക്ഷം ഇത് ഗൗരവാവഹമായിത്തീരുകയില്ല. എന്നാൽ എപ്പോഴെങ്കിലും വലിയ തുകകളോ പതിവായ സഹായമോ ആർക്കെങ്കിലും നൽകുവാൻ നിങ്ങൾ ഉദ്ദേശിക്കുമ്പോൾ നിങ്ങളെക്കാളധികം ജ്ഞാനവും ദൈവഭക്തിയുമുള്ള ഒരു മൂത്തസഹോദരന്റെ ഉപദേശം തേടുന്നത് നന്നായിരിക്കും. സഭയിൽ ആർക്കാണ് ഏറ്റവുമധികം ബുദ്ധിമുട്ടുള്ളതെന്ന് ആ മൂത്ത സഹോദരന്മാർക്ക് അറിവുണ്ടായിരിക്കാൻ സാധ്യതയുണ്ട്.

ഇത്തരം കാര്യങ്ങളിൽ തങ്ങൾക്ക് ജ്ഞാനമില്ലെന്നു സമ്മതിക്കുവാൻ തക്കവണ്ണം ആദിമക്രിസ്ത്യാനികൾ വിനീതരായിരുന്നു. അതിനാലാണ് അവർ തങ്ങളുടെ ദാനങ്ങൾ ദരിദ്രർക്കു വിതരണം ചെയ്യാനായി അപ്പോസ്തലന്മാരെ ഏല്പിച്ചത്. എന്നാൽ ആ അപ്പോസ്തലന്മാർ ആ പണത്തിൽ ഒരു പങ്കുപോലും സ്വന്ത കൈകൊണ്ടു തൊട്ടിരുന്നില്ല. ലക്ഷക്കണക്കിനു പണം സ്വീകരിച്ച പത്രോസും യോഹന്നാനും ആ പണം മറ്റുള്ളവർക്കു കൈമാറ്റം ചെയ്‌വാൻ തക്കവണ്ണം വിശ്വസ്തരായിരുന്നു. ഇതിനാലാണ് ഒരിക്കൽ ദരിദ്രനായ ഒരു ഭിക്ഷക്കാരനോട് "വെള്ളിയും പൊന്നും എനിക്കില്ല" എന്നു പറവാൻ അവർക്കു കഴിഞ്ഞത്. മുഴുവൻ പണവും അവരുടെ കൈയിൽക്കൂടി കടന്നുപോയി. ഒന്നും അവരുടെ കൈമേൽ ഒട്ടിപ്പിടിച്ചില്ല. അതിനാലാണ് ജീവിതാന്ത്യം വരെയും ആത്മാവിന്റെ അഭിഷേകം നിലനിർത്തുവാൻ അവർക്കു കഴിഞ്ഞത്. ഇന്നത്തെ കഥ അത്യന്തം വ്യത്യസ്തമാണ്. ഇന്ന് പണം സ്വീകരിക്കുന്ന സുവിശേഷപ്രവർത്തകരുടെ കൈയിൽ അതിന്റെ ഗണ്യമായൊരു ഭാഗം ഒടട്ടിപ്പിടിച്ചുപോകുന്നുണ്ട്.

നമ്മിൽ നിന്നു കടം വാങ്ങാനാഗ്രഹിക്കുന്നവർക്കു കടം കൊടുക്കുന്ന കാര്യത്തിൽ നാമെങ്ങനെയാണ് പെരുമാറേണ്ടത്? ഞാൻ നേവിയിൽ ജോലി ചെയ്തിരുന്ന കാലത്ത് ഒരു ദിവസം ഞങ്ങളുടെ പ്രാദേശികസഭയിലെ ഒരു വിശ്വാസി ഒരു തുക കടം വാങ്ങുവാൻ എന്നെ സമീപിച്ചത് ഞാൻ ഓർക്കുന്നു. "നിന്നോടു യാചിക്കുന്നവനു കൊടുക്കുക; വായ്പ വാങ്ങുവാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞുകളയരുത്" എന്ന ദൈവവചനം എനിക്കറിയാമായിരുന്നു (മത്തായി: 5:42). അടുത്തമാസംതന്നെ ആ പണം തിരിച്ചുതരാമെന്ന് ആ മനുഷ്യൻ എന്നോടു പറഞ്ഞു. അതിനാൽ അദ്ദേഹം ആവശ്യപ്പെട്ട തുക ഞാൻ കൊടുത്തു. എന്നാൽ അടുത്തമാസം അദ്ദേഹം പണം തരാതെ കുറെ പണം കൂടെ എന്നോടാവശ്യപ്പെട്ടു. എനിക്കു നല്ല ശമ്പളമുണ്ടായിരുന്നു. ലളിതജീവിതമാണ് ഞാൻ നയിച്ചിരുന്നത്. അന്ന് എനിക്കു കുടുംബവും ഉണ്ടായിരുന്നില്ല. അതിനാൽ എന്റെ പക്കൽ ധാരാളം പണം മിച്ചമുണ്ടായിരുന്നു. ഞാൻ കുറച്ചു പണംകൂടെ അദ്ദേഹത്തിനു നൽകി. വീണ്ടും അതിനടുത്ത മാസവും അയാൾ എന്നോടു കുറേ പണം കൂടെ ആവശ്യപ്പെട്ടപ്പോൾ ഞാൻ കൊടുത്തു. അല്പകാലത്തിനുശേഷം ഈ മനുഷ്യൻ പിന്മാറ്റത്തിലേക്കു പോകയും മദ്യപാനം ചെയ്ത് പണം ധൂർത്തടിക്കാനാരംഭിക്കയുംചെയ്തു. അതു ഞാൻ അറിഞ്ഞപ്പോൾ ഇപ്രകാരം സാത്താനു കൊടുക്കുവാൻ അയാളുടെ പക്കൽ പണമുണ്ടെങ്കിൽ എന്നോടു വാങ്ങിയ കടം ഞാൻ അതു കർത്താവിനായിക്കൊടുപ്പാൻ വേണ്ടി വീട്ടുവാൻ സഹോദരനു കഴിയുമല്ലോ എന്നു ഞാൻ പറഞ്ഞു. അയാൾ എന്നോടു വളരെ കോപിച്ചു. അയാളെ ഞാൻ ഞെരുക്കുകയാണെന്ന് എന്നെ കുറ്റപ്പെടുത്തി. അതിനാൽ കടംവീട്ടുവാൻ അയാളോട് ആവശ്യപ്പെടുന്നത് ഞാൻ നിറുത്തി.

അനന്തരം ഞാൻ കർത്താവിന്റെ അടുക്കൽച്ചെന്ന് എവിടെയാണ് എനിക്കു തെറ്റുപറ്റിയതെന്നു ചോദി

ച്ചു. അവിടുന്ന് എന്റെ തെറ്റ് എനിക്കു കാണിച്ചു തന്നു. കർത്താവ് എന്നോടിപ്രകാരം പറഞ്ഞു: "ആ പണം നിന്റേതാണെന്ന മട്ടിലാണു നീ പെരുമാറിയത്. അതു സത്യത്തിൽ എന്റേതായിരുന്നു. കടമായി അതു കൊടുക്കുന്നതിനു മുമ്പ് നീ എന്നോടാലോചിക്കേണ്ടതായിരുന്നു".

ആരെങ്കിലും പതിനായിരം രൂപാ സുരക്ഷിതമായി സൂക്ഷിക്കുവാൻ എന്നെ ഏല്പിക്കുകയും അതറിഞ്ഞുകൊണ്ട് നിങ്ങൾ എന്റെ അടുക്കൽ വന്ന് ആ പണത്തിൽ നിന്ന് ഒരു തുക കടമായി ആവശ്യപ്പെടുകയും ചെയ്തിരുന്നെങ്കിൽ നിങ്ങൾക്ക് കടം തരുന്നതിനു മുമ്പ് ആ പണത്തിന്റെ ഉടമസ്ഥനോട് ചോദിക്കേണ്ടതുണ്ടെന്ന് നിങ്ങളോട് ഞാൻ പറയുമായിരുന്നു. കാരണം, അത് എന്റെ പണമല്ലല്ലോ. എന്നാൽ മുൻപറഞ്ഞ സംഭവത്തിൽ ഞാൻ അപ്രകാരം ചെയ്തില്ല. എന്തെന്നാൽ എന്റെ പണം കർത്താവിന്റെ വകയാണെന്ന് ഞാൻ മനസ്സിലാക്കിയില്ല. യേശു കല്പിച്ചതുപോലെ ഞാൻ സകലവും കർത്താവിനായി വിട്ടുകളഞ്ഞിരുന്നെങ്കിൽ (ലൂക്കോസ്: 14:33) എനിക്കുള്ളതെല്ലാം കർത്താവിന്റെ വകയാണെന്നും അതുകൊണ്ട് അതിനെപ്പറ്റി കർത്താവിനോട് ആലോചിക്കേണ്ടതാണെന്നും ആ മനുഷ്യനോടു ഞാൻ പറയുമായിരുന്നു. എന്നാൽ അതിനു പകരം ഞാൻ ദൈവവചനത്തിന്റെ അക്ഷരത്തെ യാന്ത്രികമായി അനുസരിക്കയാണ് ചെയ്തത്. അങ്ങനെ കർത്താവിന്റെ വകയായ പണത്തിൽ ഒരു ഭാഗം ഞാൻ നഷ്ടപ്പെടുത്തി. പിശാചുപോലും ഒരിക്കൽ കർത്താവിന്റെ അടുക്കൽ ഒരു വചനവും ഉദ്ധരിച്ചു. ഞാൻ വചനത്തെ വചനത്തോടുചേർത്ത് തമ്മിൽ താരതമ്യപ്പെടുത്തേണ്ടത് ആവശ്യമായിരുന്നു.

തീർച്ചയായു ആവശ്യത്തിലിരിക്കുന്നവർക്ക് നാം സഹായം ചെയ്യേണ്ടതാണ്. എന്നാൽ ഓരോ പ്രാവശ്യവും അതിനെപ്പറ്റി നാം കർത്താവിനോടു ചോദിക്കേണ്ടതും ആവശ്യമാണ്. ദൈവത്തിന്റെ വായിൽ നിന്നു വരുന്ന ഓരോ വചനത്താലുമത്രേ നാം ജീവിക്കേണ്ടത്. യഥാർത്ഥമായ ആവശ്യത്തിലിരിക്കുന്ന ഒരുവനെ നാം കണ്ടുമുട്ടുമ്പോൾ നാം കർത്താവിനോടു ചോദിക്കുന്ന പക്ഷം അയാൾക്കു പണം കൊടുക്കണമോ വേണ്ടയോ എന്നതിനെപ്പറ്റി ഒരു സാക്ഷ്യം നമ്മുടെ ആത്മാവിൽ നമുക്കു ലഭിക്കും. നിങ്ങൾക്കറിവുള്ളതുപോലെ നിങ്ങളോട് സഹായം അഭ്യർത്ഥിക്കുന്ന വ്യക്തി പന്നിക്കൾക്കിടയിൽവച്ച് ദൈവം ശിക്ഷണം നൽകിക്കൊണ്ടിരിക്കുന്ന ഒരു മുടിയൻപുത്രനാണെന്നു വരാം. അങ്ങനെയെങ്കിൽ നിങ്ങൾ കൊടുക്കുന്ന പണം പിതാവിന്റെ ഭവനത്തിലേക്കു മടങ്ങുന്നതിൽ അയാളെ തടസ്സപ്പെടുത്തുകയല്ലാതെ ഒരു വിധത്തിലും അയാളെ സഹായിക്കുകയില്ല.

ഇന്നു ന്യായപ്രമാണത്തിൻ കീഴിൽ കല്പനകളും നിയമങ്ങളും അനുസരിച്ചല്ല, നേരെമറിച്ച് പരിശുദ്ധാത്മാവിന്റെ നടത്തിപ്പനുസരിച്ചു തന്നെ നമുക്കു ജീവിക്കാം. ഓരോ സാഹചര്യത്തിലും നാമെന്തു ചെയ്യണമെന്നും എന്തു ചെയ്യരുതെന്നും പരിശുദ്ധാത്മാവു തന്നെ നമ്മോടു പറയും. ആവിധനടത്തിപ്പിനായി നമുക്കു ദൈവത്തെ സ്തുതിക്കാം.

**പൂർണ്ണസമയക്രിസ്തീയപ്രവർത്തകർ**

സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേത്താൽ ഉപജീവിക്കണമെന്നു കർത്താവു കല്പിച്ചിട്ടുള്ളതായി 1 കോരിന്ത്യർ: 9:14-ൽ പൗലോസ് പറയുന്നു. അനന്തരം 15 മുതൽ 18 വരെയുള്ള വാക്യങ്ങളിൽ തന്റെ കാര്യത്തിൽ തനിക്ക് അപ്രകാരമുള്ള സഹായം ആവശ്യമില്ലെന്നും സ്വയം ഉപജീവനം നേടിക്കൊണ്ട് കർത്താവിനെ സേവിക്കുന്ന പ്രമാണമനുസരിച്ചാണ് താൻ ജീവിക്കുന്നതെന്നും അദ്ദേഹം തുടർന്നു പറയുന്നു. ഈ കാരണത്താൽ കൊരിന്ത്യ ക്രിസ്ത്യാനികളോട് കർത്താവിന്റെ കാര്യത്തിനു പണം നൽകുന്നതിനെപ്പറ്റി സ്വതന്ത്രമായി സംസാരിക്കുവാൻ പൗലോസിനു കഴിഞ്ഞു. താൻ ഒരിക്കലും തനിക്കുവേണ്ടി യാതൊരു സാമ്പത്തികസഹായവും അവരോടാവശ്യപ്പെട്ടിട്ടില്ലാത്തതിനാലാണ് അദ്ദേഹത്തിന് ഇതു സാധിച്ചത്. അവരുടെ പണം ആവശ്യത്തിലിരിക്കുന്ന ദരിദ്രരായ വിശ്വാസികൾക്കു നൽകുവാൻ അദ്ദേഹം അവരെ പ്രോത്സാഹിപ്പിച്ചു.

യേശുവോ അപ്പോസ്തലന്മാരിൽ ആരെങ്കിലുമോ തങ്ങളെയോ തങ്ങളുടെ ശുശ്രൂഷയെയോ സാമ്പത്തികമായി സഹായിക്കുവാൻ ആരോടെങ്കിലും ആവശ്യപ്പെട്ടിട്ടുള്ളതായി നാം ഒരിടത്തും കാണുന്നില്ല. ദരിദ്രർക്ക് സഹായം നൽകുന്നതിനെപ്പറ്റി മാത്രമേ അവർ സംസാരിച്ചിട്ടുള്ളു (മർക്കോസ്: 10:21; യോഹ:13:29;2 കോരി:8,9 അധ്യായങ്ങൾ; ഗലാത്യർ: 2:9,10 എന്നീ ഭാഗങ്ങൾ നോക്കുക) ഇതാണ് പണസംബന്ധമായ കാര്യങ്ങളിൽ ശിഷ്യത്വത്തിന്റെ വഴി.

പൂർണ്ണമായ സുവിശേഷപ്രവർത്തകർ തങ്ങളെയും തങ്ങളുടെ ശുശ്രൂഷയെയും സഹായിക്കുവാൻ ലജ്ജകൂടാതെ ആവശ്യപ്പെടുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ അവർക്ക് ഇന്ന് ആവശ്യമായിരിക്കുന്ന സന്ദേശം ഇതത്രേ. ഇപ്രകാരം സഹായം നൽകാത്തവരെ ദൈവം ശിക്ഷിക്കുമെന്നു പറയുന്ന ഒരു പരിധിവരെയും അവർ പോകുന്നു!! ഇത് ദൈവത്തിന്റെ വഴിയല്ല, ദൈവത്തിന്റെ വഴി മറ്റുള്ളവരെ തണുപ്പിക്കുവാൻ അവർക്കായി കരുതുവാൻ വേണ്ടി നമ്മുടെ സമയവും ഊർജ്ജവും ചെലവാക്കുകയും അതിലൂടെ ദൈവം നമ്മെ തണുപ്പിക്കുകയും ചെയ്യുക എന്നതാണ് (സദൃശ: 11:25). ദൈവത്തിലുള്ള വിശ്വാസത്തിന്റെ വഴി ഇതത്രേ. ഇതിൽ നാം മനുഷ്യരെ ആശ്രയിക്കുന്നില്ല.

ഇൻഡ്യൻ നാവികസേനയിൽ ഞാൻ ജോലി ചെയ്തിരുന്ന കാലത്ത് എനിക്കു ശമ്പളം നൽകിയിരുന്നതും എന്റെ ഭൗതികാവശ്യങ്ങൾക്കായി കരുതിയിരുന്നതും നാവികസേന ആയിരുന്നു. മറ്റാരോടെങ്കിലും പോയി പണസംബന്ധമായ സഹായം അപേക്ഷിക്കേണ്ട ആവശ്യം എനിക്കുണ്ടായിരുന്നില്ല. ദൈവമോ നാവികസേനയെക്കാളും മറ്റേതൊരു തൊഴിൽദായകനെക്കാളും വലിയവനല്ലേ? നാം വാസ്തവത്തിൽ സർവ്വശക്തനായ ദൈവത്തിന്റെ ഭൃത്യന്മാരെങ്കിൽ മരണമുള്ള മനുഷ്യരുടെ അടുക്കൽ സഹായത്തിനായി കൈനീട്ടേണ്ട ആവശ്യം നമുക്കുണ്ടോ? ദൈവത്തിന്റെ ഭൃത്യന്മാർ മറ്റു വിശ്വാസികളുടെ അടുക്കൽച്ചെന്ന് പണത്തിനായി

യാചിക്കുമ്പോൾ അത് നമ്മുടെ ദൈവത്തിന്റെ അഭിമാനത്തിന് ഒരു ക്ഷതം തന്നെ. തന്റെ ഭൃത്യന്മാർ ഏതെങ്കിലും മനുഷ്യനിലല്ല, തന്നിൽത്തന്നെ ആശ്രയിക്കണമെന്ന കാര്യത്തിൽ തീക്ഷ്ണതയുള്ള ഒരുവനാണ് ദൈവം.

ഒരു ദൃഷ്ടാന്തം കൊണ്ട് ഞാൻ ഇതു വിശദീകരിക്കട്ടെ. ഒരു ദിവസം ഒരു പാശ്ചാത്യൻ സൂട്ടു ധരിച്ചുകൊണ്ട് നിങ്ങളുടെ വീട്ടിൽ വന്ന് താൻ അമേരിക്കൻ ഐക്യനാടുകളുടെ സ്ഥാനപതിയാണെന്ന് സ്വയം പരിചയപ്പെടുത്തുന്നുവെന്നു ചിന്തിക്കുക. അതിന്റെ ശേഷം തന്റെ രാജ്യം ഒരു സാമ്പത്തിക പ്രതിസന്ധിയിൽക്കൂടി കടന്നുപോകയാണെന്നു പറഞ്ഞ് അവിടത്തെ ആവശ്യങ്ങൾക്കായി എന്തെങ്കിലുമൊരു തുക സംഭാവന ചെയ്യുവാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്ന പക്ഷം നിങ്ങൾ എന്തു ചിന്തിക്കും? നിങ്ങളെ വഞ്ചിക്കുവാൻ ശ്രമിക്കുന്ന ഒരു കൗശലക്കാരനാണയാൾ എന്നു പെട്ടെന്നു നിങ്ങൾക്കു മനസ്സിലാകും. എന്തുകൊണ്ട്? യു.എസ്.എ. ഗവണ്മെന്റ് വീടുതോറും നടന്ന് പണം യാചിക്കുന്ന ഒരു നിലവാരത്തിലേക്ക് അധഃപതിക്കുകയില്ലെന്ന് നിങ്ങൾക്കു നന്നായറിയാവുന്നതുകൊണ്ടുതന്നെ.

ഇനി ചിന്തിച്ചുനോക്കുക. ഒരു മനുഷ്യൻ നിങ്ങളുടെ വീട്ടിൽ വരുന്നു. അല്ലെങ്കിൽ ഒരു മാസിക നിങ്ങൾക്ക് അയയ്ക്കുന്നു. താൻ കർത്താവായ യേശു ക്രിസ്തുവിന്റെ സ്ഥാനപതിയാണെന്ന് അതിലൂടെ സ്വയം പരിചയപ്പെടുത്തിയശേഷം ദൈവരാജ്യം പണസംബന്ധമായി ബുദ്ധിമുട്ടിലാണെന്നും ഈ പ്രതിസന്ധിയിൽ ദൈവത്തെ ഒരു ചെറിയ തുകയെങ്കിലും നൽകി സഹായിക്കണമെന്നും നിങ്ങളോടാവശ്യപ്പെടുന്നുവെന്നിരിക്കട്ടെ. അയാളെ നിങ്ങൾ വിശ്വസിക്കും. എന്തുകൊണ്ട്? കാരണം, യു.എസ്.എ. ഗവണ്മെന്റിനെക്കാൾ എത്രയോ താഴേക്കിടയിലാണ് ദൈവരാജ്യമെന്ന് നിങ്ങൾ ചിന്തിക്കുന്നു. അതാണ് ദുഃഖകരമായ സത്യം. കൗശലക്കാരായ വഞ്ചകന്മാർ "ദൈവഭൃത്യന്മാർ" എന്നു നടിച്ചുകൊണ്ട് ആയിരക്കണക്കിനു വിശ്വാസികളെ ഇന്നു വഞ്ചിക്കുവാനിടയാകുന്നത് ഇതുമൂലമാണ്.

"ദൈവഭൃത്യരെ"ന്നറിയപ്പെടുന്ന പലരും ദൈവരാജ്യത്തിന്റെ അന്തസ്സിനെ ഇത്ര താണ ഒരു പടിയിലേക്കാഴ്ത്തിയിരിക്കുന്നത് എത്ര ലജ്ജാകരം! ഇതിന്റെ കാരണം പണസംബന്ധമായ കാര്യങ്ങളിൽ അവർ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായിത്തീർന്നിട്ടില്ല എന്നതാണ്. തന്മൂലം പണസംബന്ധമായ കാര്യങ്ങളിൽ മറ്റൊരാളെ ഒരു ക്രിസ്തുശിഷ്യനാക്കാനും അവർക്കു സാധ്യമല്ല.

ഇന്ന് പല സുവിശേഷപ്രസംഗകരും ബൈബിൾസ്കൂളുകളും അനാഥാലയങ്ങളും സ്ഥാപിച്ചിട്ടുള്ളത് മറ്റുള്ളവരെ സഹായിക്കുവാനല്ല, പിന്നെയോ തങ്ങൾക്കുതന്നെ ഒരു തടിച്ച ശമ്പളം നേടുവാനും തങ്ങളുടെ കുടുംബങ്ങൾക്ക് ഒരുന്നതജീവിതനിലവാരം സമ്പാദിക്കുവാനും വേണ്ടിയാണ്. "സർവശക്തമായ ഡോളർ" വാരിക്കൂട്ടുവാൻവേണ്ടി തങ്ങളുടെ പ്രയത്നങ്ങളുടെ വിജയത്തെക്കുറിച്ചുള്ള അദ്ഭുതകരമായ റിപ്പോർട്ടുകൾ ന്യൂസ്ലറ്ററുകളിലൂടെ പതിവായി അവർ അയച്ചുകൊണ്ടിരിക്കുന്നു. പണത്തിന്റെ പിന്നാലെയുള്ള പരക്കംപാച്ചിൽ നമ്മുടെ നാട്ടിൽ ഒട്ടനേകം ദൈവഭൃത്യന്മാരെ നശിപ്പിച്ചുകളഞ്ഞിരിക്കുന്നു.

കർത്താവിന്റെ വേലയ്ക്കുവേണ്ടി ദാനം ചെയ്യപ്പെടുന്ന പണമാണ് ലോകത്തിൽ വച്ചേറ്റവും വിശുദ്ധമായ പണം. ആ പണത്തിൽ ഏതെങ്കിലുമൊരുഭാഗം നമ്മുടെ വ്യക്തിപരമോ കുടുംബസംബന്ധമോ ആയ ഉപയോഗത്തിനുവേണ്ടി നാം എടുക്കുന്ന പക്ഷം - അതിനുവേണ്ടി പേരെടുത്തു പറഞ്ഞ് നൽകിയിട്ടുള്ളതല്ല ആ പണമെങ്കിൽ നാം വലിയ ആപത്തിലാണ് നിലകൊള്ളുന്നത്. നിത്യമായി നാശമടയുക തന്നെയാണ് ആ ആപത്ത്. ഒരു പാത്രം പായസത്തിനുവേണ്ടി നമ്മുടെ ജന്മാവകാശം വിറ്റുകളയുന്നവരായി നാം തീരും.

ക്രിസ്തീയപ്രവർത്തകർ മിതവ്യയശീലത്തോടെ ജീവിക്കേണ്ടതു വലിയ ഒരാവശ്യം തന്നെ. ഇതു മാമോനെ സ്നേഹിക്കാതിരിക്കുന്നതിന്റെ ഒരു ഭാഗമാണ്. തങ്ങളുടെ ശമ്പളത്തിൽനിന്ന് പണം ചെലവാക്കേണ്ടി വരുമ്പോൾ വളരെ കരുതലോടെ പെരുമാറുന്ന ക്രിസ്തീയപ്രവർത്തകരെ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ മിഷ്യൻപണം എടുത്തു ചെലവാക്കുമ്പോൾ അവർ വലിയ ധാരാളികളാണ്. അമേരിക്കയിലുള്ള ചില പാവപ്പെട്ട വിധവമാർ ഇൻഡ്യയിലെ കർത്തൃവേലയ്ക്കായി തങ്ങൾക്കുള്ള അല്പത്തിൽനിന്ന് അയച്ചുകൊടുക്കുന്നുണ്ട്. എന്നാൽ ഇൻഡ്യയിലെ സുവിശേഷപ്രവർത്തകൻ തനിക്കായിത്തന്നെ വലിയൊരു ഭവനം പണിയാനും ധാരാളിത്തത്തോടെ ജീവിക്കാനും മറ്റുമായി ആ പണം ചെലവാക്കുന്നു. ഇത് അവിശ്വസ്തതയാണ്. ഇത്തരം പ്രവർത്തകർക്ക് പ്രവചനത്തിന്റേതായ ഒരു ശബ്ദമില്ലാതിരിക്കുന്നതിന്റെ പ്രധാനകാരണം ഇതത്രേ.

ഇൻഡ്യയിലെ സഭയിൽ പ്രവാചകന്മാർ ഇല്ലാതിരിക്കുന്നതിന് എന്താണു കാരണം? ഏകദേശം 100 കോടി ജനങ്ങളുള്ള ഈ രാജ്യത്തെപ്പറ്റി ദൈവത്തിനു കരുതലില്ലാതെ വരിക സാധ്യമോ? നമ്മുടെ ഈ കാലഘട്ടത്തിൽ ഒരൊറ്റ പ്രവാചകനെയെങ്കിലും ദൈവം അയ്ക്കാതിരിക്കുന്നതെന്തുകൊണ്ട്? കർത്താവ് യഥാർത്ഥത്തിൽ ഇൻഡ്യയ്ക്കുവേണ്ടി കരുതുന്നുണ്ട്. നമ്മുടെ ഈ രാജ്യത്ത് പ്രവാചകന്മാരായിരിക്കുവാൻ അവിടുന്ന് പലരെയും വിളിച്ചിട്ടുണ്ട്. എന്നാൽ അവരിൽ ഭൂരിപക്ഷവും തങ്ങളുടെ പ്രവചനവരത്തെ മമോനുവേണ്ടി വിറ്റുകളയുകയും ബിലെയാമിന്റെയും ഗേഹസിയുടെയും വഴിയിൽക്കൂടെ പോകയും ചെയ്തിരിക്കുന്നു. അതിന്റെ ഫലമായി ഇന്ന് ഒരൊറ്റ പ്രവാചകൻപോലും ശേഷിക്കാത്ത ഒരവസ്ഥയിൽ നാമെത്തിയിരിക്കുന്നു.

ഇൻഡ്യയിലെ സഭ സ്വന്തം കാലിൽ നില്ക്കാൻ പഠിക്കേണ്ടിയിരിക്കുന്നു. അതിലേക്ക് ഒരു ദിവസം ദൈവം ഇൻഡ്യയിലെ ക്രിസ്തീയപ്രവർത്തനത്തിനായി വിദേശികൾ നൽകുന്ന എല്ലാ വൈദേശികപണവും നിറുത്തലാക്കും. അപ്രകാരം ദൈവം ചെയ്യുന്നപക്ഷം കൂലിക്കാരായി പ്രവർത്തിക്കുന്നവർ ആരൊക്കെയെന്നു പെട്ടന്നുതന്നെ വെളിപ്പെടും. തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന വേല വിട്ട് അവർ പൊയ്ക്കളയും. അപ്പോൾ ഒരു പക്ഷേ സത്യപ്രവാചകന്മാർ എഴുന്നേല്ക്കയും യേശുക്രിസ്തുവിന്റെ സഭ പണിയപ്പെടുകയും ചെയ്യും. അങ്ങനെ കർത്താവിന്റെ നാമം നമ്മുടെ രാജ്യത്ത് മഹത്വപ്പെടുവാൻ ഇടയാകും.

ദൈവം നിങ്ങളെ പൂർണ്ണസമയക്രിസ്തീയപ്രവർത്തനത്തിനായി വിളിച്ചിരിക്കുന്നുവെങ്കിൽ നിങ്ങൾ മനുഷ്യരുടെ ഒരു ഭൃത്യനായിട്ടല്ല, ദൈവത്തിന്റെ ഭൃത്യനായിത്തന്നെ നില്ക്കുന്നുവെന്ന് ഉറപ്പുവരുത്തുക. സമ്പന്നരായ മനുഷ്യർ നിങ്ങൾക്കു പണം നൽകുവാനാരംഭിക്കുമ്പോൾ അവർക്ക് അലോസരമുണ്ടാക്കുന്ന ഒന്നും പറയാതിരിക്കുമാറ് ദൈവികദൂത് പരിമിതപ്പെടുത്തി ഒത്തുതീർപ്പ് നടത്തുവാൻ നിങ്ങൾ വേഗം പ്രേരിതനായിത്തീരും. 1 കൊരിന്ത്യർ: 7:21, 23 എന്നീ വാക്യങ്ങളിൽ "നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുന്നു. മനുഷ്യർക്കു ദാസന്മാരാകരുത്" എന്നു ബൈബിൾ പറയുന്നു. പല വിശ്വാസികളും തങ്ങളുടെ ദാനങ്ങൾ മുഖേന നിങ്ങളെ ദാസന്മാരാക്കുവാൻ ശ്രമിക്കും. അവരെ സൂക്ഷിച്ചുകൊള്ളുക.

**മറ്റു മേഖലകൾ**

ഇന്ന് ഇൻഡ്യയിൽ പല ക്രിസ്ത്യാനികൾക്കും കർത്താവിനോടുള്ള വിശ്വാസവും അനുസരണവും പരീക്ഷിക്കപ്പെടുന്ന ഒരു മേഖല തങ്ങളുടെ മതപരമായ ഉത്സവങ്ങൾ കൊണ്ടാടുന്നതിലേക്കു പണം നൽകുവാൻ അക്രൈസ്തവർ അവരെ സമീപിക്കുന്ന സന്ദർഭമാണ്. അത്തരം സന്ദർഭങ്ങളിൽ ഒരു ക്രിസ്തുശിഷ്യൻ കൃപയോടും എന്നാൽ ദൃഢചിത്തതയോടും പെരുമാറണം. "ദരിദ്രർക്കുവേണ്ടിയുള്ള ഏതു ദ്രവ്യശേഖരത്തിലും സന്തോഷത്തോടെ പണം കൊടുക്കുവാൻ എനിക്കു മനസ്സാണ്; എന്നാൽ അക്രൈസ്തവമായ മതാഘോഷങ്ങൾക്കു, ഞാൻ അതിൽ വിശ്വസിക്കായ്കയാൽ, പണം നൽകുവാൻ എനിക്കു സാധ്യമല്ല" എന്ന് അയാൾ തുറന്നുപറയണം. ഇന്ന് ഇൻഡ്യയിൽ ചില സ്ഥലങ്ങളിൽ ഇപ്രകാരമുള്ള ഒരു നിലപാടു സ്വീകരിക്കുന്ന ഒരു ക്രിസ്ത്യാനിയ്ക്ക് ജീവാപായം തന്നെ സംഭവിക്കുവാനിടയുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഒരു ക്രിസ്തുശിഷ്യൻ വിവേകശാലിയായിരിക്കണം. എന്തുവന്നാലും അയാൾ കർത്താവിനെ തള്ളിപ്പറയുന്നവനാകരുത്. എന്നാൽ ഒരു കള്ളൻ ചെയ്യുന്നതുപോലെ ആളുകൾ അവന്റെ പക്കൽനിന്നു നിർബന്ധമായി പണം വസൂലാക്കുന്നപക്ഷം അയാൾ തന്നെത്തന്നെ കുറ്റം വിധിക്കേണ്ട ആവശ്യവുമില്ല. കാരണം, ദൈവം അയാളുടെ സാഹചര്യം അറിയുന്നു.

നമ്മുടെ രാജ്യത്ത് പലരും നേരിടുന്ന മറ്റൊരു പ്രശ്നം നിയമാനുസൃതമായ ഒരു പെർമിറ്റോ ലൈസൻസോ മറ്റോ ലഭിക്കാൻ വേണ്ടി ഗവണ്മെന്റ് ഉദ്യോഗസ്ഥർക്കോ മേധാവികൾക്കോ പണം കൊടുക്കേണ്ടിവരുന്നതാണ്. പല പ്രസംഗകരും വിശുദ്ധരെന്ന തങ്ങളുടെ പ്രശസ്തി നഷ്ടപ്പെടുമെന്നു ഭയപ്പെട്ട് ഈ വിഷയത്തെപ്പറ്റി സംസാരിക്കുവാൻ മടിക്കുന്നവരാണ്. എന്നാൽ നമ്മുടെ രാജ്യത്ത് ഓരോ ദിവസവും ക്രിസ്ത്യാനികൾ ഈ പ്രശ്നത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതുമൂലം ഈ കാര്യത്തിൽ വ്യക്തമായൊരു പഠിപ്പിക്കൽ ആവശ്യമായിരിക്കുന്നു. അതിനാൽ പല വിശ്വാസികളുടെയും ചുമലിൽ നിന്ന് അനാവശ്യമായ ഒരു ഭാരം നീക്കുന്നതിനുവേണ്ടി ഞാൻ നൽകുവാനാഗ്രഹിക്കുന്ന വിവേകപൂർവ്വമായ ഒരുപദേശം ഇവിടെ പ്രസ്താവിക്കട്ടെ.

1 കോരിന്ത്യർ: 6:12, 10:23 എന്നീ വാക്യങ്ങളിൽ നാം വായിക്കുന്നതുപോലെ ആളുകൾ ജീവിക്കുവാൻ സ്വീകാര്യമായ മൂന്നു തലങ്ങൾ ഉണ്ട്.

1. നിയമവിരുദ്ധം: ഇവിടെയാണ് ആളുകൾ അനീതി പ്രവർത്തിക്കുന്നത് – ഇത് ഏറ്റവും താണതലം
2. നിയമാനുസൃതം: ഇവിടെ അനീതിയില്ലെങ്കിലും ഇത് നീതിയുടെ ഏറ്റവും താഴത്തെ പടിയാണ്.
3. പ്രയോജനകരം: ഇതാണ് വിശ്വാസത്തിന്റെ പരമോന്നതതലം.

വ്യക്തമായും നിയമവിരുദ്ധമായ ഒന്ന് ചെയ്യുന്ന തലത്തിലേക്ക് നാം ഒരിക്കലും താണുപോകരുത്. അതിനാൽ അതിനാൽ അനീതിപൂർവമായ ഒരു കാര്യം ചെയ്തുകിട്ടുവാൻ വേണ്ടി നാം ആർക്കും പണം കൊടുക്കരുത്. അത് ഗവണ്മെന്റിനെയോ സ്ഥാപനത്തെയോ വഞ്ചിക്കുകയാവും. അങ്ങനെ നിങ്ങൾ കൊടുക്കുന്നത് ഒരു കൈക്കൂലിയായിരിക്കും.

എന്നാൽ തികച്ചും നിയമാനുസൃതമായ ഒരു കാര്യത്തിനു വേണ്ടിയുള്ള ഒരു പെർമിറ്റു നൽകുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥൻ നിങ്ങളോടു പണം ആവശ്യപ്പെടുകയും ആ ആഫീസിലേക്കു വീണ്ടും വീണ്ടും പോവുകയെന്ന മുഷിപ്പൻ കാര്യം ഒഴിവാക്കുവാൻ വേണ്ടി നിങ്ങൾ പണം നൽകുകയും ചെയ്യുന്നപക്ഷം എന്താണിതിനെപ്പറ്റി പറയേണ്ടത്? അത്തരമൊരു സന്ദർഭത്തിൽ നിങ്ങൾ ആരെയും വഞ്ചിക്കുന്നില്ല. നിങ്ങളുടെ സ്വന്തം പണം സ്വമനസ്സാലെ നിങ്ങൾ നൽകുകയാണ്. ഒരു ഹോട്ടലിൽ ഭക്ഷണം വിളമ്പുന്ന ഒരു വെയിറ്റർക്കു ഒരു "ടിപ്പ്" (സമ്മാനം) കൊടുക്കുന്നതിനോട് ഇതിനെ സാമ്യപ്പെടുത്താം. കൂടുതൽ സൂക്ഷ്മമായിപ്പറഞ്ഞാൽ നിങ്ങളുടെ നേരെ തോക്കുചൂണ്ടി നിൽക്കുന്ന ഒരു കൊള്ളക്കാരന് ജീവരക്ഷയെക്കരുതി നിങ്ങൾ പണം കൊടുക്കുന്നതിനു തുല്യമാണിത്. ഏക വ്യത്യാസം ഇതാണ്. ആ ഉദ്യോഗസ്ഥൻ നിങ്ങളുടെ നേരെ ചൂണ്ടിയത് തോക്കല്ല, ഒരന്ത്യശാസനമാണ്. എങ്കിലും അതു പകൽക്കൊള്ള തന്നെയാണ്. കുറഞ്ഞപക്ഷം ഇങ്ങനെ നിങ്ങൾക്കു സമാശ്വസിക്കാം. അനീതിപരമായ ഒരു കാര്യം ചെയ്തുകിട്ടുവാൻവേണ്ടി നിങ്ങൾ പണം നൽകിയില്ല. മറ്റൊരാളെ നിങ്ങൾ വഞ്ചിക്കുകയും ചെയ്തില്ല. ഇതു മുൻപറഞ്ഞ രണ്ടാമത്തെ തലം അതായത് നിയമാനുസൃതതലമാണ്.

എന്നാൽ ക്ലാർക്കിനു പണം കൊടുക്കാതെ തന്നെ തനിക്ക് ആ അനുവാദം ലഭിക്കുമെന്നുള്ള വിശ്വാസം മറ്റൊരു സഹോദരന് ഉണ്ടായെന്നുവരാം. ഇതാണ് ഏറ്റവും ഉയർന്ന തലം. എന്നാൽ എല്ലാവർക്കും വിശ്വാസത്തിന്റെ ഈ തലത്തിലേക്കുയരുവാൻ കഴിഞ്ഞില്ലെന്നു വരാം. അമ്മാതിരി വിശ്വാസമുള്ളവർക്ക് ആ ഉയർന്ന തലത്തിൽ ജീവിക്കാം. എങ്കിലും തങ്ങളുടെ വിശ്വാസത്തിന്റെ ആ തലത്തിലേക്കു വന്നിട്ടില്ലാത്തവരെ അയാൾ വിധിക്കരുത്. റോമർ 14-ാം അധ്യായം നോക്കുക. ഈ വസ്തുതയെപ്പറ്റി അവിടെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്.

അങ്ങനെയാണെങ്കിലും നാം വിശ്വസിക്കുന്ന പക്ഷം ദൈവം നമുക്കുവേണ്ടി ഒരദ്ഭുതം പ്രവർത്തിക്കു

വാനാഗ്രഹിച്ചിരുന്ന ഒരു സാഹചര്യത്തിൽ ഒരു കൈക്കൂലിക്കാരനായ ഉദ്യോഗസ്ഥനു പണം കൊടുത്ത് വിഷമ സാഹചര്യത്തിൽ നിന്നു തലയൂരാൻ നാം ശ്രമിക്കുന്ന ഒരവസ്ഥ നമുക്കുണ്ടാകാമെന്നു നാം മനസ്സിലാക്കണം. അതുകൊണ്ട് നാം നേരിടുന്ന ഓരോ വിഷമ സാഹചര്യത്തിലും നാം ദൈവത്തെ അന്വേഷിക്കയും അവിടുത്തേക്കു പ്രസാദകരമായതു ചെയ്‌വാനുള്ള ജ്ഞാനത്തിനായി പ്രാർത്ഥിക്കയും വേണം. എങ്കിലും നമ്മുടെ വിശ്വാസം മറ്റൊരുവന്റെ തലത്തിലേക്കുയരാത്ത പക്ഷം നാം ശിക്ഷാവിധിയിലാണെന്ന് കരുതേണ്ടതുമില്ല.

**ശമ്പളവും മിച്ചംവയ്ക്കലും**

നാം ഒരു ജോലി അന്വേഷിക്കുമ്പോൾ ഏറ്റവുമുയർന്ന ശമ്പളമുള്ള ഒന്നിനായി നാം കാത്തിരിക്കുന്നതു ശരിയാണോ? ആ ജോലി നിങ്ങളുടെ ആത്മീയ ജീവിതത്തെയോ നിങ്ങളുടെ ശരീരമനസ്സുകളെയോ ഏതെങ്കിലും വിധത്തിൽ നശിപ്പിക്കുന്ന ഒന്നല്ലെങ്കിൽ അതു ശരി തന്നെ. എന്നാൽ പണത്തിനുവേണ്ടിയുള്ള നിങ്ങളുടെ പരിശ്രമം ദൈവരാജ്യത്തെയോ അവിടുത്തെ നീതിയെയോ ലേശമെങ്കിലും പരിത്യജിക്കുവാൻ ഇടവരുത്തുമെങ്കിൽ അതു തെറ്റാണ്. ഉയർന്ന ശമ്പളമുള്ള ഒരു ജോലി അന്വേഷിക്കുന്നതു നല്ലതാണ്. കാരണം, കർത്താവിന്റെ വേലയ്ക്കായി കൂടുതൽ പണം കണ്ടെത്തുവാൻ അതു നിങ്ങളെ സഹായിക്കും. എന്നാൽ അത്തരമൊരു ജോലി നിമിത്തം കർത്താവിനു പ്രയോജനകരമായ വിധം സമയം വിനിയോഗിക്കുവാൻ നിങ്ങൾക്കു സാധിക്കാതെ വരുമെങ്കിൽ, അതു ദൈവഹിതമായിരിക്കയില്ല. അതിനാൽ ഇത്തരം കാര്യങ്ങളിൽ ഒരുവൻ വളരെ കരുതലോടെ വേണം തീരുമാനമെടുക്കേണ്ടത്.

ബിലെയാമിന്റെ കാര്യം ചിന്തിക്കുക. ബാലാക്ക് രാജാവിന്റെ അടുക്കൽ പോകരുതെന്ന് ദൈവം വ്യക്തമായി അയാളോടു പറഞ്ഞിരുന്നു. എന്നാൽ രാജാവ് അയാൾക്കു കൂടുതൽ പണം വാഗ്ദാനം ചെയ്തപ്പോൾ രണ്ടാമതൊരിക്കൽ കൂടി ദൈവഹിതം ആരായുവാൻ ബിലെയാം ആഗ്രഹിച്ചു. ബിലെയാമിന്റെ ഹൃദയത്തിലെ അത്യാഗ്രഹം ദൈവം കണ്ടിട്ട് അവനെ പോകാൻ അനുവദിച്ചു. ഇതുപോലെയുള്ള പല വിശ്വാസികളുമുണ്ട്. ദൈവഹിതം അന്വേഷിക്കുന്നതായി അവർ നടിക്കുന്നുവെങ്കിലും അവരുടെ ഹൃദയം അത്യാഗ്രഹത്തെ പിന്തുടരുന്നു. അവരുടെ ഉദ്ദേശ്യങ്ങൾ ദൈവം അറിയുന്നതുകൊണ്ട് അവർ പോകുന്ന വഴിക്കു പോകുവാൻ ദൈവം അവരെ വിടുന്നു.

ഇക്കാലത്ത് വിശ്വാസികൾ ജോലിക്കായി വിദേശങ്ങളിൽപ്പോകുന്നത് വ്യത്യസ്തകാരണങ്ങൾ മൂലമാണ്. ഇൻഡ്യയിലുള്ള ദരിദ്രരായ തന്റെ കുടുംബാംഗങ്ങളെ സഹായിക്കുന്നതിനാകാം ഒരുത്തൻ പോകുന്നത്. അതു നല്ലൊരുകാരണം തന്നെ. എന്നാൽ മറ്റൊരാൾ തനിക്കുവേണ്ടിത്തന്നെ തന്റെ യഥാർത്ഥാവശ്യങ്ങളെ ബഹുദൂരം കവിഞ്ഞുനിൽക്കുന്ന വിധം കൂടുതൽ പണമുണ്ടാക്കുവാൻ പോകുന്നു. ഈ രണ്ടു വിശ്വാസികളുടെയും അന്ത്യം ഒരു പോലെയായിരിക്കയില്ല. ആവശ്യം നിമിത്തം പോയ ഒരുവൻ ആത്മീയനായി വളരും. അത്യാഗ്രഹം നിമിത്തം പോയ മറ്റവൻ പിന്മാറ്റത്തിലാവുകയും ചെയ്യും.

ഒരു ഫാക്ടറിയിലെ ഒരു ട്രേഡ് യൂണിയനിൽ ചേരുകയും അതിലൂടെ ഉയർന്ന ശമ്പളമാവശ്യപ്പെടുകയും ചെയ്യുന്നതു ശരിയാണോ? നിങ്ങൾ അക്രമപരമായ പ്രവർത്തനങ്ങളിലൊന്നും ഏർപ്പെടുന്നില്ലെങ്കിൽ അതു ശരിതന്നെ. ഉയർന്ന ഒരു ശമ്പളത്തിനോ അലവൻസിനോ വേണ്ടി എപ്പോഴും ഉന്നതാധികാരികളെ നിങ്ങൾക്കു സമീപിക്കാം. എന്നാൽ നിങ്ങൾ ഒരിക്കലും മത്സരിയാകയോ നിങ്ങൾ ചോദിക്കുന്നതു ലഭിക്കുവാനായി പണിമുടക്കുകയോ ചെയ്യരുത്. നിങ്ങൾക്കാവശ്യമായതു ദൈവം നൽകുമെന്നുള്ള വിശ്വാസം നിങ്ങൾക്കുണ്ടായിരിക്കണം. അതുപോലെ നിങ്ങൾക്കു ലഭിക്കുന്നതിൽ എപ്പോഴും സംതൃപ്തനായിരിക്കുകയും വേണം. നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ മതിയായ വരുമാനം നിങ്ങൾക്കു ലഭിക്കാതിരിക്കുന്നതിനെപ്പറ്റി ദൈവത്തോട് പറയുകയും അതിനായി പ്രാർത്ഥിക്കയും ചെയ്ക എന്നതാണ് ദൈവികമായ മാർഗ്ഗം. അപ്പോൾ നിങ്ങളുടെ ആവശ്യങ്ങൾ ദൈവം നിറവേറ്റും.

ഭാവിയിലെ ആവശ്യത്തിനായി പണം മിച്ചം വയ്ക്കുന്നതിനെപ്പറ്റി എന്താണിഭിപ്രായം? യേശുവിന്റെ ഒരു ശിഷ്യന് ഒരു സേവിംഗ്സ് അക്കൗണ്ടോ ഫിക്സഡ് ഡെപ്പോസിറ്റുകളോ കമ്പനി ഷെയറുകളോ മറ്റു രൂപത്തിലുള്ള ധനമോ ഉണ്ടായിരിക്കാമോ? നാം ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കാതെ സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കണമെന്നു യേശു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ ഇവിടുത്തെ പ്രശ്നം ഇതാണ്: ഏതു ഘട്ടത്തിലാണ് ഏതെങ്കിലും സമ്പാദ്യം അഥവാ മിച്ചം തനിക്കുവേണ്ടിത്തന്നെ സൂക്ഷിക്കുന്ന ഒരു നിക്ഷേപമായിത്തീരുന്നത്? ഈ ചോദ്യത്തിന് അനായാസമായി ഒരുത്തരം നൽകാൻ സാധ്യമല്ല. മറ്റുള്ളവർക്കുവേണ്ടി നിയമങ്ങൾ നിർമ്മിക്കുവാൻ നമുക്കു സാധ്യമല്ല. കർത്താവ് നമ്മെ പ്രായപൂർത്തിയായവരായി കരുതുന്നു. ഏതു ഘട്ടത്തിൽ ഒരു കരുതൽ ധനം, ഒരു നിക്ഷേപമായി മാറുന്നുവെന്ന് തീരുമാനിക്കാനുള്ള ചുമതല നമ്മുടെ മേൽതന്നെ അവിടുന്നു ചുമത്തുന്നു. നാം കൂടെക്കൂടെ എന്തിനെപ്പറ്റി ചിന്തിക്കുന്നുവെന്ന് നമ്മോടുതന്നെ ചോദിക്കുകയാണ്. ഇതു നിർണ്ണയിക്കുവാനുള്ള മാർഗ്ഗം. അതു പണത്തെപ്പറ്റിയാണെങ്കിൽ പണം തീർച്ചയായും നമ്മുടെ നിക്ഷേപമായിത്തീർന്നിരിക്കുന്നു. നേരേമറിച്ച് കർത്താവിനെയും അവിടുത്തെ വേലയെയും പറ്റിയാണ് നാം ചിന്തിക്കുന്നതെങ്കിൽ കുറെയധികം ഭൗമികധനം നമുക്കുണ്ടായിരുന്നാലും നമ്മുടെ നിക്ഷേപം സ്വർഗ്ഗത്തിലാണ്.

ഭാവിക്കായി കരുതുന്നതിനെപ്പറ്റി എറുമ്പിൽ നിന്നു പഠിക്കുവാൻ ദൈവ വചനം നമ്മെ പ്രബോധിപ്പിക്കുന്നുണ്ട് (സദൃശ: 6:6, 11) മഴക്കാലത്തിനായി ഭക്ഷണം ശേഖരിച്ചുവയ്ക്കുവാൻ തങ്ങളെ ഉപദേശിക്കുന്ന യാതൊരു നേതാക്കളും എറുമ്പുകൾക്കില്ല. എങ്കിലും അതു സ്വയം ചെയ്യുവാനുള്ള വിവേകം അവയ്ക്കുണ്ട്. എന്നാൽ പല വിശ്വാസികൾക്കും ആ വിവേകമില്ല. അവർക്ക് പെട്ടെന്ന് അപ്രതീക്ഷിതമായ ഒരു ചെലവു വഹിയ്ക്കേണ്ടി വരുമ്പോൾ അവർ മറ്റുള്ളവരോടു യാചിക്കുകയോ കടം കൊള്ളുകയോ ചെയ്യേണ്ടിവരുന്നു.

മുൻ വർഷങ്ങളിൽ തങ്ങളുടെ ചെലവിന്റെ കാര്യത്തിൽ അവർ ശ്രദ്ധാലുക്കളായി ഭാവിക്കായി വല്ലതും കരുതി വെച്ചിരുന്നെങ്കിൽ ഇപ്രകാരം ചെയ്യേണ്ടിവരികയില്ലായിരുന്നു. അതിനാൽ നാം സമ്പാദിക്കുന്നതിന്റെ ഒരു ഭാഗം മിച്ചം വയ്ക്കുന്നതു നല്ലതുതന്നെ.

യേശുവിന് ദാനമായി ലഭിച്ചിരുന്ന പണം മുഴുവൻ ലഭിച്ച ദിവസത്തിൽ തന്നെ അദ്ദേഹം ചെലവാക്കി ത്തീർത്തിരുന്നില്ല. അദ്ദേഹവും ശിഷ്യന്മാരും അതിലൊരു ഭാഗം മിച്ചമായി സൂക്ഷിച്ചിരുന്നു. ഈ മിച്ചം ഒരു സഞ്ചിയിലാക്കി യൂദാ സൂക്ഷിച്ചിരുന്നു. ഒരാവശ്യമുണ്ടാകുമ്പോൾ അതിൽ നിന്നെടുത്ത് അവർ ചെലവാക്കി യിരുന്നു. എത്ര ശതമാനം അവർ മിച്ചം വച്ചു? ഈ കാര്യം ബൈബിൾ നമ്മോടു പറയുന്നില്ല. പറയാതിരിക്കു ന്നതു നല്ലതുതന്നെ. പുതിയ ഉടമ്പടിയുടെ വ്യവസ്ഥയിൽ ദൈവം നമുക്ക് എല്ലാ കാര്യങ്ങളിലും സ്വാതന്ത്ര്യം നൽകുന്നു. നാം ഏതെങ്കിലും നിയമത്തിന് കീഴിലല്ല. ഇതിലെല്ലാം പരിശുദ്ധാത്മാവു നമ്മെ നയിക്കേണ്ടത് ആവശ്യം തന്നെ.

സ്വന്തമായൊരു വീടുണ്ടായിരിക്കുന്നതു ശരിയോ? ഈ കാലത്ത് ഒരു വീടു പണിയുന്നതിന് ഗണ്യമാ യൊരു തുക ആവശ്യമാണ്. സ്വന്തമായൊരു വീടു പണിയുന്നതിനാവശ്യമായ വിധം വേണ്ടത്ര വരുമാനം നിങ്ങൾക്കുള്ള പക്ഷം പണം മിച്ചംവച്ച് വീടു പണിയുവാൻ ദൈവം നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നുണ്ടാ വാം. എന്നാൽ ബോധപൂർവ്വം പതിവായി മിച്ചം വയ്ക്കാതിരുന്നാൽ നിങ്ങൾക്ക് എങ്ങനെ വീടുപണിയാൻ കഴിയും? പെട്ടെന്ന് ആകാശത്തു നിന്നു പണം വീണു കിട്ടുമെന്നു പ്രതീക്ഷിക്കുവാൻ സാധ്യമല്ല. അതിനാൽ മിച്ചം വയ്ക്കേണ്ടത് ആവശ്യം തന്നെ.

പഴയനിയമത്തിൽ ദൈവം ലേവ്യരോട് അവർ ഒരിക്കലും സ്വന്തമായി ഭൂസ്വത്തുള്ളവരായിത്തീരരുതെന്ന് അരുളിച്ചെയ്തു (സംഖ്യാ: 18:20) എന്നാൽ യാക്കോബ് ഗൃഹത്തിലെ മറ്റു പതിനൊന്നു ഗോത്രങ്ങൾക്കും ഭൂസ്വത്ത് സമ്പാദിക്കുവാൻ അനുവാദം നൽകിയിരുന്നു. ഇതുപോലെ ഇന്ന് ദൈവം ഒരു സഹോദരനെ ഒരു വീടുപണിയാൻ അനുവദിക്കയും മറ്റൊരുവനോടു വീടു പണിയരുതെന്നു കല്പിക്കയും ചെയ്തേക്കാം. ഇത്തരം കാര്യങ്ങളിൽ എല്ലാവരെക്കുറിച്ചും ഒരുപോലെയല്ല ദൈവഹിതം.

ലേവിയുടെ പുത്രന്മാരിൽ രണ്ടുപേർക്കും അവരുടെ പിൻഗാമികൾക്കും സമാഗമനകൂടാരത്തിലെ വസ്തു ക്കൾ ഒരു സ്ഥലത്തു നിന്നു മറ്റൊരിടത്തേക്കു കൊണ്ടുപോകുവാനാവശ്യമായ വാഹനങ്ങൾ സ്വന്തമാക്കു വാൻ ദൈവം അനുവാദം നൽകിയിരുന്നു. എന്നാൽ ലേവിയുടെ മറ്റൊരു പുത്രനും അദ്ദേഹത്തിന്റെ അനന്ത രഗാമികളും തങ്ങളുടെ ചുമലുകളിൽ ഈ സാധനങ്ങൾ ചുമന്നു കൊണ്ടുപോയിരുന്നു (സംഖ്യാ: 7:7-9). അതുപോലെ ഇന്ന് ദൈവം ചില വിശ്വാസികൾക്കു മോട്ടോർ കാർ നൽകുന്നു. എന്നാൽ മറ്റു ചിലർ അവ രുടെ മക്കൾക്ക് ഒരു സൈക്കിൾ വാങ്ങാൻപോലും പണമില്ലാതെ കാൽനടയായി സഞ്ചരിക്കുവാൻ നിർബന്ധി തരായിത്തീരുന്നു.

ദൈവഹിതം ഓരോ വിശ്വാസിയെ സംബന്ധിച്ചും വ്യത്യസ്തമാണ്. ഓരോ വ്യക്തിയും തന്നെക്കുറി ച്ചുള്ള ദൈവഹിതം കണ്ടെത്തുകയും ദൈവത്തിന്റെ വായിൽനിന്നു പുറപ്പെടുന്ന ഓരോ വചനത്താലും ജീവി ക്കയും വേണം. തന്റെ സ്ഥിതിയെ മറ്റൊരുവന്റേതുമായി അയാൾ താരതമ്യപ്പെടുത്തരുത്.

സാമ്പത്തികമായി നാം ചില ദുർഘടസാഹചര്യങ്ങളിൽ അകപ്പെട്ടിരിക്കുന്നതായും അവിടെ എന്തു ചെയ്യ ണമെന്ന് നമുക്കറിഞ്ഞുകൂടാത്തതായും വരുന്നപക്ഷം നമുക്കു ദൈവസന്നിധിയിലേക്കു ചെന്നു ജ്ഞാനത്തി നായി അപേക്ഷിക്കാം. വിശ്വാസത്തോടെ നാമതു ചോദിച്ചാൽ അതു നൽകാമെന്ന് ദൈവം വാഗ്ദാനം ചെയ്തി ട്ടുണ്ട് (യാക്കോബ്: 1:5).

ദൈവം തന്റെ വചനത്തിൽ പണത്തിന്റെ ഉപയോഗത്തെപ്പറ്റി നൽകിയിട്ടുള്ള പ്രമാണങ്ങൾ നാം മനസ്സി ലാക്കണം. അപ്പോൾ ഓരോ സാഹചര്യത്തിലും ഈ പ്രമാണങ്ങൾ എങ്ങനെ പ്രായോഗികമാക്കണമെന്ന് പരിശുദ്ധാത്മാവ് നമുക്കു കാണിച്ചുതരും.

എല്ലാറ്റിലും വച്ച് ഏറ്റവും പ്രധാനമായ ഈ കാര്യത്തിൽ - പണത്തിന്റെ വിഷയത്തിൽ - ശിഷ്യത്വ ത്തിന്റെ മാർഗ്ഗത്തിലൂടെത്തന്നെ നമുക്കു മുന്നോട്ടു പോകാം.

## അധ്യായം -4

# ശിഷ്യത്വവും സഭാകാര്യങ്ങളും

യേശുവിന്റെ ഒരു ശിഷ്യൻ ഒരിക്കലും ഏകാകിയായി ജീവിക്കുന്നവനല്ല. ഒരു പ്രാദേശികസഭയിൽ എപ്പോഴും മറ്റുള്ളവരുമായി കൂട്ടായ്മയിൽ ജീവിക്കുന്നവനായിരിക്കും അയാൾ.

തന്റെ ശിഷ്യന്മാരുടെ പ്രാഥമികലക്ഷണം "തമ്മിൽത്തമ്മിലുള്ള സ്നേഹം" ആയിരിക്കുമെന്ന് യേശു അരുളിച്ചെയ്തു. (യോഹ: 13:35). ഒരു ശിഷ്യൻ മറ്റുള്ളവരുമായി ബന്ധപ്പെട്ടു ജീവിക്കുമ്പോൾ മാത്രമേ ഇതു സാധ്യമാവുകയുള്ളൂ. അതിനാൽ ഏകാകിയായ ഒരു ശിഷ്യൻ ഉണ്ടാവുക ഒരിക്കലും സാധ്യമല്ല.

നിലത്തു വീണു ചാകാതിരിക്കുന്ന ഒരു കോതമ്പുമണി മാത്രമാണ് തനിയേ ഇരിക്കുന്നതെന്ന് യോഹ

ന്നാൻ 12:24 വ്യക്തമാക്കുന്നു. ചാകുന്ന കോതമ്പുമണി വളരെ ഫലം പുറപ്പെടുവിക്കും. അപ്രകാരമുള്ള ഒരു ശിഷ്യൻ മറ്റു ശിഷ്യന്മാരെ കണ്ടെത്തുകയോ മറ്റു ശിഷ്യന്മാരെ ഉണ്ടാക്കുകയോ ചെയ്ത ശേഷം അവരോടൊന്നിച്ച് ക്രിസ്തുവിന്റെ ശരീരമായിത്തീരുന്ന ഒരു പ്രാദേശികസഭയായി പണിയപ്പെടും. ഓരോ ശിഷ്യനും അപ്രകാരമുള്ള ഒരു പ്രാദേശികസഭയുടെ ഭാഗമായിരിക്കും. നിങ്ങൾ തനിയേ ഇരിക്കുന്നുവെങ്കിൽ അതിന്റെ കാരണം നിങ്ങൾ നിലത്തുവീണ് നിങ്ങൾക്കു തന്നെ മരിച്ചവനായിത്തീർന്നിട്ടില്ല എന്നതാണ്.

**ദൈവഭയം**

സഭയെ ദൈവം പണിയുന്ന ഒരു ഭവനമായി പുതിയനിയമത്തിൽ ചിത്രണം ചെയ്തിരിക്കുന്നു. സദൃശവാക്യങ്ങൾ 24:3-ൽ ജ്ഞാനം കൊണ്ടു മാത്രമേ ഒരു ഭവനം പണിയപ്പെടുകയുള്ളുവെന്നും പറയുന്നുണ്ട്.

തിരുവചനം പഠിക്കുന്നതിനാൽ മാത്രം ഒരു ശിഷ്യൻ ജ്ഞാനമുള്ളവനായിത്തീരുന്നില്ല. അത് അവന്റെ അറിവുകളെ വർദ്ധിപ്പിക്കു മാത്രമേ ചെയ്യുന്നുള്ളൂ. ദൈവഭയമാണ് ജ്ഞാനത്തിന്റെ ആരംഭം (സാദൃശ: 9:10) ദൈവഭയമാണ് ക്രിസ്തീയജീവിതത്തിന്റെ അക്ഷരമാലാപഠനം. യാക്കോബ്: 3:17-ൽ ഉയരത്തിൽ നിന്നുള്ള ജ്ഞാനം ഒന്നാമതു നിർമ്മലമായിരിക്കും എന്നു പറയുന്നു. അതിനാൽ ക്രിസ്തുവിന്റെ ശരീരം പണിയുവാൻ ആഗ്രഹിക്കുന്നവർ ഒന്നാമത് ദൈവഭയം അഭ്യസിക്കണം. "വരുവിൻ! ഞാൻ നിങ്ങൾക്കു ദൈവഭയം പഠിപ്പിച്ചു തരാം" എന്നു മറ്റുള്ളവരോടു പറയുവാൻ അവർക്കു കഴിവുണ്ടായിരിക്കണം (സങ്കീ: 34:11).

ഉപദേശപരമായ കൃത്യത, വൈകാരികാനുഭവങ്ങൾ, സ്തോത്രവും ആരാധനയും, സുവിശേഷപ്രവർത്തനം എന്നിവയ്ക്കെല്ലാം നാം ഊന്നൽ കൊടുത്തേക്കാം. എന്നാൽ അവയ്ക്കെല്ലാം അടിയിൽ ദൈവഭയമെന്ന അടിസ്ഥാനമില്ലെങ്കിൽ നാം പണിയുന്നതെല്ലാം ഒരു ദിവസം നിലംപതിക്കുവാനിടയാകും.

പരിപാടികൾ, പ്രവർത്തനങ്ങൾ, പണം, മാനുഷികയത്നങ്ങൾ, വ്യാപാരലോകത്തിലെ മറ്റു പ്രമാണങ്ങൾ എന്നിവ കൊണ്ടൊന്നും സഭ പണിയപ്പെടുവാൻ സാധ്യമല്ല. ഇത്തരം പ്രമാണങ്ങളാൽ നടത്തപ്പെടുന്ന ക്രിസ്തീയ പ്രവർത്തനം മാനുഷികദൃഷ്ടിക്കു മതിപ്പുള്ളവാക്കിയേക്കാം. എന്നാൽ ദൈവം അതിനെ അഗ്നിയാൽ ശോധന ചെയ്യുമ്പോൾ അതെല്ലാം മരവും പുല്ലും വൈക്കോലും മാത്രമാണെന്നു തെളിയും (1 കോരി: 3:11-15).

ദൈവഭവനത്തിന്റെ വിവേചകധർമ്മം സ്വയം വിധിക്കുക എന്നതാണ്. (1 പത്രോസ്: 4:17) ദൈവദൃഷ്ടികൾക്കു മുമ്പിൽ ജീവിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന സ്വയം വിധിക്കൽ തന്നെയാണത്. യെശയ്യാവ്, ഇയ്യോബ്, യോഹന്നാൻ എന്നിവരെല്ലാം, അവർ ദൈവത്തെ കണ്ടപ്പോൾ തങ്ങളുടെ ഒന്നുമില്ലായ്മയും പാപവും മനസ്സിലാക്കി (യെശ: 6:5; ഇയ്യോബ്: 42:5, 6; വെളിപ്പാട്: 1:17 ഇവ നോക്കുക).

ആദാമും ഹവ്വയും ദൈവത്തിന്റെ വിശുദ്ധിയെ ലംഘിച്ചപ്പോൾ അവർ എദെനിൽനിന്നു പുറത്താക്കപ്പെട്ടു. അതിനുശേഷം ദൈവം ജീവന്റെ വൃക്ഷത്തിലേക്കുള്ള വഴി കാക്കുവാനായി കെരൂബുകളെ തിരിയുന്ന വാളിന്റെ ജ്വാലയുമായി നിറുത്തി. ഈ ജീവവൃക്ഷം ദൈവസ്വഭാവത്തെ കുറിക്കുന്നു. അതു നമുക്കു നൽകുവാനാണ് യേശു വന്നത്.

ദൈവസ്വഭാവത്തിൽ നാം പങ്കുകാരായിത്തീരുവാൻ സാധിക്കുന്നതിനു മുമ്പ് നമ്മുടെ സ്വയജീവിതത്തെ തകർക്കുവാൻ പ്രവർത്തിക്കുന്ന ക്രൂശിനെയാണ് ഈ വാൾ കുറിക്കുന്നത്. ഈ വാൾ ആദ്യമായി യേശുവിന്മേൽ പതിച്ചുവെന്നതു ശരിതന്നെ. എന്നാൽ നാമും അവിടുത്തോടുകൂടി ക്രൂശിക്കപ്പെട്ടു (ഗലാ: 2:20). മാതമല്ല, "ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചുമരിക്കുന്നു (ഗലാ: 5:24).

കെരൂബുകളെപ്പോളെ ഒരു സഭയിലെ മൂപ്പന്മാർ ഈ വാൾ പ്രയോഗിക്കുകയും ദൈവികജീവിതത്തിലേക്കുള്ള ഏകവഴി ജഡത്തിന്റെ മരണമാണെന്നു പ്രഖ്യാപിക്കുകയും ചെയ്യണം. ദൈവത്തോടുള്ള കൂട്ടായ്മയിലേക്കു തിരിച്ചെത്തുവാനുള്ള വഴി ഈ വാളിലൂടെയാണ്. മിക്ക സഭകളും ഒത്തുതീർപ്പുകാരാൽ നിറഞ്ഞതായും ക്രിസ്തുവിൻ ശരീരത്തിന്റെ ആവിഷ്ക്കാരം (expression) അല്ലാതെയും തീർന്നിരിക്കുന്നത് ഈ വാൾ പ്രയോഗിക്കാതിരുന്നതു മൂലമാണ്.

സംഖ്യാപുസ്തകം: 25:1-ൽ യിസ്രായേൽ മക്കൾ മോവാബ്യസ്ത്രീകളുമായി പരസംഗത്തിലേർപ്പെടുവാൻ തുടങ്ങിയ ഒരു സമയത്തെപ്പറ്റി നാം വായിക്കുന്നു. യിസ്രായേല്യരിലൊരുവൻ ഒരു മോവാബ്യസ്ത്രീയെ തന്റെ കൂടാരത്തിലേക്കു കൊണ്ടുവരികയും ചെയ്തു (വാക്യം: 6). എന്നാൽ ആ ദിവസം യിസ്രായേൽ ഒരു ജനതയായി നാശമടയുന്നതിൽ നിന്ന് ഫീനെഹാസെന്ന ഒരു പുരോഹിതൻ അവരെ രക്ഷിച്ചു. അദ്ദേഹം ദൈവമഹത്വത്തെപ്പറ്റി അത്യന്തം തീക്ഷ്ണതയുള്ളവനായിരുന്നതിനാൽ പെട്ടെന്ന് ഒരു കുന്തമെടുത്ത് ആ കൂടാരത്തിനുള്ളിൽ കടന്ന് ആ പുരുഷനെയും സ്ത്രീയെയും കൊന്നുകളഞ്ഞു (വാക്യം: 7,8). അപ്പോൾ ദൈവം അവരെ ബാധിച്ചിരുന്ന ബാധ നിറുത്തി. എങ്കിലും അതിനു മുമ്പുതന്നെ 24,000 ആളുകൾ ബാധയാൽ സംഹരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. "വാൾ പ്രയോഗിച്ച ആ കെരൂബ്" അന്നേ ദിവസം എഴുന്നേറ്റിരുന്നില്ലെങ്കിൽ മുഴുവൻ യിസ്രായേലിനെയും ബാധ കൊന്നുകളയുമായിരുന്നു.

ഓരോ സഭയിലും "വാളേന്തുന്ന ഒരു കെരൂബ്" ഉണ്ടായിരിക്കുന്നത് എത്ര വിലപ്പെട്ട കാര്യമെന്നു നിങ്ങൾ കാണുന്നുണ്ടോ?

ഇന്ന് ക്രൈസ്തവസമൂഹത്തിൽ വാൾ പ്രയോഗിക്കുവാൻ കഴിയുന്ന അനേകം ഫീനേഹാസുകൾ ഇല്ലാതിരിക്കുന്നതുമൂലം ബാധ അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. വളരെയധികം സഭാമൂപ്പന്മാരും പ്രസംഗകരും മനുഷ്യരെ പ്രസാദിപ്പിക്കുന്നവരാണ്. മിദ്യാന്യരെ സ്നേഹിക്കുവാനാണ് അവർ നമ്മെ നിരന്തരം

പ്രേരിപ്പിക്കുന്നത്. സഭയിൽ വാൾ ഉപയോഗിക്കാതിരിക്കുവാൻ സാത്താൻ നൂറുനൂറു ന്യായങ്ങൾ നമ്മോടുപദേശിക്കും. മുമ്പ് അവൻ യേശുവിന്റെ മുമ്പിൽ വചനം ഉദ്ധരിച്ചതുപോലെ തന്റെ വാദഗതികളെ പിന്താങ്ങുവാനായി അവൻ പിന്നീട് വചനം ഉദ്ധരിക്കയും ചെയ്യും.

വാൾ പ്രയോഗിക്കുക മൂലം ഫീനോഹാസിനു വ്യക്തിപരമായി എന്തു ലാഭമുണ്ടായി? ഒന്നുമില്ല. നേരേമറിച്ച് അയാൾക്ക് വളരെ നഷ്ടം സഹിക്കേണ്ടിവരികയും ചെയ്തു. വിശിഷ്യ, ദയയും സൗമ്യതയുള്ളവനെന്ന പ്രശസ്തിയും നഷ്ടപ്പെട്ടു. മാത്രമല്ല, കൊല്ലപ്പെട്ട മനുഷ്യന്റെ ബന്ധുക്കളിൽ നിന്നും സ്നേഹിതന്മാരിൽ നിന്നും വളരെ ദൂഷണവും ക്രോധവും അയാൾ സഹിക്കേണ്ടതായും വന്നിരിക്കും. എങ്കിലും ദൈവനാമത്തിന്റെ മഹത്വവും ബഹുമാനവുമാണ് അതു ചെയ്‌വാൻ ഫീനേഹാസിനെ പ്രേരിപ്പിച്ചത് ഫീനേഹാസിന്റെ ശുശ്രൂഷയുടെ മേൽ ദൈവം തന്റെ അംഗീകാരമുദ്ര പതിച്ചു. "അവൻ എനിക്കുവേണ്ടി തീക്ഷ്ണതയുള്ളവനായി" എന്നു ദൈവം അരുളിച്ചെയ്തു (സംഖ്യാ: 25:11). അന്തിമാപഗ്രഥനത്തിൽ ദൈവത്തിന്റെ അംഗീകാരമുദ്ര മാത്രമാണ് പ്രധാനം. ഫീനേഹാസിനെപ്പറ്റി ദൈവം തുടർന്നും ഇപ്രകാരം അരുളിച്ചെയ്തു: "ഇതാ, ഞാൻ അവന് എന്റെ സമാധാനനിയമം കൊടുക്കുന്നു. അവൻ തന്റെ ദൈവത്തിനുവേണ്ടി തീക്ഷ്ണതയുള്ളവനായി..." (സംഖ്യ: 25:12,13) മുമ്പൊരു സന്ദർഭത്തിൽ ദൈവം ലേവ്യർക്കും അവർ വാൾ പ്രയോഗിക്കുക മൂലം തന്റെ സമാധാനനിയമം നൽകിയതായി ബൈബിളിൽ നാം വായിക്കുന്നുണ്ട് (മാലാഖി: 2:4, 5).

ദൈവത്തിന്റെ വാൾ പ്രയോഗിക്കാതെ മാനുഷികമാർഗ്ഗത്തിൽ സമാധാനമന്വേഷിക്കുക മൂലം അനേകം സഭകളിലും ഇന്നു സമാധാനമില്ല. അതിന്റെ ഫലമായി ഭിന്നതയും കലഹവും നിലവിലിരിക്കുന്നു. ഭവനത്തിലും സഭയിലും ക്രിസ്തുവിന്റെ സമാധാനം വാൾ മുഖാന്തരമാണ് നാം നേടുന്നത്.

ഒരു സഭയിൽ നേതൃസ്ഥാനത്തു നില്ക്കുന്ന ആളുകൾ സഭയെ നിർമ്മലതയിൽ സൂക്ഷിക്കുന്നവരാകണമെങ്കിൽ ദൈവനാമമഹത്വത്തിനായി തീക്ഷ്ണതയോടെ എരിയുന്നവരായിരിക്കമം. ദയയും സൗമ്യതയുമുള്ളവരെന്ന പ്രശസ്തി ലഭിക്കണമെന്ന ചിന്ത അവർ മറക്കണം. ദൈവനാമത്തിന്റെ മഹത്വം മാത്രമായിരിക്കണം അവരുടെ ലക്ഷ്യം.

ദൈവനാമത്തിന്റെ മഹത്വത്തിനുവേണ്ടിയുള്ള ഈ തീക്ഷ്ണതയാണ് ദേവാലയത്തിൽനിന്ന് പണവ്യാപാരികളെയും പ്രാവുകളെ വില്ക്കുന്നവരെയും പുറത്താക്കുവാൻ യേശുവിനെ പ്രേരിപ്പിച്ചത്. ദൈവഭവനത്തെക്കുറിച്ചുള്ള എരിവ് അദ്ദേഹത്തെ ദഹിപ്പിച്ചു കളയുകയാണുണ്ടായത് (യോഹ: 2:17) ക്രിസ്തുതുല്യരായിത്തീരുന്നതിന്റെ മുഖ്യഭാഗം ഇതാണ്. എന്നാൽ ഇതുമൂലം ഒരുവൻ ജനപ്രീതി നഷ്ടപ്പെട്ടവനും തെറ്റിദ്ധരിക്കപ്പെടുന്നവനുമായിത്തീരുന്നുവെങ്കിൽ, ക്രിസ്തുതുല്യനായിത്തീരുന്ന കാര്യത്തിൽ ആർക്കാണ് താൽപര്യം?

ഹോശേയ: 6:1-ൽ ദൈവം ആദ്യം നമ്മെ കടിച്ചുകീറുകയും പിന്നീടു നമുക്കു സൗഖ്യം ലഭിക്കുവാനായി മുറിവു കെട്ടുകയും ചെയ്യുന്നതായി നാം വായിക്കുന്നു. ക്യാൻസർ നീക്കം ചെയ്‌വാനായി കീറുകയും പിന്നീട് സൗഖ്യം വരുത്തുവാനായി മുറിവുകെട്ടുകയും ചെയ്യുന്ന ഈ സമതുലിതാവസ്ഥയാണ് ഇന്ന് എല്ലാ സഭകളിലും നമുക്കാവശ്യം. പരസ്പരം ഐക്യത്തോടെ ഒരുമിച്ചു പ്രവർത്തിക്കുന്ന രണ്ടു സഹോദരന്മാർക്ക് ഇത്തരമൊരു ശുശ്രൂഷ നിറവേറ്റുവാൻ കഴിയും. ഒരാൾ കീറൽ നടത്തുകയും മറ്റേയാൾ മുറിവു കെട്ടുകയും ചെയ്യു. ഒരാൾക്കു തനിയെയും ഇതു ചെയ്യാം. പരിശുദ്ധാത്മാവ് പൗലോസിനെയും ബർന്നബാസിനെയും ഒരു ടീമായി വിളിച്ചു (അപ്പോ. പ്ര13:2) ഇവരിൽ പൗലോസ് കീറിമുറിക്കുന്ന ശുശ്രൂഷയും ബർന്നബാസ് മുറിവുകെട്ടുന്ന ശുശ്രൂഷയും നിറവേറ്റി.

യേശുവിന്റെ വാക്കുകൾ വാൾപോലെ മൂർച്ചയുള്ളതും (യെശ: 49:2) അതേ സമയം തളർന്നിരിക്കുന്നവനെ ആശ്വസിപ്പിക്കുന്നതു (50:4) ആണെന്ന് യെശയ്യാവ് പ്രവചിച്ചിട്ടുണ്ട്. ഇന്നു കർത്താവു സഭയിൽ സംസാരിക്കുന്നപക്ഷം ഒരിക്കൽകൂടി അവിടുത്തെ വാക്കുകൾ മൂർച്ചയുള്ളതും അതേ സമയം ആശ്വസിപ്പിക്കുന്നതും ആയിരിക്കും.

യേശു ജീവിച്ചിരുന്ന കാലത്ത് അവിടുത്തെ വാക്കുകൾ കേട്ടവർ ഒന്നുകിൽ മാനസാന്തരപ്പെടുകയോ അല്ലെങ്കിൽ പരിഭവിച്ച് അദ്ദേഹത്തെ വിട്ടുപോകയോ ചെയ്തിരുന്നു. പത്രോസിനോട് യേശു മൂർച്ചയുള്ള വാക്കുകൾ സംസാരിച്ചു (മത്തായി: 16:23). എന്നാൽ പത്രോസ് പരിഭവിച്ച് അവിടത്തെ വിട്ടുപോയില്ല (യോഹ: 6:68). നേരേമറിച്ച് ഈസ്കര്യോത്തായൂദാ അയാളോടു യേശു പറഞ്ഞ ഒരു വാക്കുകൊണ്ടുതന്നെ പരിഭവിക്കുകയാണുണ്ടായത്. (യോഹ 12:4-8 വാക്യങ്ങളോടുചേർത്ത് മത്തായി 26:14 വായിക്കുക). നാം പരിഭവിക്കുമോ ഇല്ലയോ എന്നറിവാനായി കർത്താവിന്റെ വാക്കുകൾ ഇന്നും നമ്മെ ശോധന ചെയ്യുന്നുണ്ട്. ഈ വിധത്തിൽ ദൈവവചനം പ്രഖ്യാപിക്കപ്പെടാത്ത ഒരു സഭയ്ക്കും ദൈവികലക്ഷ്യങ്ങൾ നിറവേറ്റുവാൻ സാധ്യമല്ല.

**കൂട്ടായ്മയും ഐക്യവും**

യേശുവിന്റെ ശിഷ്യന്മാർക്കുള്ള പ്രാഥമികലക്ഷണം സ്നേഹമാണ്. അതിനാൽ ശിഷ്യന്മാർ തമ്മിലുള്ള സ്നേഹം ജീവൽപ്രധാനമാണ്.

യേശുവിന്റെ ശിഷ്യന്മാർക്കു തമ്മിലുള്ള അത്തരം കൂട്ടായ്മയുടെ ശക്തിയെപ്പറ്റി മത്തായി: 18:18-20 വാക്യങ്ങളിൽ നാം വായിക്കുന്നു. ആ വാക്കുകൾ പരാവർത്തനരൂപത്തിൽ ഇവിടെ ഉദ്ധരിക്കാം:

കർത്താവായ യേശുക്രിസ്തു അരുളിച്ചെയ്തു: "എന്റെ ശിഷ്യന്മാരിൽ രണ്ടോ മൂന്നോപേർ ഒരു സ്ഥലത്തുണ്ടായിരിക്കയും അവർ തമ്മിൽ യാതൊരു അനൈക്യവും ഇല്ലാതെ ഏകസ്വരത്തിൽ ലയിച്ചുചേർന്നു പ്രവർത്തിക്കുന്ന സംഗീതരാഗങ്ങൾ പോലെയുള്ള ഒരു ലയവിന്യാസമായി (symphony) അവർ തീരുകയും ചെയ്താൽ അവരുടെ മാധ്യത്തിൽ ഞാൻ സന്നിഹിതനായിരിക്കും. അപ്പോൾ അവർ എന്റെ പിതാവിനോട്

എന്തെങ്കിലും യാചിച്ചാൽ അത് അവർക്കു നൽകപ്പെടും. ഭൂമിയിൽ ഏതുസ്ഥലത്തുമുള്ള സാത്താന്റെ പ്രവർത്തനങ്ങളെ ബന്ധിക്കുവാൻ അവർക്ക് അധികാരമുണ്ടായിരിക്കും. ഈ ഭൂമിയിൽ അവർ ബന്ധിക്കുന്ന ഏതു സാത്താന്യപ്രവർത്തനവും സ്വർഗ്ഗതലങ്ങളിൽ അവയുടെ ഉദ്ഭവസ്ഥാനത്തുതന്നെ ബന്ധിതമായിരിക്കും. (അവിടെ നിന്നാണല്ലോ ഈ സാത്താന്യശക്തികൾ പ്രവർത്തിക്കുന്നത്) അപ്രകാരമുള്ള വിശ്വാസികൾക്ക് ഭൂമിയിൽ സാത്താനാൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ആളുകളെ വിടുവിക്കുവാനും (കെട്ടുകൾ അഴിക്കുവാനും) അധികാരമുണ്ടാവും".

യേശുവിന്റെ ശിഷ്യന്മാർക്കു തമ്മിലുള്ള ഐക്യത്തിനും കൂട്ടായ്മയ്ക്കുമുള്ള അദ്ഭുതകരമായ ശക്തി സാത്താന് അറിയാം. എന്നാൽ പല വിശ്വാസികൾക്കും അത് അറിഞ്ഞുകൂടാ. അതിനാൽ തനിക്കെതിരായി പ്രവർത്തിക്കുവാൻ അവരെ ശക്തിഹീനരാക്കിത്തീർക്കുമാറ് അവർക്കിടയിൽ അനൈക്യം സൃഷ്ടിക്കുക എന്നതാണ് എപ്പോഴും സാത്താന്റെ മുഖ്യലക്ഷ്യം.

ഒരു ഭർത്താവും ഭാര്യയും ആത്മാവിൽ ഒന്നായിത്തീരുന്ന പക്ഷം അവരുടെ ഭവനത്തിൽ എത്ര വലിയൊരു ശക്തിയായിരിക്കും ഉണ്ടാവുക! അത്തരമൊരു ഭവനത്തെ ജയിക്കുവാൻ സാത്താന് ഒരു നാളും സാധ്യമാവുകയില്ല.

മിക്ക ക്രിസ്തീയസഭകളിലും ഭവനങ്ങളിലും ഇപ്രകാരമുള്ള ഐക്യവും കൂട്ടായ്മയും ഇല്ലാതിരിക്കുന്നതുമൂലം സാത്താന് അവയുടെ മേൽ വിജയം വരിക്കുവാൻ സാധിക്കുന്നു.

ഭൂതങ്ങളെ പുറത്താക്കുന്നതിനെപ്പറ്റിയല്ല ഞാൻ സംസാരിക്കുന്നത്. അതിനു വിശ്വാസമുള്ള ഏതൊരു വിശ്വാസിക്കും മർക്കോസ് 16:17-18 വാക്യങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ ഒറ്റയ്ക്ക് ഭൂതങ്ങളെ പുറത്താക്കുവാൻ സാധിക്കും. സത്യം പറഞ്ഞാൽ മത്തായി 7:22, 23 വാക്യങ്ങളിൽ യേശുവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്ന അവിശ്വാസികളെപ്പറ്റിപ്പോലും നാം വായിക്കുന്നുണ്ട്.

എന്നാൽ സാത്താൻ ആളുകൾക്കു വരുത്തിയിട്ടുള്ള പ്രശ്നങ്ങളിൽ നിന്ന് അവരെ സ്വതന്ത്രരാക്കുമാറ് സാത്താന്റെ പ്രവർത്തനങ്ങളെ ബന്ധിക്കുക എന്നത് താരതമ്യേന വളരെക്കൂടുതൽ പ്രയാസമുള്ള കാര്യമാണ്. ഒരു വിശ്വാസിക്കു തനിയേ അതു ചെയ്യുവാൻ സാധ്യമല്ല. അതിലേക്കു ക്രിസ്തുവിൻ ശരീരത്തിന്റെ ഒരു സംയുക്തഘടകം ആവശ്യമാണ്. ഇപ്രകാരം ക്രിസ്തുവിന്റെ ശരീരത്തെ ആവിഷ്ക്കരിക്കുവാനുള്ള വിശ്വാസികളുടെ ഏറ്റവും കുറഞ്ഞ സംഖ്യ രണ്ടാണ്. അത്തരമൊരു ശരീരം പ്രവൃത്തിപഥത്തിലാക്കുന്ന അധികാരത്തിനു മാത്രമേ സാത്താന്യശക്തികളെ തുരത്തുവാൻ കഴിയൂ.

ഓരോ സഭയുടെയും കേന്ദ്രത്തിൽ അന്യോന്യം പരിപൂർണ്ണഐക്യത്തിൽക്കഴിയുന്ന രണ്ടു വ്യക്തികളെങ്കിലും കുറഞ്ഞപക്ഷം ഉണ്ടായിരിക്കണം. അത്തരമൊരു കേന്ദ്രത്തെ പിളർക്കുവാനും ഭിന്നിപ്പിക്കുവാനും സാത്താൻ എപ്പോഴും ലാക്കുനോക്കിക്കൊണ്ടിരിക്കും. അവൻ ജയിക്കുന്നപക്ഷം ആ സഭ അവന്നെതിരേ ശക്തിയറ്റതായിത്തീരും. എന്നാൽ ആ കേന്ദ്രം ഐക്യത്തോടെ തുടരുന്നപക്ഷം സാത്താൻ ആ സഭയ്ക്കെതിരേ ശക്തിശൂന്യനായി ഭവിക്കും. ഈ പ്രമാണം ഒരു ഭവനത്തിനും ബാധകമാണ്.

ഒരു കുടുംബത്തിൽ ശിശുക്കളും പ്രായപൂർത്തിയായ മക്കളും ഉള്ളതുപോലെ ഏതൊരു സഭയിലും പ്രായപൂർത്തിപ്രാപിച്ചവരും പുതുതായി മാനസാന്തരപ്പെട്ടവരും ഉണ്ടാകും. ശിശുക്കൾ സമാധാനത്തിന്റെ വഴി മനസ്സിലാക്കിയിട്ടില്ലാത്തതിനാൽ അവർ പരസ്പരം പോരാടുകയും ദൂഷണംപറയുകയും പരാതിപ്പെടുകയും വ്യർത്ഥസംസാരത്തിലേർപ്പെടുകയും ചെയ്യും. വളർന്നു വരുന്ന എല്ലാ സഭയിലും അത്തരം ആത്മീയ ശിശുക്കൾ ഉണ്ടായിരിക്കും. എങ്കിലും ദൈവികപ്രവർത്തനത്തെ തടയുവാൻ അവർക്കു സാധ്യമല്ല. ഐക്യമുള്ള മൂപ്പന്മാരടങ്ങിയ ഒരു കേന്ദ്രഘടകത്തിന് അതിനെ വിജയാനുഭവമുള്ള ഒരു സഭയാക്കുവാൻ കഴിയും. എല്ലാ സഭയിലും ശിശുക്കളായിരിക്കും ബഹുഭൂരിപക്ഷം. എന്നാൽ ദൈവം എപ്പോഴും ആത്മീയമായും സംഖ്യാപരമായും കേന്ദ്രഘടകത്തെ (a core) കെട്ടിപ്പടുക്കുവാനാണ് ശ്രമിക്കുന്നത്. സാത്താനെതിരേയുള്ള യുദ്ധങ്ങൾ നയിക്കുന്നതും സഭയെ ജീവനിലും വിജയത്തിനും സംരക്ഷിക്കുന്നതും ഈ കേന്ദ്രഘടകമാണ്.

ഒരു സഭയിൽ നിലവിലിരിക്കുന്ന കൂട്ടായ്മ സുവിശേഷപ്രവർത്തനത്തെക്കാൾ പ്രധാനമായിട്ടുള്ളതാണ്. കാണാതെ പോയ ആടിന്റെ ഉപമയിൽ ആലയിലുള്ള 99 ആടുകൾ മാനസാന്തരം കൊണ്ടാവശ്യമില്ലാത്ത 99 നീതിമാന്മാരാണെന്നു കർത്താവു പറഞ്ഞിട്ടുണ്ട്. (ലൂക്കോസ് 15:7) മാനസാന്തരമാവശ്യമില്ലാത്തവർ ആരാണ്? വ്യക്തമായും അതു തങ്ങളെത്തന്നെ നിരന്തരം വിധിക്കുന്നവരാണ്. അത്തരക്കാർ നിരന്തരം തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുന്നവരാകയാൽ അവർക്കു മാനസാന്തരമാവശ്യമില്ല. അങ്ങനെയുള്ള ശിഷ്യന്മാർക്ക് അന്യോന്യം ഒന്നായിത്തീരുവാൻ ഒരു പ്രയാസവുമില്ല.

എന്നാൽ തൊഴുത്തിലുള്ള ആ 99 ആടുകൾ എപ്പോഴും അന്യോന്യം മല്ലടിക്കുകയും കടിച്ചുകീറുകയും ചെയ്യുന്നവരായിരുന്നെങ്കിൽ ഇടയൻ കാണാതെ പോയ ആടിനെ അവിടേക്കു കൊണ്ടുവരികയില്ലായിരുന്നു. എന്തെന്നാൽ ആ ആട് അത്തരമൊരു തൊഴുത്തിൽ മറ്റുള്ളവയാൽ കൊല്ലപ്പെടുന്നതിനെക്കാൾ അതു പർവതങ്ങളിലായിരിക്കുന്നത് കൂടുതൽ സുരക്ഷിതമായി ഇടയൻ കരുതുന്നു.

നമ്മുടെ സഭകൾ മാനസാന്തരം കൊണ്ടാവശ്യമില്ലാത്ത നീതിമാന്മാർ അടങ്ങിയതായിരിക്കണം. അപ്പോൾ മാത്രമേ ആ സഭകൾ സൗഖ്യത്തിന്റെയും സമാധാനത്തിന്റെയും കേന്ദ്രങ്ങളായിത്തീരും. അത്തരം സഭയിലേക്കു നഷ്ടപ്പെട്ടു പോയ ആടുകളെ കൊണ്ടുവന്നാൽ അവ സുരക്ഷിതരായിരിക്കയും ചെയ്യും. കർത്താവു തന്റെ ആടുകളെ പച്ചപ്പുൽപ്പുറങ്ങളിലേക്കും പ്രശാന്തജലാശയങ്ങളിലേക്കും നയിക്കുന്നു. യേശു പണിയുന്ന സഭ സമാധാനമുള്ള ഒരു സ്ഥലമാണ്. അത്തരമൊരു സഭയിലേക്കേ നഷ്ടപ്പെട്ടുപോയ ആടുകളെ കൊണ്ടു

വരാവൂ. മിക്ക സഭകളും ഈ നിലയിലല്ല. കാരണം, അവയിലെ അംഗങ്ങൾ പുതുവിശ്വാസികൾ മാത്രമാണ്, ശിഷ്യന്മാരല്ല.

ഒരിക്കൽ ബുദ്ധമതത്തിൽ നിന്നു മാനസാന്തരപ്പെട്ട ഒരു വിശ്വാസിയെ ഞാൻ കാണാനിടയായി. അദ്ദേഹം ഒരു സഭയിൽ അംഗമായിത്തീർന്നതായും അവിടത്തെ ഭിന്നത കണ്ടു ഭയചകിതനാവുകയാൽ താൻ ബുദ്ധമതത്തിൽത്തന്നെ തുടരുകയായിരുന്നില്ലേ ഉത്തമമെന്നു ചിന്തിച്ചുപോകുന്നതായും അദ്ദേഹം പറഞ്ഞു!! അനന്തരം അദ്ദേഹം യഥാർത്ഥകൂട്ടായ്മയും സ്നേഹവുമുള്ള ഒരു സഭ കണ്ടെത്തുവാനിടയായി. അത് അദ്ദേഹത്തെ സമാശ്വസിപ്പിക്കുകയും ചെയ്തു.

**പക്ഷപാതം**

പല സഭകളിലും നാം കാണുന്ന മറ്റൊരു ദോഷം പക്ഷപാതമാണ്. (യാക്കോബ്: 2:1) സഭായോഗത്തിൽ ധനികരായ ആളുകൾക്ക് മെച്ചമായ ഇരിപ്പിടങ്ങൾ നൽകുന്നതിനെപ്പറ്റി ആ അധ്യായത്തിൽ യാക്കോബ് നമ്മെ താക്കീതു ചെയ്യുന്നു. അപ്രകാരം പ്രവർത്തിക്കുന്നവർ പാപമാണു ചെയ്യുന്നത്. (യാക്കോബ്2:9) ഭാഷാപരമായും ജാതിപരമായുമുള്ള വിവേചനം കാട്ടുന്നതിനും ഈ താക്കീതു ബാധകമാണ്.

പല സഭകളിലും ഒരു ഭാഷാവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മറ്റൊരു വിഭാഗവുമായി സമാധാനത്തിൽക്കഴിയുവാൻ സാധിക്കുന്നില്ല. ഒരു ജാതിക്കാർക്ക് മറ്റൊരു ജാതിക്കാരോട് കൂട്ടായ്മയാചരിപ്പാനും കഴിയുന്നില്ല. വിഭിന്ന ജാതിക്കാർ താന്താങ്ങളുടെ വിഭാഗങ്ങളിൽപ്പെട്ടവരുമായേ കൂട്ടായ്മയിലേർപ്പെടുന്നുള്ളു. എന്നാൽ അവർ യേശുവിന്റെ ശിഷ്യരായിരുന്നെങ്കിൽ സംസ്കാര സമ്പന്നനെന്നോ അപരിഷ്കൃതനെന്നോ ഉള്ള യാതൊരു ഭേദവും കൂടാതെ കൂട്ടായ്മബന്ധം പുലർത്തുമായിരുന്നു.

2 കോരി: 5:16-ൽ നാം ആളുകളെ ജഡപ്രകാരം അവർ എന്തായിരിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ കാണുന്നില്ലെന്നു പറയുന്നു. തൊലിയുടെ നിറമോ സമൂഹമോ ജാതിയോ നാം നോക്കുന്നില്ല. കാരണം, ഒരുവൻ ക്രിസ്തുവിലായാൽ അവൻ ഒരു പുതിയ സൃഷ്ടിയാണ് (വാ:17). പുതിയ സൃഷ്ടിയിൽ ഭാഷാപരമോ സാമൂഹ്യമോ ജാതിപരമോ ആയ യാതൊരു വിവേചനവുമില്ല. അത്തരമൊരു ജീവിതത്തിലേക്ക് വിശ്വാസികളെ നാം നയിക്കുന്നില്ലെങ്കിൽ യേശുക്രിസ്തുവിന്റെ സഭ പണിയുവാൻ നമുക്കൊരിക്കലും സാദ്ധ്യമല്ല.

എങ്കിലും ഇവിടെ ഒരു മുന്നറിയിപ്പ് ആവശ്യമായിരിക്കുന്നു. ഒരു ക്രിസ്തുശിഷ്യൻ താൻ ജാതിവ്യത്യാസത്തിൽ വിശ്വസിക്കുന്നില്ലെന്നു കാണിക്കുവാൻ വേണ്ടി മാത്രം മറ്റൊരു ജാതിയിൽപ്പെട്ടയാളെ വിവഹാം ചെയ്യുവാൻ വിളിക്കപ്പെട്ടവനല്ല. ചിലർ ഇപ്രകാരം ചെയ്കയും അത് അനുയോജ്യമല്ലാത്ത വിവാഹബന്ധത്തിൽ കലാശിക്കയും ചെയ്തിട്ടുണ്ട്. വിവാഹത്തിൽ അന്യോന്യം ഒത്തിണങ്ങിപ്പോകൽ (adjustment) വളരെ ആവശ്യമാണ്. അതിനാൽ രണ്ടു പങ്കാളികളും തമ്മിലുള്ള വിഭിന്നതയുടെ മേഖലകൾ കഴിവുള്ളിടത്തോളം ചുരുങ്ങിയിരിക്കണം. യേശുവിന്റെ ഒരു ശിഷ്യനായിരിക്കുന്നതുകൊണ്ട് ഒരുവൻ വിവാഹകാര്യം പരിഗണിക്കുമ്പോൾ പ്രായം, വിദ്യാഭ്യാസം, കുടുംബപശ്ചാത്തലം, സാമ്പത്തികനില, ജാതി തുടങ്ങിയവ ചിന്തിക്കേണ്ടതില്ല എന്നർത്ഥമാകുന്നില്ല. വിവാഹകാര്യത്തിൽ പരിപക്വമായ ഒരു തീരുമാനത്തിൽ വന്നെത്തുന്നതിനുമുമ്പ് ഈ കാര്യങ്ങളെല്ലാം പരിഗണിക്കപ്പെടേണ്ടത് ആവശ്യമത്രേ.

ഒരു സഭാമൂപ്പനെന്ന നിലയിൽ മുഖപക്ഷമെന്ന കുറ്റം ചെയ്ത ഒരുവനായി നിങ്ങൾ തീരാവുന്ന ഒരു സാഹചര്യത്തെപ്പറ്റി ചിന്തിക്കുക. പ്രസംഗിക്കുന്നതിനിടയിൽ ശക്തമായ ഒരു കാര്യം പറയുവാൻ പരിശുദ്ധാത്മാവു നിങ്ങളെ പ്രേരിപ്പിക്കുകയും അതു പറഞ്ഞാൽ നിങ്ങളെ ശ്രദ്ധിക്കുന്ന ചിലരെ അതു മുറിപ്പെടുത്തുമെന്നു നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നുവെന്നിരിക്കട്ടെ. അപ്പോൾ അവരെ മുറിപ്പെടുത്തുവാൻ നിങ്ങൾ ആഗ്രഹിക്കാത്തതുകൊണ്ട് ആത്മാവു പ്രേരിപ്പിച്ച കാര്യം നിങ്ങൾ പറയാതിരിന്നുവെന്നും കരുതുക. അപ്പോൾ മനുഷ്യരെ പ്രസാദിപ്പിക്കുവാനാഗ്രഹിച്ചതുമൂലം ദൈവം നിങ്ങളെക്കുറിച്ചാഗ്രഹിച്ചതുപോലെ നിങ്ങൾ വചനമെന്ന വാൾ പ്രയോഗിക്കാതിരിക്കുകയാണുണ്ടായത്. ഇതു മുഖപക്ഷം കാണിക്കലാണ്. നിങ്ങളുടെ ശുശ്രൂഷയിലുള്ള അഭിഷേകം നഷ്ടപ്പെടുവാൻ ഇടയാക്കുന്ന ഒരു കാര്യമാണിത്.

**പരിശുദ്ധാത്മവരങ്ങൾ**

ഇപ്പോൾ നമുക്കു പരിശുദ്ധാത്മാവരങ്ങൾ എന്ന വിഷയത്തെപ്പറ്റി ചിന്തിക്കാം. ഇവയും ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുന്നതിൽ അനുപേക്ഷണീയങ്ങളാണ്.

പരിശുദ്ധാത്മവരങ്ങളുടെ മൂന്നു ലിസ്റ്റുകൾ പുതിയനിയമത്തിൽ നൽകിയിട്ടുണ്ട് (1 കോരി: 12:8-10; റോമർ: 12:6-8; എഫേ: 4:11).

1 കോരിന്ത്യർ: 12-ലെ 12 മുതൽ 26 വരെ വാക്യങ്ങളിൽ ആത്മവരങ്ങളുടെ പ്രവർത്തനത്തെ നമ്മുടെ ശരീരാവയവങ്ങളുടെ പ്രവർത്തനത്തോട് താരതമ്യപ്പെടുത്തിയിരിക്കുന്നു. ഒരു മനുഷ്യൻ ജീവനുള്ളവനായിരിക്കെത്തന്നെ അന്ധനും ചെകിടനും മൂകനും പക്ഷാഘാതം ബാധിച്ചവനുമായിരിക്കാം. പല സഭകളുടെയും നില ഇതുപോലെയാണ്. അവയിലെ അംഗങ്ങൾ വീണ്ടും ജനനം പ്രാപിച്ചവരാണ്; എങ്കിലും അവർക്ക് കർത്താവിനെ സേവിപ്പാനുള്ള പരിശുദ്ധാത്മവരങ്ങളൊന്നും ലഭിച്ചിട്ടില്ല. അതിനാൽ അവർ ശക്തിഹീനരായിക്കഴിയുന്നു.

ഒരു മനുഷ്യശരീരത്തിന് കാഴ്ച, കേൾവി, സംഭാഷണശക്തി നടക്കാനുള്ള കഴിവ് എന്നിവ പോലെയാണ് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയ്ക്ക് പരിശുദ്ധാത്മവരങ്ങൾ, ദൈവസ്വഭാവം അഥാവ ദൈവഭക്തിയെന്നത് ക്രിസ്തുവിൻ ശരീരത്തിന്റെ ജീവൻ പോലെയാണ്. ആ ജീവൻ ഉള്ളപ്പോൾ തന്നെ ആത്മവരങ്ങൾ

കൂടാതെ ക്രിസ്തുവിന്റെ ശരീരത്തിന് മറ്റുള്ളവർക്കുവേണ്ടി എന്തുചെയ്യാൻ കഴിയും? യേശു തന്നെയും അവിടുത്തേക്ക് ആത്മാവിന്റെ വരങ്ങളൊന്നും ഉണ്ടായിരുന്നില്ലെങ്കിൽ എങ്ങനെയുള്ള ഒരു വ്യക്തിയായിരിക്കുമായിരുന്നു? അപ്പോഴും അവിടുന്നു പാപത്തെ ജയിക്കയും ഒരു വിശുദ്ധ ജീവിതം നയിക്കുകയും ചെയ്യുമായിരുന്നു. എങ്കിലും പരിശുദ്ധാത്മാവിന്റെ അഭിഷേകം കൂടാതെ അവിടുത്തേക്ക് താൻ പ്രസംഗിച്ചതുപോലെ പ്രസംഗിക്കുവാനോ രോഗികളെ സൗഖ്യമാക്കുവാനോ ഭൂതങ്ങളെ പുറത്താക്കുവാനോ അദ്ഭുതങ്ങൾ പ്രവർത്തിക്കുവാനോ കഴിയുമായിരുന്നില്ല.

മുപ്പതാമത്തെ വയസ്സിൽ യേശുവിനു ലഭിച്ച പരിശുദ്ധാത്മാഭിഷേകം താൻ നേരത്തെ ആയിരുന്നതിനേക്കാൾ കൂടുതൽ വിശുദ്ധനായി ജീവിക്കുവാൻ അവിടുത്തെ പ്രാപ്തനാക്കുകയല്ല ചെയ്തത്. അവിടുത്തെ ജീവിതത്തിലെ 31-ാം വർഷം 29-ാം വർഷത്തെക്കാൾ കൂടുതൽ വിശുദ്ധമായിരുന്നില്ല. എന്നാൽ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടുകൂടെ മറ്റുള്ളവരെ സേവിക്കുവാനുള്ള ശക്തി അവിടുത്തേക്കു ലഭിച്ചു. യേശു തന്റെ വിശുദ്ധജീവിതം നയിച്ചുകൊണ്ട് ചുറ്റി സഞ്ചരിക്കുകമാത്രം ചെയ്തിരുന്നെങ്കിൽ തന്റെ പിതാവിന്റെ ലക്ഷ്യങ്ങൾ ഭൂമിയിൽ നിറവേറ്റുവാൻ അവിടുത്തേക്കു കഴിയുമായിരുന്നില്ല. അതുപോലെ ഇന്ന് സഭയ്ക്കും മറ്റുള്ളവർക്ക് വിശുദ്ധജീവിതം കാട്ടിക്കൊടുക്കുക മാത്രം ചെയ്യുന്നതുകൊണ്ട് ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുവാൻ സാധിക്കുകയില്ല. യേശുവിന് വിശുദ്ധിയും ഒപ്പം ആത്മാവരങ്ങളും ഇവ രണ്ടും ഉണ്ടായിരുന്നു. ഇന്ന് അവിടുത്തെ ശരീരത്തിലും ഇവ രണ്ടും ആവശ്യമാണ്.

ക്രിസ്തീയലോകത്തെ ഇന്നു ബാധിച്ചിരിക്കുന്ന വിപത്ത് ഇതാണ്: സമൂഹങ്ങൾ ജീവിതത്തിന്റെ വിശുദ്ധിക്ക് ഊന്നൽ കൊടുക്കുന്നു; മറ്റു ചിലർ പരിശുദ്ധാത്മാവിൽ വരങ്ങൾക്കു പ്രാധാന്യം കല്പിക്കുന്നു. എന്നാൽ ഇവ ഒന്നല്ലെങ്കിൽ മറ്റൊന്ന് എന്ന മട്ടിൽ ഐച്ഛികമായി സ്വീകരിക്കാവുന്ന കാര്യങ്ങളല്ല. ബൈബിൾ ഇപ്രകാരമാണ് നമ്മോടു പറയുന്നത്:

"നിന്റെ വസ്ത്രം എല്ലായ്പ്പോഴും വെള്ളയായിരിക്കട്ടെ; (എപ്പോഴും വിശുദ്ധിയുള്ള ഒരു ജീവിതം നയിക്കുക) നിന്റെ തലയിൽ എണ്ണ കുറയാതിരിക്കട്ടെ". (നിരന്തരം അഭിഷേകത്തിൽത്തന്നെ ജീവിക്കുക) (സഭാ. പ്ര: 9:8) ഇവ രണ്ടും നമുക്കാവശ്യമാണ്.

ആത്മവരങ്ങൾ ആരെയും ആത്മീയനാക്കുന്നില്ല. കൊരിന്ത്യക്രിസ്ത്യാനികൾക്ക് എല്ലാ ആത്മികവരങ്ങളുമുണ്ടായിരുന്നു. (1 കോരി:1:7) അവർ സഭായോഗങ്ങളിൽ ജ്ഞാനത്തിന്റെ വചനം - അതായത് ആത്മവരങ്ങളിൽ ഒന്ന് - സംസാരിച്ചിരുന്നു. എങ്കിലും അവരുടെ ഇടയിൽ ജ്ഞാനമുള്ള ഒരുവൻ, അതായത് യഥാർത്ഥത്തിൽ ആത്മീയനായ ഒരുവൻ, പോലും ഉണ്ടായിരുന്നില്ല (1 കോരി. 6:5). ജ്ഞാനത്തിന്റെ ഒരു വചനം ജഡികനായ ഒരുവനിൽക്കൂടെ വരാൻ സാധ്യമാണ്. എന്നാൽ ജ്ഞാനം എന്നത് ഒരു ആത്മീയനിൽ മാത്രമേ കാണപ്പെടുന്നുള്ളൂ. ഒരു നിമിഷംകൊണ്ട് ഒരാൾക്ക് ദൈവത്തിൽ നിന്ന് ജ്ഞാനത്തിന്റെ ഒരു വചനം പ്രാപിപ്പാൻ സാധ്യമാണ്. എന്നാൽ ജ്ഞാനം എന്നതാകട്ടെ, അനേകവർഷത്തെ ക്രൂശെടുക്കൽ കൊണ്ടു മാത്രമേ സിദ്ധിക്കുന്നുള്ളൂ.

നമ്മുടെ ആത്മവരങ്ങൾ നമുക്കുതന്നെ തിരഞ്ഞെടുക്കുവാൻ സാധ്യമല്ല. എന്തെന്നാൽ ക്രിസ്തുവിന്റെ ശരീരത്തിൽ ഏതുവരം നമുക്കേറ്റവും യോജിച്ചതായിരിക്കുമെന്നു നിശ്ചയിക്കുന്നതു ദൈവമാണ്. എന്നാൽ ശരീരത്തെ പടുത്തുയർത്തുന്ന ആത്മവരങ്ങൾ, വിശിഷ്യ, പ്രവചനംവരം, ആത്മാർത്ഥമായി വാഞ്ഛിക്കുവാൻ ദൈവവചനം നമ്മോടു കല്പിക്കുന്നുണ്ട് (1 കോരി: 14:1, 12).

പിതാവിനോടു പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ (ലൂക്കോസ്: 11:13) അയൽക്കാരന്റെ വീട്ടിലേക്കു ഭക്ഷണം ചോദിപ്പാൻ പോയ ഒരു മനുഷ്യന്റെ ഉപമകൊണ്ട് യേശു അതിനെ വിശദീകരിച്ചു. ഈ ഉപമയിൽ നാം ശ്രദ്ധിക്കേണ്ട രണ്ടു പ്രധാന കാര്യങ്ങൾ ഉണ്ട്.

1) ആ മനുഷ്യൻ തനിക്കുവേണ്ടിയല്ല മറ്റൊരാളിനുവേണ്ടിയാണ് ഭക്ഷണം അപേക്ഷിച്ചത്.

2) തനിക്കാവശ്യമായതു ലഭിക്കുന്നതുവരെ അയാൾ ചോദിച്ചുകൊണ്ടേയിരുന്നു.

ഈ ഉപമയിൽ നിന്നു നാമെന്തു പഠിക്കുന്നു?

ഒന്നാമത് നാം നമ്മുടെ സ്വന്തപ്രയോജനത്തിനുവേണ്ടിയല്ല മറ്റുള്ളവരുടെ പ്രയോജനത്തിനായിട്ടാണ് ആത്മവരങ്ങൾ വാഞ്ഛിക്കേണ്ടത്. പരിശുദ്ധാത്മാഭിഷേകത്തെയും ആത്മവരങ്ങളെയും അന്വേഷിക്കുന്നവർ ഈയൊരു പ്രമാണം മുമ്പിൽ വച്ചിരുന്നെങ്കിൽ അവർ ഇപ്പോഴത്തേതിൽ എത്രയോ അധികം ആത്മീയരായിത്തീരുമായിരുന്നു. മാത്രമല്ല, ക്രിസ്തീയലോകത്തിൽ ഇന്ന് വ്യാജമായ വരങ്ങൾ താരതമ്യേന വളരെക്കുറച്ചു മാത്രമേ ഉണ്ടാകുമായിരുന്നുള്ളു. ദൗർഭാഗ്യവശാൽ പരിശുദ്ധാത്മാവിന്റെ ശക്തിയ്ക്കായി അന്വേഷിക്കുവാൻ ഇന്ന് മിക്ക ആളുകളെയും പ്രേരിപ്പിക്കുന്നത് മറ്റുള്ളവർക്ക് ഒരനുഗ്രഹം ഉണ്ടാകുവാൻ വേണ്ടിയല്ല. പിന്നെയോ തങ്ങൾക്കുവേണ്ടിത്തന്നെ ഒരുനുഭവം പ്രാപിപ്പാനായിട്ടാണ്. നമ്മുടെ ചുറ്റും ഇന്നുള്ള ഒട്ടുവളരെ ആളുകളുടെ ആവശ്യങ്ങൾ ദൈവം നിറവേറ്റിക്കൊടുക്കുവാനാഗ്രഹിക്കുന്നുണ്ട്; അവരുടെ ആവശ്യങ്ങൾ നമ്മിലൂടെ നിറവേറ്റുവാനാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. ഈ കാരണത്താലാണ് നമ്മുടെ പ്രവർത്തനമാർഗ്ഗത്തിലേക്ക് ദൈവം അവരെ കൊണ്ടുവന്നിട്ടുള്ളത്. ഈ ആളുകളെ വിടുവിപ്പാനും അനുഗ്രഹിപ്പാനും വേണ്ടി നാം പരിശുദ്ധാത്മവരങ്ങൾ അന്വേഷിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.

ഒരിക്കൽ ഒരു മനുഷ്യൻ ഭൂതഗ്രസ്തനായ തന്റെ മകനെയും കൊണ്ട് യേശുവിന്റെ ശിഷ്യന്മാരുടെ അടുക്കലെത്തി. എന്നാൽ ശിഷ്യന്മാർക്ക് അയാളെ സഹായിക്കുവാൻ സാധിച്ചില്ല. അപ്പോൾ ആ മനുഷ്യൻ യേശുവിന്റെ അടുക്കൽച്ചെന്ന് - "ഞാൻ സഹായത്തിനായി അവിടുത്തെ ശിഷ്യന്മാരെ സമീപിച്ചു; എങ്കിലും

അവർക്കെന്നെ സഹായിപ്പാൻ കഴിഞ്ഞില്ല" എന്നറിയിച്ചു. ഇന്നു നമ്മുടെ അയൽക്കാരും സ്നേഹിതരും ഈ വാക്കുകളാണോ നമ്മെപ്പറ്റി പറയുന്നത്?

കർത്താവിന്റെ അനുഗ്രഹങ്ങൾ നമുക്കുവേണ്ടിത്തന്നെ നാം അന്വേഷിക്കുന്ന പക്ഷം, നാം ജീവനില്ലാതെ ശുഷ്കിച്ച ഒരവസ്ഥയിലായിത്തീരും. മറ്റുള്ളവർക്കു ജലം പകർന്നു കൊടുക്കുന്നവർക്കു മാത്രമേ ദൈവം ജലം നൽകുന്നുള്ളു (സദൃശ: 11:25). ഒരു പക്ഷേ നിങ്ങളുടെ അടുക്കലുള്ള ഒരു സഹോദരനു തന്റെ പ്രശ്നം പരിഹരിക്കുവാൻ ജ്ഞാനത്തിന്റേതായ ഒരു വചനം ആവശ്യമായിരിക്കും. മറ്റൊരാൾക്ക് നിരാശാജനകമായ തന്റെ ജീവിതസാഹചര്യത്തിൽ പ്രോത്സാഹനത്തിന്റെ അഥവാ ധൈര്യത്തിന്റെ ഒരു വചനമാവശ്യമുണ്ട്. ഇനിയുമൊരാൾക്ക് ഏതെങ്കിലും ബന്ധനത്തിൽ നിന്നുള്ള സ്വാതന്ത്ര്യം ആവശ്യമായിരിക്കും. ഇത്തരമാളുകളെ സഹായിക്കുവാനാവശ്യമായ വരങ്ങൾക്കായി നാം ദൈവത്തെ അന്വേഷിക്കേണ്ടത് ആവശ്യമത്രേ.

ആത്മാവിന്റെ എല്ലാ വരങ്ങളും നാം മറ്റുള്ളവരെ അനുഗ്രഹിപ്പാനും സഹായിപ്പാനുമായി നൽകപ്പെടുന്നവയാണ്. ലൂക്കോസ്: 4:18, 19 വാക്യങ്ങൾ യേശു പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടതിന്റെ ഫലങ്ങളെപ്പറ്റി പറയുന്നു. ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാനും ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും നൽകുവാനും പീഡിതന്മാരെ വിടുവിക്കുവാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിക്കുവാനും അങ്ങനെ അവിടുത്തേയ്ക്കു കഴിവു ലഭിച്ചു. ഇവിടെപ്പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം മറ്റുള്ളവരുടെ പ്രയോജനത്തിനായിട്ടുള്ളതാണെന്നു മനസ്സിലാക്കുക. ആത്മാവിന്റെ വരമൊന്നും തന്നെ സ്വന്തജീവിതത്തിൽ കർത്താവിന് ഒരു പ്രയോജനവും വരുത്തിയില്ല.

നമുക്ക് മറ്റുള്ളവരെക്കുറിച്ചൊരു ഭാരവും അവരെ സഹായിക്കുവാൻ കഴിവില്ലാത്തതിനെപ്പറ്റി ഒരു ബോധവും ഉണ്ടാകണം. അപ്പോൾ മാത്രമേ ആത്മവരങ്ങളെ ശരിയായവിധം അന്വേഷിക്കുവാൻ നമുക്കു സാധിക്കുകയുള്ളു.

ഈ ഉപമയിൽ നിന്നു നാം പഠിക്കുന്ന രണ്ടാമത്തെ കാര്യം പരിശുദ്ധാത്മാവിന്റെ ശക്തിക്കുവേണ്ടി അതു പ്രാപിക്കുന്നതുവരെയും നാം അപേക്ഷിച്ചു കൊണ്ടുതന്നെ ഇരിക്കണം എന്നതാണ്. നാം യഥാർത്ഥത്തിൽ തന്റെ ശക്തി പ്രാപിക്കുവാൻ ആകാംക്ഷയുള്ളവരാണോ എന്നും തന്റെ ശക്തി പ്രാപിക്കുവാൻ ആകാംക്ഷയുള്ളവരാണോ എന്നും തന്റെ വരങ്ങളെ വിലമതിക്കുന്നുവോ എന്നും നമ്മെത്തന്നെ ശോധന ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു. തന്നെ സേവിക്കുന്ന കാര്യത്തിൽ നാം വാസ്തവമായും നിസ്സഹായരും തന്റെ ശക്തികൂടാതെ അതിനു കഴിവില്ലാത്തവരുമാണെന്ന ബോധ്യം നമുക്കുണ്ടോ എന്നറിയുവാനും ദൈവം കാത്തിരിക്കുകയാണ്. പലരും തങ്ങളിൽതന്നെ ആശ്രയിക്കുകയും ദൈവം വച്ചിരിക്കുന്ന ഈ പരീക്ഷയിൽ പരാജയമടയുകയും ചെയ്യുന്നു. തന്മൂലം അവർ വളരെ വേഗം പ്രാർത്ഥന നിറുത്തിക്കളയുകയാണ് ചെയ്യുന്നത്.

**പ്രദേശികസഭയുടെ മീറ്റിംഗുകൾ**

1 കോരിന്ത്യർ 12-ൽ പറഞ്ഞിട്ടുള്ള ആത്മവരങ്ങളിൽ വചനവരങ്ങൾ മാത്രം - അതായത് ഉപദേശം, പ്രവചനം, അന്യഭാഷ, വ്യാഖ്യാനം എന്നിവ മാത്രം - പ്രാദേശികസഭയുടെ മീറ്റിംഗുകളിൽ ഉപയോഗിക്കുന്നവയാണ് (1 കോരി: 14:26 മുതലുള്ള വാക്യങ്ങൾ നോക്കുക) സഭായോഗത്തിൽ അദ്ഭുതവരങ്ങൾ (miraculous gifts) ഒന്നും ഉപയോഗിച്ചു പോന്നതായി അവിടെ നാം വായിക്കുന്നില്ല. സുവിശേഷപരമായ ശുശ്രൂഷയിൽ രോഗശാന്തിവരം, ഭൂതങ്ങളെ പുറത്താക്കൽ എന്നീ വരങ്ങൾക്ക് സുവിശേഷസന്ദേശത്തിന്റെ ഒരു സ്ഥിരീകരണപ്രവർത്തനമെന്ന നിലയിൽ ഇന്നും സ്ഥാനമുണ്ട്. (മർക്കോസ് 16:15-18) സുവിശേഷകന്മാരാകുവാൻ, വിശേഷിച്ച് മുമ്പു വചനമെത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ സുവിശേഷമറിയിക്കുവാന്, വിളിക്കപ്പെട്ടവർ ഈ കഴിവുകൾ ദൈവത്തിൽ നിന്നു പ്രാപിക്കുവാനാഗ്രഹിക്കണം. എന്നാൽ എല്ലാ പ്രാദേശികസഭകളുടെയും മീറ്റിംഗുകളിൽ ഇവ ഉണ്ടാകേണ്ട ആവശ്യമില്ല.

സഭായോഗത്തിൽ വ്യാപരിക്കേണ്ട മുഖ്യമായ കൃപാവരം പ്രവചനമാണ്. പഴയനിയമപ്രവചനം ഭാവി പ്രവചിക്കുക എന്നതായിരുന്നു. എന്നാൽ പുതിയ നിയമപ്രവചനം സഭയുടെ ആത്മീയവർദ്ധനയ്ക്കും പ്രബോധനത്തിനും ആശ്വാസത്തിനും വേണ്ടി ദൈവവചനം സംസാരിക്കുക എന്നതാണ് (1 കോരി 14:3) എല്ലാ സഭകളിലും ഈ വരം പ്രയോഗുക്കുവാൻ കഴിവുള്ള സഹോദരങ്ങൾ ഉണ്ടായിരിക്കണം. ഒരൊറ്റ സഭയ്ക്കുതന്നെയായി അപ്പോസ്തലന്മാരും ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരും ഉണ്ടായിരിക്കണമെന്നു നിർബന്ധമില്ല. ഈ ശുശ്രൂഷകളുള്ള ആളുകൾ പല സഭകൾക്കായി പൊതുവിൽ പ്രവർത്തിക്കുന്നവരായി വരാം. എന്നാൽ ഓരോ സഭയ്ക്കും അത് പരിപക്വതയിലേക്കു വളരണമെങ്കിൽ പ്രവാചകന്മാരും ഇടയന്മാരും ഉണ്ടായേ തീരൂ.

പഴയകാലത്തെ പ്രവാചകന്മാർ കർത്താവിൽ നിന്നുള്ള ഒരു ഭാരം തങ്ങളുടെ ഹൃദയങ്ങളിൽ വഹിച്ചിരുന്നതായി സംസാരിച്ചിരുന്നു. അഹരോൻ തന്റെ മാറിടത്തിലെ ഫലകത്തിൽ യിസ്രായേലിന്റെ 12 ഗോത്രങ്ങളെ പ്രതിനിധാനം ചെയ്യുന്ന 12 രത്നക്കല്ലുകൾ ധരിച്ചിരുന്നു. ഇന്ന് ദൈവവചനം സംസാരിക്കുന്നവർ ഒരമ്മ തന്റെ കുഞ്ഞുങ്ങളെ ഗർഭപാത്രത്തിൽ വഹിക്കുന്നതുപോലെ ദൈവജനങ്ങളെ തങ്ങളുടെ ഹൃദയങ്ങളിൽ വഹിക്കുന്നവരാകണം എന്നതിന്റെ ഒരു ചിഹ്നമാണിത് (ഫിലി: 1:7).

സഭയുടെ മീറ്റിംഗുകളിൽ ആദ്യം സംസാരിക്കുന്നത് പ്രവചനപരമായ ഒരു വചനം നൽകുവാൻ വരം ലഭിച്ചവരായിരിക്കണം. ആ സഭയ്ക്ക് ആ സമയത്തുള്ള ആവശ്യത്തിനുതകുന്ന വിധം ദൈവത്തിൽനിന്നുള്ള ഒരു വചനം ആ ദൂതിൽ അടങ്ങിയിരിക്കുകയും വേണം. ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നവരെപ്പോലെയാണ് അവർ സംസാരിക്കേണ്ടത് (1 പത്രോസ് 4:11). ഒരു മതപ്രസംഗവും പ്രവചനപരമായ ദൈവവചനവും തമ്മിൽ വിപുലമായ അന്തരമുണ്ട്. മതപ്രസംഗം ഒരു മനുഷ്യന്റെ തലച്ചോറിൽനിന്ന് ബുദ്ധിപരമായ

അധ്വാനത്തിന്റെ ഫലമായി പുറത്തുവരുന്നതാണ്. കേൾവിക്കാരിൽ മതിപ്പുള്ളവാക്കുവാൻ അതു പര്യാപ്തമായേക്കാം എന്നാൽ പ്രവചനമെന്നത് ദൈവത്തിൽ നിന്നുള്ള ഒരു വചനമാണ്. അത് ഒരുവന്റെ ഹൃദയത്തിൽ നിന്നു പുറപ്പെടുന്നു. കേൾവിക്കാരിൽ മതിപ്പുള്ളവാക്കുവാൻ അയാൾ ശ്രമിക്കുന്നില്ല. മറിച്ച് അവരുടെ ഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്തുവാനും അവരെ കർമ്മോൽസുകരാക്കുവാനും അത് ഉപകരിക്കുന്നു.

ഇപ്രകാരമുള്ള ഒരു പ്രവചനത്തോട് അനുകൂലമായി പ്രതികരിക്കുന്നവർ തങ്ങളുടെ തെറ്റുകൾ തിരുത്തും. എന്നാൽ അതുമൂലം അസ്വസ്ഥരാകുന്നവർ പ്രവാചകന്റെ നേരെ കോപിക്കും. പ്രവാചകന് ഒരിക്കലും ജനപ്രീതി ലഭിക്കയില്ല. മറിച്ച് ആളുകൾ അദ്ദേഹത്തെ വെറുക്കുകയും തെറ്റിദ്ധരിക്കുകയും പീഡിപ്പിക്കുകയും ചെയ്യും. യേശു നസറേത്തിലെ പള്ളിയിൽ പ്രസംഗിച്ചപ്പോൾ ആളുകൾ ഇടയ്ക്കുവച്ച് അദ്ദേഹത്തെ തടയുകയും വെളിയിലേക്കു വലിച്ചിഴച്ച് കൊല്ലുവാൻ ശ്രമിക്കുകയും ചെയ്തു.

നാം പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന് നാൾതോറും അന്യോന്യം പ്രബോധിപ്പിക്കേണ്ടതാണെന്ന് ബൈബിൾ പറയുന്നു (എബ്രാ: 3:13). അതിനാൽ സഭയിലുള്ള എല്ലാ പ്രവചനത്തിന്റെയും പ്രബോധനത്തിന്റെയും ലക്ഷ്യം ആളുകൾ തങ്ങളുടെ പാപങ്ങളാൽ വഞ്ചിക്കപ്പെടാതെ അവരെ രക്ഷിക്കുക എന്നതാണ്. പ്രവചനം അവരുടെ ഹൃദയത്തിലുള്ള രഹസ്യപാപങ്ങളെ വെളിച്ചത്താക്കുകയും അങ്ങനെ അവർ ദൈവമുമ്പാകെ കവിണ്ണുവീണ് മാനസാന്തരപ്പെടുകയും ചെയ്യുന്നു (1 കോരി: 14:25).

നാം സ്വയം വിധിക്കുകയും ഭയത്തോടും വിറയലോടും കൂടെ നമ്മുടെ രക്ഷയെ പ്രയോഗത്തിൽ വരുത്തുകയും ചെയ്താൽ (ഫിലി: 2:12) കർത്താവു നമുക്കു വെളിച്ചം നൽകുകയും നമ്മെ ആദ്യം നമ്മുടെതന്നെ പാപത്തിന്റെ ചതിയിൽ നിന്നു രക്ഷിക്കുകയും ചെയ്യും. അപ്പോൾ നമുക്ക് അതേ വചനം മറ്റുള്ളവരോടു പ്രസംഗിക്കയും അവരെ രക്ഷിക്കയും ചെയ്യാം. നമുക്ക് ആദ്യം കുറ്റബോധം വരുത്തിയ കാര്യങ്ങൾ മാത്രമേ നാം മറ്റുള്ളവരോടു പ്രസംഗിക്കാവൂ.

എന്നിരുന്നാലും ഇവിടെ പ്രധാനമായ ഒരു മുന്നറിയിപ്പ് ആവശ്യമായിരിക്കുന്നു. ഒരു പ്രവചനസന്ദേശം കേൾക്കുന്നവർ തങ്ങൽ കേൾക്കുന്ന കാര്യം വിവേചിക്കണമെന്നു ദൈവവചനം കല്പിക്കുന്നു (1 കോരി: 14:29). വചനം കേട്ട തങ്ങൾ ദൈവവചനാനുസൃതമായിട്ടാണോ ജീവിക്കുന്നതെന്ന് ആദ്യം തന്നെ വിധിക്കണം. രണ്ടാമതായി അതു തങ്ങളുടെ ഹൃദയത്തോടുള്ള ദൈവത്തിന്റെ സന്ദേശമാണോ എന്നു കണ്ടെത്തണം. പ്രസംഗിക്കപ്പെടുന്ന ഒരോ വചനത്തിലും നൽകപ്പെടുന്ന ഓരോ പ്രവചനത്തിലും വ്യാഖ്യാനിക്കപ്പെടുന്ന ഓരോ അന്യഭാഷയിലും പ്രസംഗകന്റെ സ്വന്തം ചിന്തയുടെ ഒരംശം കൂടെ ഉൾക്കൊണ്ടിരിക്കുമെന്നതാണ് ഇതിന്റെ കാരണം. അതിനാൽ നാം എല്ലാം ശ്രദ്ധാപൂർവ്വം ശോധന ചെയ്യണമെന്നും നന്മയായുള്ളതിനെ മുറുകെപ്പിടിക്കണമെന്നും ദൈവം കല്പിച്ചിരിക്കുന്നു (1 തെസ്സ: 5:21).

നമ്മുടെ ഉള്ളിൽ ദൈവം തന്നിട്ടുള്ള അഭിഷേകം നാം കേൾക്കുന്ന പ്രവചനത്തിന്റെ ഒരംശത്തിനു സാക്ഷ്യം വഹിക്കുന്നില്ലെങ്കിൽ നാം അതിനെ ത്യജിച്ചുകളയണം. നാം നമ്മെത്തന്നെ വഞ്ചിക്കാതെ സ്വയം കാത്തുകൊള്ളുവാനുള്ള ഏകമാർഗ്ഗം അതാണ് (1 യോഹ: 2:27, 28) ഒട്ടധികം വിശ്വാസികൾ തങ്ങൾ കേട്ട പ്രവചനം ദൈവത്തിൽ നിന്നു തന്നെയോ എന്നാലോചിക്കാതെ അത് അന്ധമായി വിഴുങ്ങുകയും അതനുസരിച്ചു പ്രവർത്തിക്കയും ചെയ്തതു നിമിത്തം തങ്ങളുടെ ജീവിതത്തിൽ അവർണ്ണ്യമായ നഷ്ടം സഹിക്കേണ്ടി വന്നിട്ടുണ്ട്.

നിങ്ങൾ അഭിനന്ദിക്കുന്ന മറ്റു പ്രസംഗകരെ അനുകരിക്കുന്നതിനെക്കുറിച്ചും കൂടെ ഒരു മുന്നറിയിപ്പു തന്നുകൊള്ളട്ടെ. അത്തരം അനുകരണം ബോധപൂർവ്വം ചെയ്യുന്നതല്ലെങ്കിൽ അതു ഗൗരവവാഹമല്ല. എന്നാൽ അതു ബോധപൂർവ്വമെങ്കിൽ നിങ്ങൾ നഷ്ടം സഹിക്കേണ്ടിവരും. കാരണം, ദൈവം നിങ്ങൾക്കു തന്നിട്ടുള്ള നിസ്തുല്യമായ ശുശ്രൂഷ നിങ്ങളിലൂടെ വെളിപ്പെടുത്തുവാൻ അനുവദിക്കാത്തവിധം ആ അനുകരണം അതിനെ തടസ്സപ്പെടുത്തുവാൻ ഇടയായിത്തീരും.

പുതിയനിയമം ഒന്നാകെത്തന്നെ പരിശുദ്ധാത്മാനിശ്വസിതമാണെങ്കിലും പൗലോസ്, പത്രോസ്, യോഹന്നാൻ എന്നിവർ സത്യത്തെ വെളിപ്പെടുത്തുവാൻ ഒരേ തരം ഭാഷയല്ല ഉപയോഗിച്ചതെന്നും നാം കാണുന്നു. അവരിൽ ഓരോരുത്തരും തങ്ങൾക്ക് സ്വാഭാവികമായി ലഭിച്ച വാക്കുകൾ ഉപയോഗിച്ച് ദൈവവചനം എഴുതുകയാണുണ്ടായത്. പൗലോസ് ഒരിക്കലെങ്കിലും "വീണ്ടും ജനനം പ്രാപിക്കുക" എന്നതിനെപ്പറ്റി എഴുതിയിട്ടില്ല. എന്നാൽ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുന്നതിനെക്കുറിച്ചും പഴയ മനുഷ്യനെ ഉരിഞ്ഞുകളയുന്നതിനെക്കുറിച്ചും അദ്ദേഹം എഴുതിയിട്ടുണ്ട്. പിൽക്കാലത്ത് പത്രോസ് എഴുതിയപ്പോൾ അദ്ദേഹത്തിന് പൗലോസിന്റെ പദപ്രയോഗങ്ങളെ അനുകരിക്കാമായിരുന്നു. എന്നാൽ അദ്ദേഹം അപ്രകാരം ചെയ്തില്ല. തനിക്കു സ്വതസിദ്ധമായി ലഭിച്ച പദപ്രയോഗങ്ങളോടെ അദ്ദേഹം "ജഡത്തിൽ കഷ്ടമനുഭവിക്കുന്നതിനെ"പ്പറ്റി എഴുതി. അനേകം വർഷത്തിനുശേഷം യോഹന്നാൻ എഴുതിയപ്പോൾ അദ്ദേഹവും താനുപയോഗിച്ച ഭാഷാരീതിയിൽ നിസ്തുല്യനായിരുന്നു. അദ്ദേഹം പൗലോസിന്റെയോ പത്രോസിന്റെയോ ഭാഷാരീതി ഉപയോഗിക്കാതെ "ദൈവത്തിൽ നിന്നു ജനച്ചവനെ"പ്പറ്റി എഴുതി. ഇത് അദ്ദേഹത്തിന്റെ നിസ്തുല്യമായൊരു പദപ്രയോഗമത്രേ.

മറ്റുള്ളവർ ഉപയോഗിക്കുന്ന അതേ പദങ്ങൾ നാമും ഉപയോഗിക്കുവാൻ ദൈവം നമ്മെപ്പറ്റി ആഗ്രഹിക്കുന്നില്ലെന്നത് ഇതിൽ നിന്ന് വ്യക്തമാണ്. തന്റെ വചനം അവിടുന്ന് നമ്മിലൂടെ മറ്റുള്ളവർക്കായി നൽകുമ്പോൾ നമ്മുടെ വ്യക്തിത്വത്തെ അവിടുന്ന് ഇല്ലാതാക്കുന്നില്ല. തങ്ങളുടെ മേലധികാരി പറഞ്ഞുകൊടുക്കുന്ന കാര്യങ്ങൾ ടൈപ്പുചെയ്യുന്ന സെക്രട്ടറിമാരെപ്പോലെ ദൈവം നമ്മെ ആക്കിത്തീർക്കുകയില്ല. നാം പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരും അഭിഷിക്തരുമാകുമ്പോൾപോലും നമ്മുടെ വ്യക്തിത്വത്തെ ദൈവം സംരക്ഷിക്കുന്നു.

വെളിപ്പാട്: 21:19, 20 വാക്യങ്ങളിൽ സഭയെ വിവിധവർണ്ണങ്ങളുള്ള കല്ലുകളാൽ നിർമ്മിക്കപ്പെട്ട ഒരു കെട്ടിടമായി ചിത്രണം ചെയ്തിരിക്കുന്നത് നാം കാണുന്നു. ഈ ഓരോ കല്ലുകളിലും കൂടി പുറപ്പെടുന്ന പ്രകാശം ഒന്നുതന്നെ. യേശുവിന്റെ ജീവൻതന്നെയാണത്. എന്നാൽ അവയിലൂടെ പുറപ്പെടുന്ന നിറങ്ങൾ ചുവപ്പ്, നീലം, പച്ച എന്നിങ്ങനെ വിവിധങ്ങളാണ്. നാമോരുരത്തരും യേശുവിന്റെ ജീവനെ പ്രകാശിപ്പിക്കുവാൻ വിളിക്കപ്പെട്ടവരാണ്. എങ്കിലും നമ്മുടെ സ്വന്തവും നിസ്തുല്യവുമായ സ്വാകാര്യവ്യക്തിത്വങ്ങളിൽക്കൂടെയാണ് നാമത് ചെയ്യേണ്ടത്.

എന്റെ ശുശ്രൂഷയെയോ ഞാൻ പ്രസംഗിക്കുകയോ എഴുതുകയോ ചെയ്യുന്ന രീതിയെയോ അനുകരിപ്പാൻ നിങ്ങൾ ശ്രമിക്കുന്നപക്ഷം അതൊരു നിഷ്ഫലപ്രയത്നമായി കലാശിക്കും. നിങ്ങളുടെ സ്വന്തജീവിതത്തിൽ നിന്നും സ്വാഭാവികമായ രീതിയിൽ പുറപ്പെടുന്നത് നിങ്ങളുടെ തന്നെ നിസ്തുല്യമായ രീതിയിൽ സംസാരിക്കയാണ് നിങ്ങൾ ചെയ്യേണ്ടത്. അപ്പോൾ ക്രിസ്തുവിന്റെ ശരീരത്തിന് ഒരനുഗ്രഹമായി നിങ്ങൾ തീരും. ദൈവം തന്റെ സഭയിൽ ഒരൊറ്റ സാക് പുന്നനെ മാത്രമേ ആഗ്രഹിക്കുന്നുള്ളു. മറ്റൊരു സാക് പുന്നനെ അവിടുന്ന് ആഗ്രഹിക്കുന്നില്ല. നിങ്ങൾ നിങ്ങൾതന്നെ ആയിരിക്കണമെന്നാണ് അവിടുത്തെ താത്പര്യം.

സഭയുടെ യോഗങ്ങളിൽ കർത്താവിൽ നിന്നൊരുവചനം ലഭിച്ചിട്ടുള്ള എല്ലാവർക്കും മൂപ്പന്മാരുടെ അധികാരത്തിൻകീഴിൽ പ്രവചിക്കാം. ഇത് പുരുഷന്മാർക്കും സ്ത്രീകൾക്കും ചെയ്യാവുന്നതാണ്. എന്തെന്നാൽ താൻ പ്രവചനത്തിന്റെ ആത്മാവിനെ പുരുഷന്മാരുടെ മേലും സ്ത്രീകളുടെ മേലും അയയ്ക്കുമെന്ന് ദൈവം വ്യക്തമായും അരുളിച്ചെയ്തിട്ടുണ്ട് (അപ്പോ: പ്ര: 2:17, 18) ഒരു സ്ത്രീ തന്റെ തല മറയ്ക്കുന്ന പക്ഷം സഭായോഗങ്ങളിൽ പ്രാർത്ഥിക്കുവാനും പ്രവചിക്കുവാനും ദൈവം അവളെ അനുവദിക്കുന്നുണ്ട് (1 കോരി: 11:5).

അനേകമാളുകൾ ആത്മീയമായ മടി നിമിത്തമോ ധൈര്യഹീനത നിമിത്തമോ സഭയിൽ പ്രവചിക്കുവാൻ മുതിരുന്നില്ല. തിമോഥയോസ് അപ്രകാരം അധീരനായ ഒരുവനായിരുന്നതിനാൽ അദ്ദേഹത്തിനു നൽകപ്പെട്ട കൃപാവരത്തെ ജ്വലിപ്പിക്കുവാൻ പൗലോസ് അദ്ദേഹത്തെ പ്രേരിപ്പിക്കേണ്ടി വന്നു (1 തിമോഥി: 4:14; 2 തിമോഥി: 1:6, 7). നാം സഭായോഗങ്ങൾക്കു വരുമ്പോൾ ധൈര്യഹീനതയുടെയും അവിശ്വാസത്തിന്റെയും ആത്മാക്കളെ നാം ബന്ധിച്ചേ മതിയാവൂ.

എന്നാലും സഭായോഗങ്ങളിലുള്ള ഈ സ്വാതന്ത്ര്യത്തെ ജഡികരായ ആളുകൾ മുതലെടുക്കുവാൻ സാധ്യതയുണ്ട്. തങ്ങളുടെ സ്വന്തശബ്ദം ഒന്ന് കേൾപ്പിക്കുവാനാഗ്രഹിച്ചിട്ട് അവർ എഴുന്നേറ്റുനിന്ന് എല്ലാവരെയും മുഷിപ്പിക്കാറുണ്ട്. അത്തരക്കാരെ മൂപ്പന്മാർ മിണ്ടാതാക്കണം. എന്തെന്നാൽ സഭയിൽ സകലവും ഉചിതമായു ക്രമമായും നടക്കേണ്ടതാണ് (1 കോരി: 14:40). എങ്കിലും ഇന്ന് മിക്ക സഭകളിലും മൂപ്പന്മാർ ഒന്നുകിൽ അധീരരോ അല്ലെങ്കിൽ സൗമ്യരെന്ന ബഹുമതി നേടാനാഗ്രഹിക്കുന്നവരോ ആണ്. തന്മൂലം ജഡികനും നീട്ടിവലിച്ച് സംസാരിക്കുന്നവനുമായ ഒരുവനെ അവർ മിണ്ടാതാക്കുന്നില്ല.

അതിനാൽ സ്തുതിയുടെയും ആരാധനയുടെയും സമയം സഭായോഗങ്ങളിൽ അനുപേക്ഷണീയമെങ്കിൽത്തന്നെയും അതല്ല, മറിച്ച് ദൈവത്തിന്റെ പ്രവചനാത്മകമായ സന്ദേശം പ്രഖ്യാപിക്കുന്ന സമയമാണ് ഏറ്റവും പ്രധാനമെന്ന കാര്യം നമുക്ക് മനസ്സിൽ കുറിക്കൊള്ളാം.

**ആത്മീയനേതൃത്വം**

ഇനി നമുക്ക് ദൈവത്തിന്റെ സഭയിലെ നേതൃത്വം എന്ന വിഷയത്തെപ്പറ്റി ചിന്തിക്കാം.

ഓരോ സഭയെയും ദൈവത്തിന്റേതായ വഴിയിൽ നയിക്കുവാൻ ദൈവം അതിൽ മൂപ്പന്മാരെ നിയമിക്കുന്നു (1 കോരി 12:28; തീത്തോസ് 1:5). ഒരു മൂപ്പൻ പ്രാഥമികമായി ഒരു പ്രസംഗകനല്ല, പിന്നെയോ ഒരു നായകനാണ്. ഒരു നായകൻ മറ്റുള്ളവർക്കു മുമ്പനായിപ്പോകുന്ന ഒരുവനത്രേ. അദ്ദേഹം എപ്പോഴും മുമ്പിൽ നടക്കുന്നു. "ഞാൻ ക്രിസ്തുവിനെ പിൻതുടരുന്നതുപോലെ നിങ്ങൾ എന്നെ പിന്തുടരുവിൻ" എന്നു പറയുകയും ചെയ്യുന്നു.

എന്നാൽ പല സുവിശേഷപ്രസംഗകരും "എന്നെ പിന്തുടരേണ്ടാ, ക്രിസ്തുവിനെ പിന്തുടരുവിൻ" എന്നു പറയുന്നവരാണ്. ഇത് വിനയമനോഭാവമായിത്തോന്നാം. എന്നാൽ ആദിമകാലത്തെ അപ്പോസ്തലന്മാർ ആരും അങ്ങനെയല്ല പറഞ്ഞിട്ടുള്ളത്. തങ്ങൾ ക്രിസ്തുവിനെ പിന്തുടരുന്നതുപോലെ തങ്ങളെ പിൻതുടരുവാൻ അവർ വിശ്വാസികളെ ആഹ്വാനം ചെയ്തിരുന്നു (1 കോരി: 12:1; ഫിലി: 3:17). തങ്ങൾ പരിപൂർണ്ണരായതുകൊണ്ടല്ല, പിന്നെയോ ശരിയായ ലക്ഷ്യത്തിലേക്കു നീങ്ങിയിരുന്നതുകൊണ്ടാണ് അവർ ഇപ്രകാരം പറഞ്ഞത്.

മൂപ്പൻ എന്ന സ്ഥാനം ആപേക്ഷികമായ ഒന്നാണ്. ഒരു ദൃഷ്ടാന്തം കൊണ്ട് ഇത് വ്യക്തമാക്കാം. ഒരു ഭവനത്തിൽനിന്ന് മാതാപിതാക്കന്മാർ ഒരു സമയത്തേക്കു ദൂരത്തെവിടെയെങ്കിലും പോകുമ്പോൾ വീട്ടിലെ മൂത്തമകനോട് തങ്ങളുടെ അസാന്നിദ്ധ്യത്തിൽ വീട്ടിലെ മൂപ്പനായി തീരുമാനങ്ങളെടുക്കുവാൻ ആവശ്യപ്പെടാറുണ്ട്. ഒരു വേള മൂത്തകുട്ടിക്ക് 10 വയസ്സേ പ്രായമുള്ളൂവെങ്കിലും അവർ ഇപ്രകാരം ചെയ്യും. തീർച്ചയായും അവൻ പ്രായപൂർത്തിയായ ഒരുവനല്ല; എങ്കിലും 7 വയസ്സുകാരനെയും 4 വയസ്സുകാരനെയുംകാൾ കൂടുതൽ പ്രായപൂർത്തി അവനുണ്ട്. മാതാപിതാക്കന്മാർ മടങ്ങിവന്നാൽപ്പിന്നെ അവൻ മൂപ്പനല്ലതാനും.

ഇതുപോലെയാണ് ഒരു സഭയിലും മൂപ്പൻ എന്ന സ്ഥാനം പ്രവർത്തിക്കുന്നത്. ഒരു യുവസഹോദരന് അയാൾ സഭയിലേയ്ക്കും എറ്റവും പക്വതയുള്ള സഹോദരനെങ്കിൽ ആ സഭയിലെ മൂപ്പനാകാം. സഭയിലെ മറ്റുള്ള അഗംങ്ങൾ വളരുന്നതോടെ അവനും അവരോടൊപ്പം വളരുന്നു. എന്നാൽ അയാൾ ആത്മീയമായി വളരാത്ത ഒരവസ്ഥയിലായിത്തീർന്നാൽ അയാളെക്കാൾ മുതിർന്ന നിലയിലെത്തിയ മറ്റൊരാൾ ഒരു നാൾ ആ

സഭയിലെ മൂത്ത സഹോദരനായിത്തീരാം അതിനാൽ മൂപ്പൻ സ്ഥാനം ദൈവഭവനത്തിലെ ഒരു സ്ഥാനപ്പേരോ ഒരു ഉദ്യോഗമോ അല്ല. പിന്നെയോ മറ്റുള്ളവരെ നയിക്കുമാറ് പക്വത പ്രാപിക്കുന്ന ഒരവസ്ഥാവിശേഷമാണ്.

അപ്രകാരമുള്ള നേതാക്കന്മാർക്ക് നാം കീഴടങ്ങുകയും അവരെ അനുസരിക്കുകയും ചെയ്യണം (എബ്രായർ: 13:17). തന്റെ മുന്തിരിത്തോട്ടം പാട്ടക്കാരെ ഏല്പിച്ച മനുഷ്യന്റെ ഉപമയിൽ ഉടമസ്ഥൻ നേരിട്ട് ആദായം വാങ്ങാൻ വരികയില്ല തന്റെ ഭൃതന്മാരെ അയയ്ക്കുകയാണ് ചെയ്തതെന്ന് നാം കാണുന്നു (മത്തായി: 21:34). അതുപോലെ കർത്താവ് തന്നെ പ്രതിനിധീകരിക്കുവാൻ സഭയിൽ താൻ അധികാരം ഏല്പിച്ചിട്ടുള്ള ആളുകളെ നിയോഗിക്കുന്നു. യേശു തന്റെ അപ്പോസ്തലന്മാരോട് - ആളുകൾ അവരെ കൈക്കൊള്ളുമ്പോൾ വാസ്തവത്തിൽ തന്നെത്തന്നെ കൈക്കൊള്ളുകയാണെന്ന് - പറയുകയുണ്ടായി (മത്തായി: 10:40). ഇവിടെ ഞാൻ ക്രൈസ്തവലോകത്തിലുള്ള ബഹുഭൂരിപക്ഷം പുരോഹിതന്മാരെയും, പാസ്റ്ററന്മാരെയും കുറിച്ചല്ല, പിന്നെയോ യഥാർത്ഥദൈവഭൃത്യന്മാരെന്ന് നിങ്ങൾതന്നെ അംഗീകരിക്കുന്നവരെക്കുറിച്ചാണ് പറയുന്നത്.

**ദൈവത്തന്റെ സഭയിൽ അധികാരം മുകളിൽ നിന്ന് അടിച്ചേല്പിക്കുകയില്ല, മറിച്ച് താഴെ നിന്ന് സ്വീകരിക്കപ്പെടുകയാണ് ചെയ്യുന്നത്**

ഇതിന്റെ അർത്ഥം നിങ്ങൾ ഏതു മൂപ്പന്മാരെ ബഹുമാനിക്കുന്നുവോ അവർക്കുമാത്രം കീഴടങ്ങിയിരുന്നാൽ മതി എന്നാണ്. ഒരു മൂപ്പനെ ദൈവഭക്തിയുള്ള ഒരാൾ എന്ന നിലയിൽ അംഗീകരിപ്പാൻ നിങ്ങൾക്കു കഴിയുന്നില്ലെങ്കിൽ അദ്ദേഹത്തിന് നിങ്ങൾ കീഴടങ്ങിയിരിക്കേണ്ട ആവശ്യമില്ല. എങ്കിലും അപ്രകാരം ഒരു ഘട്ടം വരുമ്പോൾ നിങ്ങൾ ആ സഭ വെടിയുകയും ദൈവഭക്തിയുള്ള ഒരു മൂപ്പനെ കണ്ടെത്തുവാൻ കഴിയുന്ന മറ്റൊരു സഭയോട് ചേരുകയും ചെയ്യുന്നതാണ് ഉത്തമം. ദൗർഭാഗ്യവശാൽ ഇന്ന് ലോകത്തിൽ ദൈവഭക്തിയുള്ള അധികം സഭാമൂപ്പന്മാരില്ല. എങ്കിലും അത്തരം ഒരാളെ കണ്ടെത്തുന്ന സ്ഥലത്ത് നിങ്ങൾ അദ്ദേഹത്തെ ബഹുമാനിക്കയും അഭിനന്ദിക്കുകയും വേണം (1 തിമൊഥി: 5:17; 1 തെസ്സ: 5:12, 13).

ഒരിക്കൽ ഒരാളെ നിങ്ങൾ നിങ്ങളുടെ മൂപ്പനായി അംഗീകരിച്ചുകഴിഞ്ഞാൽ നിങ്ങൾ അദ്ദേഹത്തിനു കീഴടങ്ങിയിരിക്കണം. ഒരു സഭയിലെ കീഴടക്കത്തിന്റെ ഉദ്ദേശ്യം ഒരു ഭവനത്തിലേതുപോലെ തന്നെയാണ്. മക്കൾ അമ്മയപ്പന്മാർക്കു കീഴടങ്ങിയിരിക്കുന്നതുമൂലം അസംഖ്യം ആപത്തുകളിൽ നിന്നും അവർ സംരക്ഷിക്കപ്പെടുന്നു. ഒരു ഇടയൻ തന്റെ ആടിനെ കാവൽ ചെയ്യുന്നതുപോലെ ഒരു ദൈവഭക്തനായ മൂപ്പൻ നിങ്ങളുടെ ആത്മാവിന്റെ കാവൽക്കാരനായിരിക്കും. ഒരു യഥാർത്ഥമൂപ്പൻ തന്റെ ഒരോ ആടിന്റെയും ആത്മീയാവസ്ഥ അറിഞ്ഞിരിക്കണം (സദൃശ: 27:23). ഒരു മൂപ്പൻ തന്റെ ആട്ടിൻകൂട്ടത്തെ ഹൃദയത്തിൽ വഹിക്കുന്നുവെങ്കിൽ തന്റെ ആടുകളിൽ ഓരോന്നിന്റെയും അവസ്ഥയെപ്പറ്റി അയാൾക്ക് ദൈവം വിവേചനം നൽകും. അപ്രകാരമുള്ള ഒരു മൂപ്പൻ സഭയിൽ നൽകുന്ന ദൂതുകൾ അദ്ദേഹത്തിന്റെ ആടുകൾക്ക് ആവശ്യമുള്ള അതേ കാര്യങ്ങൾ തന്നെ ആയിരിക്കയും ചെയ്യും. ഒരു വേള അവരുടെ ആവശ്യത്തെപ്പറ്റി അദ്ദേഹം ബോധവാനല്ല എന്നുവന്നാൽ തന്നെയും.

അതിനാൽ എല്ലാ മൂപ്പന്മാർക്കു ഉണ്ടായിരിക്കേണ്ട പ്രാഥമികമായ ഗുണവിശേഷം ഇതാണ്. അവർ തങ്ങളുടെ ആട്ടിൻകൂട്ടത്തെ ഹൃദയത്തിൽ വഹിക്കണം. തങ്ങൾ മൂപ്പന്മാരല്ലെങ്കിൽ തന്നെയും തങ്ങളുടെ സഹവിശ്വാസികളെപ്പറ്റിയുള്ള കരുതലും ഭാരവും ഹൃദയത്തിൽ പേറുന്ന ഒട്ടനേകം സഹോദരന്മാരുണ്ട് അത്തരം സഹോദരന്മാർ ദൈവത്തിന്റെ ദൃഷ്ടിയിൽ യഥാർത്ഥ ഇടയന്മാർ തന്നെയാണ്. ആടുകൾക്ക് അവരിൽ വിശ്വാസമുണ്ടായിരിക്കും. അവർ സഹായത്തിനായി അവരുടെ അടുക്കൽ വരികയും ചെയ്യും.

**പണവും ക്രിസ്തീയപ്രവർത്തനവും**

ശിഷ്യന്മാരുടെ സമൂഹമായ സഭയ്ക്ക് പണസംബന്ധമായ കാര്യത്തിൽ വ്യക്തമായൊരു സാക്ഷ്യം ഉണ്ടായിരിക്കണം. നമ്മുടെ സഭായോഗങ്ങൾക്കു വരുന്ന ആരിൽ നിന്നെങ്കിലും പണമോ മറ്റെന്തെങ്കിലും ആനുകൂല്യമോ ലഭിക്കണമെന്ന ആഗ്രഹം നമുക്കുണ്ടാകരുത്. അത് അവർ വ്യക്തമായി അറിയുകയും വേണം. നമുക്ക് അവരെ അനുഗ്രഹിക്കുന്നതിൽ മാത്രമേ താൽപര്യമുള്ളുവെന്ന് അവർ വ്യക്തമായി ധരിക്കണം.

നമ്മുടെ സഭകളിൽ മീറ്റീംഗ് സമയത്ത് നാമൊരിക്കലും സ്ത്രോത്രകാഴ്ച എടുക്കുന്നില്ല. ഇതിനു പല കാരണങ്ങളുണ്ട്. ഒന്നാമതായിത്തന്നെ ദൈവത്തിനു നാം നൽകുന്ന ദാനങ്ങളെല്ലാം സന്തോഷത്തോടുകൂടിയതും സ്വയം പ്രേരിതവുമായിരിക്കണമെന്ന് നാം വിശ്വസിക്കുന്നു. പരസ്യമായി ഒരു സ്തോത്രകാഴ്ച എടുക്കുന്ന പക്ഷം ഇതു സാധിക്കുക പ്രയാസമായിരിക്കും. രണ്ടാമത്, ദൈവത്തിനു നൽകുന്നതെല്ലാം രഹസ്യത്തിലായിരിക്കണം. ആളുകൾ നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കെ രഹസ്യമായി നൽകുക സാധ്യമല്ല (നിങ്ങൾ എത്ര കൊടുക്കുന്നുവെന്നു മറ്റുള്ളവർ അറിഞ്ഞെന്നു വരില്ല; എന്നാൽ നിങ്ങൾ നൽകുന്നുവെന്ന കാര്യം അവർ അറിയും) മൂന്നാമത്, നമ്മുടെ മീറ്റിംഗുകളിൽ അവിശ്വാസികൾ സന്നിഹിതരായിരിക്കാം. തങ്ങളുടെ പണം ദൈവത്തിനു നൽകുവാനുള്ള അവകാശം അഥവാ പദവി അവർക്കില്ല. അവർ തങ്ങളുടെ പണം ദൈവത്തിനു നൽകുന്നതിനുമുമ്പ് ആദ്യമായി തങ്ങളെത്തന്നെ ദൈവത്തിനു നൽകണം (2 കോരി: 8:4, 5, 3 യോഹ: 7). തങ്ങൾ സഭയിൽ കേൾക്കുന്ന സുവിശേഷം സൗജന്യമായിട്ടുള്ളതെന്ന് അവർ അറിയുകയും വേണം. അതുകേൾക്കുവാൻ അവർ എന്തെങ്കിലും വില നൽകേണ്ടതില്ല. അതിനാൽ ഒരു സ്തോത്രകാഴ്ച എടുക്കുന്നതിലൂടെ അവരെ ഒരു വിഷമസന്ധിയിലാക്കുവാൻ നാം മുതിരുന്നില്ല.

അതേ സമയംതന്നെ തങ്ങളുടെ നന്ദിയുടെ സൂചനയായി തങ്ങൾക്കുള്ളതിൽനിന്നു ദൈവത്തിനു നൽകുവാനാഗ്രഹിക്കുന്നവർക്ക് ഒരവസരം നൽകേണ്ടതിന് മീറ്റിംഗ് സ്ഥലത്ത് നാം ഒരു പെട്ടി വയ്ക്കാറുണ്ട്. സന്തോഷപൂർവ്വമായും രഹസ്യമായും നൽകുവാനാഗ്രഹിക്കുന്നവർക്ക് അതിൽ പണം ഇടാവുന്നതാണ്.

മിക്ക ക്രിസ്തീയപ്രവർത്തകരും മറ്റു വിശ്വാസികൾ നൽകുന്ന ദാനങ്ങളും കാണിക്കകളും കൊണ്ടാണ് ഉപജീവിക്കുന്നത്. "സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണം" എന്നു കർത്താവു കല്പിച്ചിട്ടുള്ളതിനാൽ ഇതിൽ തെറ്റൊന്നുമില്ല ( 1 കോരി: 9:14) പത്രോസും മറ്റ് അപ്പോസ്തലന്മാർ മിക്കവരും ഇപ്രകാരം മറ്റു വിസ്വാസികളുടെ ദാനങ്ങൾ കൊണ്ട് ഉപജീവിച്ചിരുന്നതായിത്തോന്നുന്നു (1 കോരി: 9:5, 6).

എന്നാൽ പൗലോസിൽ നാം മറ്റൊരു ദൃഷ്ടാന്തം കാണുന്നു. അദ്ദേഹം സ്വയം വേല ചെയ്തു ഉപജീവിക്കയും സഭയെ സേവിക്കയും ചെയ്തുപോന്നു (1 കോരി: 9:15-18; 2 കോരി: 12:14;2 തെസ്സ: 3:7-9; അപ്പോ. പ്ര. 20:33-35) ഇൻഡ്യയിലെ ഇന്നത്തെ സാഹചര്യത്തിൽ പൗലോസിനെപ്പോലെ കർത്താവിനെ സേവിക്കുന്നവർ ഉണ്ടാകേണ്ടത് വലിയൊരാവശ്യമാണ്.

ഈ കാരണത്താലാണ് നമ്മുടെ സഭകളിൽ മൂപ്പന്മാരായ ഞങ്ങളിൽ മിക്കവരും പൗലോസ് ചെയ്തതു പോലെ സ്വയം വേല ചെയ്ത ഉപജീവിക്കയും സഭകളെ സേവിക്കയും ചെയ്യുന്നത്. ഇൻഡ്യയെപ്പോലെ യുള്ള ദരിദ്രരാജ്യങ്ങളിൽ ഈ സമ്പ്രദായത്തിനു കൂടുതലായ ഒരു പ്രയോജനം കൂടെയുണ്ട്. സാമ്പത്തിക ലാഭം കരുതി സഭാപ്രവർത്തനത്തിനിറങ്ങുവാനാഗ്രഹിക്കുന്നവരെ തിരിച്ചറിയുകയാണ് ആ പ്രയോജനം.

പൂർണ്ണസമയക്രിസ്തീയപ്രവർത്തനത്തെപ്പറ്റി ചിന്തിക്കുന്ന ക്രിസ്തു ശിഷ്യന്മാർക്ക് ഏതാനും മാർഗ്ഗ നിർദ്ദേശങ്ങൾ ഇവിടെ ഞാൻ നൽകിക്കൊള്ളട്ടെ:

1 ദൈവത്തിൽ നിന്നു വ്യക്തമായൊരു വിളി നിങ്ങൾക്കു ലഭിച്ചിട്ടുണ്ടെങ്കിൽ മാത്രമേ പൂർണ്ണസമയക്രിസ്തീയപ്രവർത്തനത്തിനായി നിങ്ങൾ പുറപ്പെടാവൂ.

2 ലൗകികമായ ഒരു ജോലിയിൽ വിശ്വസ്തതയോടെ ഏർപ്പെട്ടിരുന്നവരെ മാത്രമാണ് തന്റെ അപ്പോസ്തലന്മാരാകുവാൻ യേശു വിളിച്ചത്. ഇതിൽ നിന്നു വ്യത്യസ്തമായി ദൈവം ചിലപ്പോൾ പ്രവർത്തിച്ചെന്നു വരാമെങ്കിലും ദൈവവചനത്തിൽകാണുന്ന സാമാന്യനിയമം ഇതാണെന്നു തോന്നുന്നു. ലൗകികമായ തൊഴിലുകളിൽ പ്രവർത്തിക്കുന്നവരെ കർത്താവു തിരഞ്ഞെടുക്കുന്നതിന് ഏതാനും കാരണങ്ങൾ ഉള്ളതായിത്തോന്നുന്നു:

(i) ദൈവം ഒരു മനുഷ്യനെ അവൻ അദ്ധ്വാനശീലനും പണം കൈകാര്യം ചെയ്യുന്നതിൽ വിശ്വസ്തനുമാണോ എന്നു ശോധന ചെയ്യുന്നത് അവന്റെ ലൗകികമായ തൊഴിലിന്റെ രംഗത്താണ്. യേശു വിളിച്ച ആളുകൾ മീൻപിടുത്തക്കാരോ കണക്കെഴുത്തുകാരോ ആയി വിശ്വസ്തരും കഠിനാദ്ധ്വാനികളും ആയിരുന്നു.

(ii) ത്യാഗം സഹിക്കുവാനുള്ള സന്നദ്ധതയും ഈ വിധത്തിൽ ശോധന ചെയ്യപ്പെടുന്നു. എന്തെന്നാൽ ഒരു ജോലിയും വിട്ടുകളവാനില്ലാത്തവനിൽ നിന്നു വ്യത്യസ്തമായി കർത്താവിനെ സേവിക്കുവാൻ വേണ്ടി തന്റെ ലൗകികമായ ജോലി വിട്ടുകളയുന്ന ഒരുവൻ വില കൊടുക്കേണ്ടി വരുന്നു. ഈ വിധ ശോധനയിലൂടെത്തന്നെ ഒരുവന് തന്റെ "വിളി" ദൈവത്തിൽ നിന്നാണോ അല്ലയോ എന്നറിവാനും സാധിക്കുന്നു. ഒന്നും വെടിയുവാനില്ലാത്തവർക്ക് തങ്ങൾ "ദൈവത്താൽ വിളിക്കപ്പെട്ടു" എന്നു ചിന്തിക്കുക എളുപ്പമാണ്. പലരും ഇന്ന് ഇൻഡ്യയിൽ ക്രിസ്തീയവേല ചെയ്യുന്നത് മറ്റൊരു ജോലിയും തങ്ങൾക്കു കിട്ടാതിരുന്നത് നിമിത്തമാണ്. അതിനാൽ അവർക്ക് അത് ഒരു വിളിയായിട്ടല്ല, തൊഴിലായിട്ടാണ് തീരുന്നത്.

(iii) തങ്ങളുടെ ലൗകികമായ ജോലിയിൽ വിശ്വസ്തരായിരിക്കുവാൻ പാടുപെടുന്ന മറ്റു ക്രിസ്ത്യാനികൾക്കു പ്രയോഗികസത്യങ്ങൾ ഉപദേശിച്ചു കൊടുക്കുവാനാവശ്യമായ അനുഭവസമ്പത്തും ലൗകികമായൊരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കേ ഉണ്ടാവുകയുള്ളൂ.

3 ദൈവം ഒരുവനെ പൂർണ്ണസമയ പ്രവർത്തനത്തിനായി വിളിക്കുമ്പോൾ താൻ വിളിക്കുന്ന പ്രവർത്തനത്തിനായി ചില ആത്മവരങ്ങൾ നേരത്തേ തന്നെ ദൈവം അവനു നൽകിയിരിക്കും. അതിനാൽ ദൈവം യഥാർത്ഥമായും നിങ്ങളെ വിളിക്കുന്നുവെങ്കിൽ നിങ്ങൾ ലൗകികജോലിയിലായിരുന്ന സമയത്തുതന്നെ ഫലകരമായ നിങ്ങളുടെ അദ്ധ്വാനത്തെപ്പറ്റി ദൈവം സാക്ഷ്യം വഹിച്ചിട്ടുണ്ടാവും.

4 അവസാനമായി, നിങ്ങളുടെ ലൗകികമായ തൊഴിലിനൊപ്പം കർത്താവിന്റെ വേലയും കൂടെച്ചെയ്‌വാൻ വേണ്ടുവോളം സമയം ലഭിക്കാത്തതുമൂലമുള്ള സമ്മർദ്ദം ദുർവഹമായിത്തീരുമ്പോൾ മാത്രമേ നിങ്ങളുടെ ലൗകികജോലി ഉപേക്ഷിക്കുന്ന കാര്യം നിങ്ങൾ പരിഗണിക്കാവൂ. പല പൂർണ്ണ സമയപ്രവർത്തകരും യഥാർത്ഥമായി പൂർണ്ണസമയവും പ്രവർത്തിക്കുന്നവരല്ല. ഭൂരിഭാഗം സമയവും ഒന്നും ചെയ്‌വാനില്ലാത്തവരായി അവർ കഴിയുന്നു. അനന്തരം ചില സായാഹ്നങ്ങളിൽ ഏതാനും വീടുകൾ സന്ദർശിക്കുകയും ആഴ്ചയിൽ രണ്ടു മീറ്റിംഗുകളിൽ പങ്കെടുക്കുകയും മാത്രമാണ് അവർ ചെയ്യുന്നത്. നിങ്ങൾ ഇതുപോലെ ആയിത്തീരരുത്. അവരിൽ മിക്കവരും തങ്ങൾക്കു ലൗകികമായ ഒരു ജോലി ഉണ്ടായിരുന്നപ്പോൾ കർത്താവിനു വേണ്ടി കൂടുതൽ പ്രവർത്തിച്ചിരുന്നു. അപ്രകാരമുള്ള മടിയന്മാരായ വേണ്ടി കൂടുതൽ പ്രവർത്തിച്ചിരുന്നു. അപ്രകാരമുള്ള മടിയന്മാരായ "പൂർണ്ണസമയപ്രവർത്തകരെ" പിശാച് തനിക്കു പ്രവർത്തിക്കുവാൻ പറ്റിയ 'നല്ലവിളഭൂമിക'ളായി കണ്ടെത്തിയെന്നുവരാം. എല്ലാ ദിവസവും തങ്ങൾക്കു ചെയ്യുവാൻ വേണ്ടുവോളം ജോലിയില്ലാത്തതുമൂലം വ്യർത്ഥസംസാരം, വ്യഭിചാരം തുടങ്ങി എല്ലാത്തരം പാപങ്ങൾക്കും അവർ ഇരയായിത്തീർന്നെന്നും വരാം.

ദൈവം ഇന്ന് തന്റെ രാജ്യത്തിന്റെ പ്രമാണങ്ങൾ ചുറ്റുമുള്ള ലോകത്തിനു കാട്ടിക്കൊടുക്കുവാൻ കഴിവുള്ള ശിഷ്യന്മാർക്കും സഭകൾക്കുമായി നോക്കിപ്പാർത്തിരിക്കയാണ്. നമുക്ക് പൂർണ്ണഹൃദയത്തോടെ അവിടുത്തെ വിളികേൾക്കാം.

**കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.**

## ഗ്രന്ഥകാരന്റെ ഇതര കൃതികൾ

1 ഇളകാത്ത അടിസ്ഥാനം
2 ദൈവഹിതപ്രകാരമുള്ള പ്രാർത്ഥന (എങ്ങനെ പ്രാർത്ഥിക്കണം)
3 അദ്ഭുതസത്യങ്ങൾ
4 മുൻഗണന ഏതിന്?
5 സെക്സ്, പ്രേമം, വിവാഹം
6 യേശു ജീവിച്ചതുപോലെ
7 ജയജീവിത രഹസ്യങ്ങൾ
8 അന്തിമവിജയം
9 ദൈവത്തിന്റെ അംഗീകാരം ശോധനകളിലൂടെ
10 പുതുവീഞ്ഞ് പുതിയ തുരുത്തിയിൽ
11 സമ്പൂർണ്ണ ജീവിതം (ഗിരിപ്രഭാഷണം - ഒരു പഠനം)
12 നിങ്ങളുടെ പ്രതിയോഗിയെ അറിയുക
13 യഥാർത്ഥ സത്യം
14 വെണ്ണീറിനു പകരം ദിവ്യസൗന്ദര്യം
15 ദൈവത്തിന് ആവശ്യമുള്ള മനുഷ്യൻ
16 പുതിയ നിയമത്തിലെ ദൈവഭൃത്യൻ
17 സമ്പൂർണ്ണ സുവിശേഷം
18 ദൈവഹിതം കണ്ടെത്തുക

*കോപ്പികൾക്ക് ബന്ധപ്പെടുക:*

**ജീവമൊഴി പബ്ലിക്കേഷൻസ്**
**യു. സി. കോളേജ് പി. ഓ.,**
**ആലുവാ - 683102, കേരളം**
**ഫോൺ: 0484 - 2604384, 0481 - 2392753, 0471 - 2530101**